2021 ആഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ | ത്രൈമാസിക | ₹ 10

# നക്ഷത്രരാജ്യം

ത്രൈമാസിക

The National, St... ...s Kerala & India

Cinema Sports Arts & Literature



പി.ആർ. നാഥൻ
ശ്രീധരനുണ്ണി
ഭാസി മലാപ്പറമ്പ്
മുണ്ട്യാടി ദാമോദരൻ
പൂനൂർ കെ കരുണാകരൻ
എം.കെ. രവീന്ദ്രൻ വൈദ്യർ
വിനോദ്കുമാർ ദാമോദർ
നക്ഷത്രരാജ്യം ഇ രാധാകൃഷ്ണൻ
രജികുമാർ പുലക്കാട്
കവിത എസ്.കെ
അഷറഫ് നെടിയനാട്
ജ്യോതിഷരത്നം പി. സുരേഷ്ബാബു

2021 ആഗസ്റ്റ് 24 ന് ലോകത്തോട് വിടപറഞ്ഞ മുൻ ഇന്ത്യൻ ദേശീയ ഫുട്ബോൾ ടീമിലെ മലയാളി ഇതിഹാസതാരം



## ഒ. ചന്ദ്രശേഖരന് ആദരാഞ്ജലികൾ


BABY ASSOCIATES
Aluminium Fabrication & Glass Work
www.babyassociates.in
babyassociates@gmail.com
Jazz Building, Opp. Coronation Theatre
Makkolath Road, Calicut-04
Branch : Kovoor
9847 00 13 39
9447 33 88 77
9645 30 57 17
7012 72 49 17
/babyassociates


Occassions
Do it with flowers..!
Stage Decoration
Car Decoration
Bouquets
Flower Vases
Associated Flowers
Gifts
occassions.flowers@gmail.com
Near YMCA Junction, Opp. Punjab National Bank, Kannur Road, Kozhikode - 1
Mob: Sreejesh K.V - 8606 46 47 00, 9447 44 60 08


Kausthubham
Electrical, Plumbing, Maintenance work
2nd Floor, Al Ameen Building,
East Kottaparamba, Kozhikode - 2
Poovangal, Kommeri P.O
Kozhikode - 7
kausthubam82@gmail.com
Rijeesh K (Licence No: 87029) 9961 536 464, 8086 841 982


രുചികരമായ ഭക്ഷണ പദാർത്ഥങ്ങൾക്ക്
രുചിപ്പുര
വനിതാ കാന്റീൻ
ബാലാജി കോട്ടേജ്
അച്യുതൻ ഗേൾസ് ഹൈസ്കൂളിന് സമീപം
കോഴിക്കോട് 2, ഫോൺ : 8139 03 94 48




മുഖചിത്രം
മീന
(ഫിലിം സ്റ്റാർ)


**Nakshatra Rajyam**

**TRI Monthly (QUARTERLY) Magazine**

**2021 AUGUST, SEPTEMBER,OCTOBER**

**RNI Title Code: KERMAL 16195 Dt: 22-06-2018**

**Issue 13 volume 3**

**Managing Editor, Publisher &**
**Owned by**
**Nakshthrarajyam E. Radhakrishnan**
**Edoli House, Kommeri P.O**
**Kozhikode- 673007, Kerala**

**Address**
**Managing Editior**
**NAKSHATHRA RAJYAM**
**P.B. No.1205**
**Mankave P.O., Kozhikode - 7**
**Kerala, India**
**Mob: 98 47 64 95 67**
**97 44 23 39 97**
**e-mail: nakshathrarajyam@gmail.com**

**WEB**
**www.nakshathrarajyameradhakrishnan.in**

**LAYOUT**
**Nakshthrarajyam E. Radhakrishnan**

**COVER**
**Sayooj Mayanad**

**Price 10.**


## എഡിറ്റോറിയൽ



**നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ**

# കേരളം

2021 ലെ ഓണം കഴിഞ്ഞു. വിഷു ഏപ്രിൽ മാസത്തിലും, പെരുന്നാൾ ജൂലായ് മാസത്തിലുമായ് മുന്നെ കഴിഞ്ഞു. കേരളത്തിലിനി 2021 ലെ ആഘോഷങ്ങളിൽ അവശേഷിക്കുന്നത് നവരാത്രി മഹോത്സവവും, ദീപാവലിയും, ക്രിസതുമസും മാണ്. കോവിഡ് മൂലം 2021 ലും 2020ലും ജനങ്ങൾ സാമ്പത്തിക പരാധീനതയോടെയെങ്കിലും ആഘോഷമായിത്തന്നെ വിഷുവും, പെരുന്നാളും, ഓണവും, ക്രസ്തുമസ്സും ആഘോഷിച്ചു. ഇനിയുള്ള വർഷങ്ങളിലും ജനങ്ങൾ അങ്ങിനെ തന്നെയാവും. അവർക്ക് അതു മാത്രമാണല്ലോ ആഘോഷപൂർവ്വം നടത്താനുള്ള പ്രധാന ദിവസങ്ങൾ. വീടുവിട്ടിറങ്ങി അന്യജില്ലകളിലേക്കും സംസ്ഥാനങ്ങളിലേക്കും യാത്ര ചെയ്യാൻപറ്റാത്ത നിയന്ത്രണം. തീർത്ഥാടനമില്ല. വിനോദ സഞ്ചാരമില്ല. വീട്ടിലും നാട്ടിലും എല്ലാവർക്കും നിയന്ത്രണം. സ്വതന്ത്രമായി ജീവിക്കുവാനും, സഞ്ചരിക്കുവാനും, തീർത്ഥാടനം ചെയ്യുവാനും, വിനോദ സഞ്ചാരത്തിനു യ്ത്രചെയ്യുവാനും ആഗ്രഹിക്കുന്നവർക്ക് ഇതൊരു ദുസ്ഥിതിയാണ്. അടിച്ചമർത്തപ്പെടാതിരിക്കാനാഗ്രഹിക്കുന്നവർ മാനസികമായി അസ്വസ്ഥമാകുന്ന കാലം.

ഇനിയുംവരും മാസങ്ങളിലെങ്കിലും ജനങ്ങൾക്ക് ഇത്തരത്തിലുള്ള ദുസ്ഥിതി രാജ്യത്തുണ്ടാകാതിരിക്കാൻ ഭരണകൂടം ശ്രമിക്കണം. ശ്രമിച്ചാൽ പോര. അതു സാധ്യമാക്കണം. അപ്പോഴേ ജനങ്ങൾ ഭരണകൂടത്തിൽ വിശ്വാസമർപ്പിക്കൂ. ഭരണകൂടത്തെ ശ്രദ്ധിക്കൂ. ജനങ്ങൾക്ക് രാഷ്ട്രീയ അനാഥത്വം ഉണ്ടാകാതെ നോക്കേണ്ടത് ഭരണകൂടങ്ങളാണ്. രാഷ്ടീയ പാർട്ടികളിലൂടെയാണല്ലൊ ഭരണകൂട നിർമ്മിതി രാജ്യത്ത് ഉണ്ടാകുന്നത്. എല്ലാവരേയും വിശ്വാസത്തിലെടുത്തുള്ള ഒരു ഭരണനിയന്ത്രമാണുണ്ടാകേണ്ടത്. ഭരണകൂടത്തെ ശ്രദ്ധിക്കുന്നവരിൽകൂടി രാജ്യം പുരോഗതി പ്രാപിക്കട്ടെ! കേരളം മുന്നേറ്റം പ്രാപിക്കട്ടെ!.

**മാനേജിംഗ് എഡിറ്റർ**

ലേഖനം



വിനോദ്കുമാർ ദാമോദർ

# മയിലുകൾ വർദ്ധിക്കുന്ന കേരളം



**മനുഷ്യവാസ സ്ഥലത്തിനടുത്ത് എത്തുന്ന മയിലുകൾ**

**പ**ണ്ട് കാലത്ത് കേരളത്തിൽ വനങ്ങളിൽ മാത്രം കണ്ടിരുന്ന മയിലുകളെ ഇപ്പോൾ വയലുകളിലും ജനങ്ങൾ തിങ്ങിപാർക്കുന്ന പ്രദേശങ്ങളിലും കണ്ടുവരുന്നു. ഇതിനുള്ള കാരണങ്ങളെപ്പറ്റി കേരള അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയിലെ വന്യജീവി വിഭാഗം നടത്തിയ പഠനം ചില സുപ്രധാന കണ്ടുപിടുത്തങ്ങളാണ് നടത്തിയത്. പണ്ടുകാലത്ത് വനമേഖലകളിൽ മാത്രം കണ്ടിരുന്ന ഇവ ഇന്ന് ജനങ്ങൾ തിങ്ങിപാർക്കുന്ന മേഖലകളിൽ പോലും സുഖമായി വിലസുന്നു. ശാസ്ത്രനാമമായ പാവോ ക്രൈസ്റ്റാറ്റസ് എന്നറിയപ്പെടുന്ന ഇവ അധികവും ഇത്തരത്തിൽ വനമേഖല വിട്ടുവരുവാൻ പ്രധാന കാരണമാണ് കാലാവസ്ഥ വ്യതിയാനം.

കാലാവസ്ഥയിൽ വരുന്ന വ്യതിയാനം പെട്ടെന്ന് മനസ്സിലാക്കാൻ കഴിവുള്ള ജീവജാലങ്ങളിൽപെടുന്ന ഒരു വിഭാഗമാണ് പക്ഷികൾ.

കേരളത്തിലാണ് മയിലുകൾ ഏറ്റവും അധികം കാണപ്പെടുന്നത്. 1933-ൽ പക്ഷി സർവ്വേകൾ ആദ്യമായി നടത്തിയിരുന്ന കാലത്ത് കേരളത്തിൽ ഒരൊറ്റ മയിലും ഉണ്ടായിരുന്നില്ല. എന്നാൽ ഇന്ന് കേരളത്തിൽ ഇരുപത് ശതമാനം മേഖലകളും മയിലുകൾ എപ്പോഴും എത്തിപ്പെടാവുന്ന ഇടങ്ങളാണ്. മനുഷ്യനുമായി സ്ഥിരം ഏറ്റുമുട്ടലിന് സാധ്യതയുള്ള ഒരു പക്ഷിയായി കേരളത്തിൽഇത് മാറികൊണ്ടിരിക്കുകയാണ്. പല കൃഷിയിടങ്ങളിലും ഇത് നാശമുണ്ടാക്കുന്നുണ്ട്.

തൃശ്ശൂർ ജില്ലയിലാണ് മയിലുകൾ ഏറ്റവും അധികം പഴയ തറവാട്ടു വളപ്പുകളിൽപോലും കണ്ടുവരുന്നത്.

കഴിഞ്ഞ ദിവസമാണ് ഒരു മയിൽ പറന്നു ഒരു ബൈക്ക് യാത്രകാരന്റെ ബൈക്കിൽ ഇടിക്കുകയും അയാൾ തൽക്ഷണം ബൈക്ക് മറിഞ്ഞു മരിക്കുകയുംസഹയാത്രികയ്ക്കു ഗുരുതരമായ പരിക്കുപറ്റി ആശുപത്രിയിലാകുകയും ചെയ്ത സംഭവം നടന്നത്. ഇടിയുടെ ആഘാതത്തിൽ



നെൽപാടങ്ങളിൽ ഇറങ്ങി കൃഷിനാശം ഉണ്ടാക്കുന്ന മയിലുകളുടെ എണ്ണം കേരളത്തിൽ വർദ്ധിച്ചു വരുന്നു.

തെറിച്ചുവീണ മയിലും റോഡിൽ വെച്ചു തന്നെ ചത്തു.

മറ്റു പല സംസ്ഥാനങ്ങളിലും ഇത്തരത്തിൽ മയിലുകൾ കൃഷിയിടങ്ങളിലേയ്ക്ക് ഇറങ്ങി വരുന്നുണ്ട്. അവയെ ധാരാളമായി കൊന്നു തിന്നാറുമുണ്ട്. അവയുടെ പീലികൾ പലരും കേരളത്തിൽ കൊണ്ടുവന്നു വിൽക്കാറുമുണ്ട്. പീലിയുടെ ഉറവിടത്തെ കുറിച്ച് ആരെങ്കിലും അന്വേഷിച്ചാൽ ഇവ കൊഴിഞ്ഞുവീണ പീലികളാണെന്ന് പറയും. പഴയ കടലാസ്സു മാത്രമെ അവരുടെ കൈയ്യിൽ കാണു. എന്നാൽ കേരളത്തിൽ ഇവയെ ആരും ഉപദ്രവിക്കാറില്ല. ദേശിയപക്ഷിയായതുകൊണ്ടും, വനൃജീവി സംരക്ഷണ നിയമം അനുസരിച്ച് സംരക്ഷിതമായതുകൊണ്ടും കേരളത്തിൽ ഇവയുടെ സുരക്ഷ ഉറപ്പു വരുത്തിയിരിക്കുകയാണ്. അതും ഇവയുടെ എണ്ണം വർദ്ധിക്കുവാൻ കാരണമായിരിക്കുന്നു.

ഇപ്പോൾ വനം വന്യജീവി വകുപ്പ് പുതിയ ഒരു അഭിപ്രയവുമായി മുന്നോട്ടുവന്നിരിയ്ക്കുകയാണ്. അവർ ഉദ്ദ്യേശിക്കുന്ന പ്രധാന കാര്യം മുൻപ് ചില പ്രദേശങ്ങളിൽ സ്ഥിരം ശല്യം ചെയ്യുന്ന കാട്ടു പന്നികളെ വെടിവെയ്ക്കാൻ അനുവാദം നല്കിയതു പോലെ ചില മേഖലയിലെ മയിലുകളെ കുറച്ചെണ്ണത്തിനെ വെടി വെയ്ക്കാൻ അനുവാദം നൽകുകയെന്നതാണ്.



എന്നാൽ മറ്റു വന്യമൃഗങ്ങളിൽ നിന്നും വ്യത്യസ്തമായ പ്രശ്നങ്ങളുണ്ട് ഇതിന്. മയിലുകൾ വന്യപക്ഷികളുടെ കൂട്ടത്തിൽ ഏറ്റവും സംരക്ഷിതമായ ഇനത്തിൽ അതായത് ഷെഡ്യൂൾ ഒന്നിൽ പെടുന്നതിനാൽ ഇവയുടെ കാര്യത്തിൽ തീരുമാനം കുറച്ചു ബുദ്ധിമുട്ടായിരിക്കും.

കർഷകർ പറയുന്നത് ഏറ്റവും അധികം കൃഷിനാശം ചെയ്യുന്നതിൽ മയിലുകൾ മുൻപന്തിയിലാണെന്നാണ്. പലപ്പോഴും ഉന്നതപരിഗണനയിൽ സംരക്ഷിതമായതുകൊണ്ട് തന്നെ പലരും ഇവയുടെ കാര്യം അധികം പറയാറില്ല. എന്തുതന്നെയായാലും സംസ്ഥാന വൈൽഡ് ലൈഫ് വാർഡന്റെ തീരുമാനം അന്തിമമാണ്.

സ്പോർട്സ്



ഭാസി മലാപ്പറമ്പ്

# ഒളിംപ്യൻ ചന്ദ്രശേഖരൻ: എന്റെ സുഹൃത്ത്: സ്വർഗ്ഗ പുത്രനും



**കാ**യിക മേഖലകളിലും കലാ മേഖലയിലും ഉള്ള സ്നേഹബന്ധങ്ങൾ സ്വകുടുംബ മേഖലയിലെ സ്നേഹബന്ധങ്ങളോടൊപ്പം ഹൃദയത്തിൽ സൂക്ഷിക്കുന്ന ഒരു വികാര ജീവിയാണ് ഈ ലേഖകൻ. മറ്റു തലങ്ങളിലുള്ള സ്നേഹബന്ധങ്ങൾ ബുദ്ധിമണ്ഡലബന്ധം കൂടിയാകുന്നു എന്ന കാരണത്താൽ കായിക, കലാ മണ്ഡല ബന്ധങ്ങൾ ഹൃദയബന്ധങ്ങളും ഇതര ബന്ധങ്ങൾ ബുദ്ധിമണ്ഡല ബന്ധങ്ങളും ആകുന്നു എന്ന വ്യക്തിപരമായ വ്യാഖ്യനത്തിന്റെ ഉടമ.


ഒളിംപ്യൻ ചന്ദ്രശേഖരനുമായി പുലർത്തിയിരുന്ന സൗഹൃദബന്ധം കുടുംബമേഖലയിലെ ബന്ധം പോലെത്തന്നെ ഹൃദയത്തിൽ സൂക്ഷിച്ച വ്യക്തിയാണ് ഞാൻ. എർണാകുളം ഭാഗങ്ങളിലേക്ക് യാത്ര ചെയ്യുന്ന അവസരങ്ങളിൽ ഇരിഞ്ഞാലക്കുടയിൽ ഒ. ചന്ദ്രശേഖരന്റെ വസതിയിൽ കയറുന്നത് ഒരു പതിവുരീതിയാക്കിയ ആൾതന്നെ! ഫോൺ സംഭാഷണങ്ങളും ഞങ്ങളുടെ സൗഹൃദവന്ധത്തിന്റെ തുടർച്ച തന്നെയായി നിലനിന്നിരുന്നു! ഒരു മുൻ ഫുട്ബോളർ കൂടിയായ എനിയ്ക്ക് ചന്ദ്രശേഖരന്റെ ഫുട്ബോൾ പ്രകടനങ്ങൾ കോഴിക്കോട് വെച്ചും കേരളത്തിലേയും തമിഴ്നാട്ടിലേയും അഖിലേന്ത്യാ ടൂർണ്ണമെന്റുകളിൽ വെച്ചും നേരിട്ടു കാണാനുള്ള ധാരാളം അവസരങ്ങൾ കൈവന്നിട്ടുണ്ട് എന്ന് പ്രസ്താവിക്കുന്നത് ഞങ്ങൾ തമ്മിൽ കൈവരിച്ചിട്ടുള്ള സൗഹൃദബന്ധത്തിന്റെ പൊലിമകൂടിയാണെന്ന് ഇവിടെ കുറിയ്ക്കട്ടെ. ഇന്ത്യൻ ഫുട്ബോളിൽ കാൾടെക്സ (മുംബൈ)







ഒളിംപ്യൻ ചന്ദ്രശേഖരൻ




ഒളിംപ്യൻ ചന്ദ്രശേഖരന്റെ കുടുംബാംഗങ്ങൾ

ടീമിൽകൂടി സുവർണ്ണരേഖകൾ പതിപ്പിച്ച ഫുട്ബോളറാണ് ചന്ദ്രശേഖരൻ. ഇന്ത്യക്ക് ഒളിംപിക്ക് ഫുട്ബോൾ തലത്തിൽ രജതരേഖകൾ പതിയ്ക്കുവാൻ വളരെ ധൈര്യപുത്രനായി പ്രകടനം നടത്തിയ, എതിരാളികളെ നേർവഴി പ്രകടനത്തിൽ കൂടിത്തന്നെ പരാജയപ്പെടുത്തുന്നതാണ് യഥാർത്ഥ സ്പോർട്സ്മാൻ സ്പിരിറ്റ് എന്ന വിശ്വാസിയായ ഫുട്ബോളർ തന്നെ!

ഇന്ത്യൻ ഫുട്ബോൾ ചരിത്രത്തിൽ "ഡിഫൻസ് പൊസിഷനി"ൽ കളിച്ച് പുറംരാഷ്ട്ര മേഖലകളിൽ സുവർണ്ണ രേഖകൾ ഉണ്ടാക്കിയ കളിക്കാരുടെ എണ്ണം വളരെയേറെ ഉണ്ടെന്ന് ഇന്ത്യയ്ക്ക് അഭിമാനിക്കുവാൻ മാത്രമില്ല എന്നത്





ഒരു ഫുട്ബോൾ സത്യം തന്നെയാണ്. ഇന്ത്യയുടെ മികച്ച ഡിഫൻസ് കളിക്കാരനായി വിദേശ മേഖലകളിൽ സ്വർണ്ണരേഖകൾ ഉണ്ടാക്കിയ ശൈലൻ മന്ന, ടി. അബ്ദുൾ റഹിമാൻതുടങ്ങിയവർക്കൊപ്പംനിൽക്കുന്ന സുവർണ്ണ കളിക്കാരൻ തന്നെയാണ് ചന്ദ്രശേഖരൻ!

ചന്ദ്രശേഖരന്റെ ഫുട്ബോൾ ജീവിതത്തിലെ വിശദ രേഖകൾ പ്രകാരമുള്ള ഫുട്ബോൾ നേട്ടങ്ങൾ മാത്രം ഞാൻ ഇവിടെ കുറിക്കുകയാണ്.

**ഇരിഞ്ഞാലക്കുടയിൽ ഓടാംപിള്ളി ഹൌസിൽ വി. രാമൻ മേനോന്റേയും മീനാക്ഷി അമ്മയുടേയും ആറ് സന്തതികളിൽ രണ്ടാമത്തെ മകനാണ് ചന്ദ്രശേഖരൻ. 1935 ഏപ്രിൽ 28 ന്നാണ് ജനനം. 1966ൽ വിവാഹിതനായി. ചന്ദ്രശേഖരൻ-വിമല ദമ്പതികൾക്ക് രണ്ടു പുത്രന്മാരും ഒരു പുത്രിയുമാണുള്ളത്-സുനിൽ, സുധീർ, സുമ.**

**ചന്ദ്രശേഖരന്റെ ആത്മാവ് സ്വർഗ്ഗ സീമയിലെത്തും എന്ന ആത്മവിശ്വാസം പുലർത്തുന്നു എന്നതുകൂടി ഇവിടെ കുറിക്കട്ടെ.**

## I കോളേജ്, യൂണിവേഴ്സിറ്റി ഫുട്ബോൾ

എർണാകുളം മഹാരാജാസ് വിദ്യാർത്ഥിയായിരിക്കെ തിരുവിതാംകൂർ - കൊച്ചി യൂണിവേഴ്സിറ്റി ടീമിനുവേണ്ടി കളിച്ച വർഷങ്ങൾ: - 19554 - 1956

## II ക്ലബ്ബ് ജഴ്സികൾ :

1). മുംബൈ കാൾടെക്സ് ക്ലബ്ബ് - 1956 മുതൽ 1966 വരെ
2). മുംബൈ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ ടീം - 1966 മുതൽ 1973 വരെ

## III ഇന്ത്യൻ ദേശീയ ടീം ജഴ്സികൾ (1958 മുതൽ 1966 വരെ)

1). ഒളിംബിക് ഫുട്ബോൾ (റോം, ഇറ്റലി) - 1960
2). ഏഷ്യൻ ഗെയിംസ്, ജക്കാർത്ത - 1962 (ഇന്ത്യ സ്വർണ്ണ മെഡൽ വിജയികൾ)
3). ഏഷ്യൻ ഗെയിംസ്, ടെൽ അവീവ് - (ഇന്ത്യ സിൽവർ മെഡൽ)
4). ഒളിംപിക്ക് ഫുട്ബോൾ - 1964 (ടോക്കിയോ-ജപാൻ)
5). മെർദേക്കാ കപ്പ്, മലയേഷ്യ - 1958 മുതൽ 1966 വരെ (രണ്ടുതവണ)


കവിത



മുണ്ട്യാടി ദാമോദരൻ

# ആട്ടിയുറക്കുന്ന ബസ്സുകൾ

**തൊ**ട്ടിലാട്ടുവാനാരുണ്ട്! ജീവിതം
മെല്ലെയാടി നില്ക്കുവാൻ പോകവേ
വർഷമെത്രയയ്! പ്രായമറുപത്തി
യെട്ടിലെത്തുന്നിനിയാരെനോക്കുവാൻ!
അന്തമില്ലാതൊഴുകുന്ന ഗാർഹിക
ബന്ധനങ്ങളിൽ നിന്നൊഴിവാകുവാൻ
ഉച്ചതെറ്റുന്നനേരത്തു നിത്യവു-
മുച്ചമായ വെയിലത്തിറങ്ങി ഞാൻ
ബസ്സുകാത്തുനില്ക്കുന്നുണ്ടിരട്ടയിൽ
മണ്ടരാരോ കൊരുത്ത ബസ്റ്റോപ്പിലായി
രണ്ടിനും മൂന്നിനും മൂന്നരയ്ക്കുമായ്
നിശ്ചയം തെറ്റിയെത്തുന്ന വണ്ടിയിൽ
അമ്മയെപ്പുൽകിടന്നതു പോലെയാ
ബസ്സിലേറിയിരിയ്ക്കുന്നു സ്വസ്ഥമായ്



സുന്ദരമായി വീശുന്ന കാറ്റിലും
ഉള്ളുറങ്ങുമരമണികൂറിലും
സ്വച്ഛമായുറങ്ങുന്നു ഞാൻ ബസ്സിന്റെ
മന്ദമന്ത്രമാം കൊച്ചിളക്കത്തിലും
ഒറ്റയാകുന്ന നേരത്തിലീശ്വരൻ
എന്തരുമയ്ക്കുറക്കുന്നു നമ്മളെ!


തൊട്ടിൽതന്നെയീ വൈകിയ വേളയിൽ
എന്നുമാട്ടിയുറക്കുന്ന ബസ്സുകൾ!!

ലേഖനം



പൂനൂർ കെ. കരുണാകരൻ

# വിസ്മരിക്കപ്പെടുന്ന ചങ്ങമ്പുഴ






ജനനം – 10.10. 1911
മരണം – 17.06.1948

**കാ**ല്പനികഭാവങ്ങളുടെ സൗന്ദര്യവും, സംഗീതാത്മകമായ വാക്കുകളുടെ വശ്യതയും കൊണ്ടു മലയാള കവിതയ്ക്ക് പുതിയ ഭാവുകത്വം പകർന്നു നൽകിയ മഹാകവിയായിരുന്നുവല്ലോ ചങ്ങമ്പുഴ കൃഷ്ണപ്പിള്ള. കവിതയ്ക്കായി തിരഞ്ഞെടുക്കുന്ന പ്രമേയങ്ങൾക്ക് അതിന്നനുസരിച്ച ഗൗരവവും, ആഭിജാത്യവും വേണമെന്നും സംസ്കൃതപദങ്ങളോട് ചേർന്നു നിൽക്കുന്ന പദങ്ങളിലാവണം കവിത രൂപപ്പെടുത്തേണ്ടത് എന്നുമുള്ള പാരമ്പര്യ രീതിയെയാണ് ചങ്ങമ്പുഴ പൊളിച്ചെഴുതിയത്. സ്വാഭാവികമായും പാരമ്പര്യവാദികളുടെ കഠിനമായ എതിർപ്പിനെ അദ്ദേഹത്തിനു നേരിടേണ്ടി വന്നു. എന്നാൽ പുതുമയാർന്ന ശൈലിയുടേയും, ജനകീയമായ പ്രതിപാദ്യത്തിലൂടെയും വ്യത്യസ്തത പുലർത്തിയ ആ കവിതകൾ മഹാഭൂരിപക്ഷം വരുന്ന മലയാളികളും ഹൃദയപൂർവ്വം നെഞ്ചേറ്റി. അവരുടെമനസ്സിലും ചുണ്ടിലും അന്നുവരെ കവിതകളിൽനിന്നു ലഭിയ്ക്കാതിരുന്ന പ്രത്യേകമായ ഒരാനന്ദാനുഭൂതി അനുഭവപ്പെട്ടു. അങ്ങിനെ ചങ്ങമ്പുഴയും അദ്ദേഹത്തിന്റെ പ്രിയസുഹൃത്തും കവിയുമായിരുന്ന ഇടപ്പള്ളി രാഘവൻ പിള്ളയും ചേർന്നു മലയാള കവിതയിൽ ഒരു "ഇടപ്പള്ളി പ്രസ്ഥാനം" തന്നെ സൃഷ്ടിച്ചു. എഴുത്തും വായനയും അറിയുന്ന പരസഹസ്രം പേരുടേയും ആസ്വാദന തൃഷ്ണയ്ക്ക് അത് പുതിയ ദിശാബോധമുണ്ടാക്കി. ജീവിച്ചിരുന്ന കാലത്ത് ചങ്ങമ്പുഴ നേടിയെടുത്ത ജനപ്രീതി അൽഭുതാവഹമായിരുന്നു. ചൂടപ്പം പോലെ വിറ്റുപോവുക എന്നത് പഴയചൊല്ലാണെങ്കിലും, അത് അന്വർത്ഥമായത് അദ്ദേഹത്തിന്റെ പ്രസിദ്ധരചനയായ "രമണനി" ലൂടെയാണ്. കവിതയെ ആസ്വദിക്കുന്നവർ മാത്രമല്ല അല്ലാത്തവരും രമണന്റെ കോപ്പികൾ വാങ്ങി സൂക്ഷിച്ചുവച്ചു. കിട്ടാതെ പോയവർ നോട്ടു ബുക്കിൽ പുസ്തകം പകർത്തിയെഴതി: "രമണനി"ലെ ഒരു ഈരടിയെങ്കിലും മൂളാത്തവർ അന്നു അപൂർവ്വമായിരുന്നു. ഇന്നും ആ വരികൾ മനസ്സിൽ സൂക്ഷിയ്ക്കുന്നവർ ധാരാളമുണ്ട്. ഇത്തരത്തിൽ ഒരാവേശം സൃഷ്ടിക്കാൻ പിൽക്കാലത്തും സമീപകാലത്തും പുറത്തിറങ്ങിയ ഒരു കവിതാ പുസ്തകത്തിനും സാധിച്ചിട്ടില്ല. എന്നാൽ എതിർപ്പുകളെ അവഗണിച്ചുകൊണ്ട് മലയാള കവിതയെ ജനകീയവൽക്കരിക്കുന്നതിൽ ആദ്യചുവട് പതിപ്പിച്ച ആ മഹാകവിയെ സമുചിതമായ വിധത്തിൽ നാം ഓർമ്മിക്കുന്നുണ്ടോ? ഇല്ല എന്നതാണ് വാസ്തവം. 1948 ജൂൺ 17-ാം തിയ്യതിയാണ് അദ്ദേഹം നമ്മെ വിട്ടു കാലത്തിന്റെ മറുകരയിലേക്ക് കടന്നുപോയത്. പക്ഷേ ഇക്കഴിഞ്ഞ ജൂൺ 17ന്റെ ഓർമ്മ ദിനത്തിൽ സാഹിത്യ - സാംസ്കാരിക പ്രവർത്തകരിൽ ഒരാളുടെ അനുസ്മരണം പോലും നാം കേട്ടില്ല. ഒരു മാധ്യമവും അദ്ദേഹത്തിന്റെ ചരമദിനത്തെക്കുറിച്ചു ഒരു വരി പോലും എഴുതിയില്ല.

ഒരു ദുരന്ത കഥാപാത്രമായിരുന്നു മലയാളത്തിന്റെ മനം കവർന്ന ഈ ധിഷണാശാലി. ക്ലേശപൂർണ്ണമായിരുന്നു അദ്ദേഹത്തിന്റെ ബാല്യം. 1911 ഒക്ടോബർ മാസം 10-ാം തിയ്യതിയാണ് അദ്ദേഹം ജനിച്ചത്. ഇടപ്പള്ളി ചങ്ങമ്പുഴ വീട്ടിൽ ശ്രീമതി പാറുക്കുട്ടി അമ്മയുടേയും മട്ടാഞ്ചേരിക്കാരനായ നാരായണ മേനോന്റേയും ആദ്യ സന്താനമായായിരുന്നു ജനനം. സ്കൂൾക്കുട്ടിയായിരിക്കേ തന്നെ സംഭവിച്ച പിതാവിന്റെ അകാല

വിയോഗം കുടുംബത്തിന്റേയും ചങ്ങമ്പുഴയുടേയും ജീവിതത്തെ ദുരിതപൂർണ്ണമാക്കി. എങ്കിലും ഈ വിഷമാവസ്ഥയിലും സ്ക്കൂൾ വിദ്യാഭ്യാസവും, ബി. എ. ഓണേഴ്സ് നേടി കലാശാലാ വിദ്യാഭ്യാസവും അവസാനിപ്പിയ്ക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. തുടർന്നു ജിവിത വൃത്തിയ്ക്കായി ഒരു ജോലി നേടാനുള്ള ശ്രമമായിരുന്നു. ഈ പരിശ്രമം അദ്ദേഹത്തെ കൊണ്ടുചെന്നെത്തിച്ചത് സൈനിക സേവനത്തിലേയ്ക്കാണ്. കുറെ കഴിഞ്ഞപ്പോൾ അതുപേക്ഷിച്ച് നിയമ പഠനത്തിനായി മദിരാശിയിലെത്തി. പലകാരണങ്ങളാൽ അതും ഉപേക്ഷിച്ച് വീണ്ടും നാട്ടിലെത്തി. പിന്നീടാണ് മംഗളോദയം മാസികയുടെ സഹപത്രാധിപരായത്.

ക്ലേശപൂർണ്ണമായ ബാല്യകാലവും മനഃസ്സമാധാനം നഷ്ടപ്പെട്ട കൗമാരവുമായിരുന്നു അദ്ദേഹത്തിന്റേത്. അതോടൊപ്പം കുത്തഴിഞ്ഞ ജീവിതാവസ്ഥകളും കൂടിയായപ്പോൾ ആ തകർച്ച പൂർണ്ണമായി. നിയന്ത്രണമില്ലാത്ത ജീവിതം അദ്ദേഹത്തിന്റെ സാമ്പത്തിക നിലയേയും അനാഥമാക്കി. രോഗവും അദ്ദേഹത്തിനുമേൽ പിടിമുറുക്കി. ചികിത്സയ്ക്കായി സുഹൃത്തുക്കളും സഹൃദയരും കഴിയുന്നത്ര സഹായങ്ങൾ എത്തിച്ചുവെങ്കിലും അതുകൊണ്ടൊന്നും ഫലമുണ്ടായില്ല. ഒടുവിൽ തൃശ്ശൂരിൽ മംഗളോദയം നേഴ്സിംഗ് ഹോമിൽ വെച്ച് മലയാളത്തിന്റെ പ്രിയങ്കരനായ മഹാകവി നമ്മെ വിട്ടുപിരിഞ്ഞു; അതും മുപ്പത്തിയേഴു വയസ്സു തികയും മുമ്പ്.

പ്രേമത്തെപ്പറ്റിയും, പ്രേമ നിരാസത്തെപ്പറ്റിയും മാത്രമല്ല, പ്രകൃതിയെപ്പറ്റിയും സമൂഹത്തിന്റെ താഴെത്തട്ടിലുള്ള പതിതരെപ്പറ്റിയുമൊക്കെ അദ്ദേഹം കവിതകളെഴുതി. വികാരവിചാരങ്ങളുടെ വേലിയേറ്റത്തിൽ പരസ്പരവിരുദ്ധമായ ആശയങ്ങൾ അദ്ദേഹത്തിൽ നിന്നുണ്ടായിട്ടുണ്ട്. അത് ഈ മനസ്സിന്റെ ചാഞ്ചല്യത്തിന്റെ പ്രതിഫലനമായിരുന്നു. "ബാഷ്പാഞ്ജലി" എന്ന കവിതാ സമാഹാരത്തിൽ ആമുഖമായി എഴുതിയ "പ്രസ്താവന" എന്ന കവിത അദ്ദേഹത്തിന്റെ സംക്ഷിപ്തമായ ജീവിതക്കുറിപ്പാണ്.

**ശരിയായിരിയ്ക്കാം - ഈ ലോകമേറ്റം**
**നിരുപമാനന്ദ മായിരിയ്ക്കാം**
**പ്രബലപ്രതാപാദി ജീവിതമാം**
**നറുപാൽക്കടലിൽ തരംഗമാകാം**
**ഹതഭാഗ്യൻ ഞാൻ പക്ഷെ കണ്ടതെല്ലാം**
**പരിതപാച്ഛാദിതമായിരുന്നു**
**സതതമെൻ കാതിൽ പതിച്ചതെല്ലാം**
**കരുണതൻ രോദനമായിരുന്നു**
**എരിയുമെന്നാത്മാവിലേറ്റതെല്ലാം**
**ചുടുനെടുവീർപ്പുകളായിരുന്നു.**

"അടുത്തപ്രഭാതം എന്ന കവിത കൂടി ഇതിനോട് ചേർത്ത് വായിയ്ക്കാം.

**കാണുന്നതെന്താണെൻ ചുറ്റുമയ്യോ**
**പ്രേമ നിശൂന്യമാമന്തരീക്ഷം**
**ഈ വിഷവായുവേറ്റെത്രനേരം**
**ജീവചൈതന്യമേ നീയിരിയ്ക്കും**
**പുഞ്ചിരികൊണ്ടു പൊതിഞ്ഞവക്ത്രം**
**വഞ്ചനകൊണ്ടു നിറഞ്ഞചിത്തം**
**ഭിന്നവർണ്ണങ്ങളിലിപ്രകാര-**
**മൊന്നിനും കൊള്ളാത്ത മർത്ത്യ ചിത്രം**
**കഷ്ടം, പുരോഗതിയെന്നിതിനെ**
**മിത്യാഭിമാനമേ, നീ വിളിപ്പൂ.**

മലയാളിയുടെ മനസ്സിൽ എന്നും മായാതെ നില്ക്കുന്ന മഹാനായ ആ കവിയെ നമുക്ക് മറക്കാതിരിക്കാം.

<>

## കവിത



ശ്രീധരനുണ്ണി

# പരസ്യപ്പെരുമ

**ഏതരി കടയിൽ പോയ്**
**നമ്മൾ വാങ്ങണമെന്നും**
**ഏതു പാൽ, കുളി സോപ്പ്**
**പലവ്യഞ്ജനം, ഏതു**
**കോക്കനട്ട് ഓയിൽ നമ്മൾ**
**വാങ്ങിക്കൂട്ടണമെന്നും**
**സിനിമാനടി (നടൻ) വന്നു**
**പരസ്യം പറഞ്ഞാലെ**
**മലയാളികൾക്കിന്ന്**
**തൃപ്തിയാവുകയുള്ളു**
**അവരോതിയാൽ പിന്നെ**
**മറ്റൊന്നും നോക്കാനില്ല**

**വരുവിൻ വാങ്ങിക്കൂട്ടിൻ**
**ഈ കേസിലപ്പീലില്ല**
**പത്രമാധ്യമങ്ങളിൽ**
**ദൃശ്യ മാധ്യമങ്ങളിൽ**
**ശ്രാവ്യ മാധ്യമങ്ങളിൽ**
**നവ മാധ്യമങ്ങളിൽ**
**അത്തരം പരസ്യങ്ങൾ**
**കണ്ടറിഞ്ഞാനന്ദത്താൽ**
**മത്തടിച്ചടിപൊളി**
**യാക്കണം നമുക്കിനി.**

ലോകവിചാരം



പി.ആർ. നാഥൻ

# രാഘവൻ മാസ്റ്ററുടെ കുടുംബം



രാഘവൻ മാസ്റ്ററുടെ ജീവിതത്തെക്കുറിച്ച് ഇത്രയുമൊക്കെ ചിന്തിക്കാൻ കാരണമുണ്ട്. നമ്മുടെയൊക്കെ ജീവിതം അദ്ദേഹത്തിന്റേതുമായി തട്ടിച്ചു നോക്കുന്നത് നല്ലതാണ്. ഏതാണ് നല്ല ജീവിതം എന്ന ചോദ്യത്തിന് വ്യക്തമായി ഒരു ഉത്തരം പറയാൻ കഴിയുകയില്ല. ഒരാളുടെ വിജയത്തെ മറ്റൊരാൾ പരാജയമായിട്ടല്ലെ കാണുക?

എങ്കിലും ജീവിത വിജയത്തിന് ചില പൊതു മാനദണ്ഡങ്ങളുണ്ടല്ലൊ. അത്തരമൊരു വീക്ഷണത്തിലൂടെ നമുക്ക് അറുപത്തിയഞ്ചുകാരനായ രാഘവൻ മാസ്റ്ററെ വിലയിരുത്താം. അദ്ദേഹം ഒരു ഗവൺമെന്റ് സ്ക്കൂളിലെ ഹെഡ്മാസ്റ്ററായിരുന്നു. ഏക്കർ കണക്കിന് ഭൂസ്വത്തുണ്ട്. ഇന്നത്തെ ശരാശരി വിലവെച്ചു നോക്കിയാൽ നാലു കോടി രൂപയുടെ ഭൂസ്വത്തുണ്ട്. സ്വന്തമായി ടൗണിൽ നിർമ്മിച്ച ഒരു ബംഗ്ലാവ് വേറേയും ഉണ്ട്. ആ ബംഗ്ലാവിന് രണ്ട് കോടി രൂപ ഏത് കണ്ണുപൊട്ടനും കൊടുക്കും. അദ്ധ്യാപകനായിരുന്ന കാലത്തു തന്നെ ഷെയർ മാർക്കറ്റിൽ ലക്ഷങ്ങൾ നിക്ഷേപിക്കുമായിരുന്നു. സർവ്വീസിൽ നിന്നും പിരിഞ്ഞു പോരുമ്പോൾ ഭേദപ്പെട്ട ഒരു തുക വേറെയും കിട്ടിയിട്ടുണ്ട്. സാധാരണ ഗതിയിൽ കണക്കുകൂട്ടിയാൽ ഏഴ് കോടി രൂപയുടെ സ്വത്തുണ്ട്. ഒരു അദ്ധ്യാപകന് കിട്ടുന്ന പെൻഷൻ എത്രയെന്ന് വായനക്കാർക്ക് ഊഹിക്കാമല്ലോ. തന്റെ ജീവിതം സുഖകരമല്ല എന്ന് ഒരിക്കലും രാഘവൻ മാസ്റ്റർ പറയുകയില്ല.

ഇനി അദ്ദേഹത്തിന്റെ പത്നിയുടെ കാര്യം എടുക്കാം. അവർ മലപ്പുറം ജില്ലയിൽ മറ്റൊരു ഹൈസ്ക്കൂളിന്റെ ഹെഡ്മിസ്ട്രസ്സായിരുന്നു. റിട്ടയർ ചെയ്തിട്ട് രണ്ടു വർഷമെ ആയിട്ടുള്ളു. കാഴ്ചയിൽ കുലീന. സുന്ദരിയാണെന്നു പറയാം. തറവാട്ടു മുതൽ ഭാഗിച്ചു കിട്ടിയ ഭൂസ്വത്ത് രണ്ട് ഏക്കറോളം വരും. ടൗണിൽ നിരത്തു വക്കിൽ തന്നെയാണ് സ്ഥലങ്ങൾ. നാലു കോടി വില കണക്കാക്കിയാൽ അത് അതിശയോക്തിയല്ല. സർവ്വീസിൽ നിന്നും പിരിഞ്ഞപ്പോൾ കിട്ടിയ തുക വിവിധ ബാങ്കുകളിൽ കിടക്കുന്നു. ഹെഡ്മിസ്ട്രസ്സിന്റെ പ്രതിമാസ പെൻഷനെക്കുറിച്ചും നമുക്ക് അറിവുള്ളതാണല്ലോ.

ഈ സ്വത്തിനൊക്കെ അവകാശിയായി വരുന്ന ഏക പുത്രനെ ഭാഗ്യവാൻ എന്നല്ലാതെ മറ്റെന്താണ് വിളിക്കുക. അവരുടെ മകൻ വിനയനെ എനിക്ക് കുട്ടിക്കാലം മുതൽക്കെ അറിയാം. കുറ്റം പറയരുതല്ലോ, പേരു പോലെ തന്നെ വിനയാന്വിതനാണ് ആ ചെറുപ്പക്കാരൻ. താനൊരു സമ്പന്ന ഗൃഹത്തിലെ സന്തതിയാണെന്ന ധാരണയൊന്നും വിനയനില്ല. ഇന്നത്തെ കാലത്ത് മിക്കവാറും എല്ലാ ഗൃഹങ്ങളിലെ ഏക പുത്രന്മാരും ഇത്തരത്തിൽ സമ്പന്നരാണ് എന്നതുതന്നെയാണ് അതിന്നകാരണം. അച്ഛനമ്മമാർക്ക് എത്രമാത്രം സമ്പത്തുണ്ടെന്ന് വിനയൻ ആലോചിച്ചിരിക്കാൻ സാദ്ധ്യതയില്ല. അതിന് കാരണമുണ്ട്. വിനയൻ ഒരു സ്ക്കൂളിൽ അദ്ധ്യാപകനായി ജോലിയിൽ കയറി. താമസിക്കുന്ന ബംഗ്ലാവിനടുത്തുതന്നെയാണ് പഠിപ്പിക്കുന്ന സ്ക്കൂൾ. അമ്മയായ രാധ ടീച്ചർ അവിടെ അദ്ധ്യാപികയായിരുന്നു. വിനയൻ വില കൂടിയ ഒരു കാർ സ്വന്തമായി വാങ്ങി. അതു വാങ്ങാൻ അച്ഛനമ്മമാരുടെ സഹായമൊന്നും വേണ്ടി വന്നില്ല. ജോലി ചെയ്യുന്ന സ്ക്കൂൾ തന്റെ വീടിന്റെ അടുത്തുതന്നെയായതിനാൽ പണത്തിന് ചിലവൊന്നുമില്ല. കാറിലാണ് സ്ക്കൂളിൽ ചെന്നിറങ്ങുക. അഞ്ചു മിനിട്ടു നേരത്തെ ഓട്ടം. എന്തായാലും അച്ഛനമ്മമാരെ പോലെ തന്നെ വിനയനും കൃത്യമായി ഇൻകംടാക്സ് അടച്ചു കൊണ്ടിരുന്നു.

ഇത്തരമൊരു പശ്ചാത്തലത്തിലാണ് വിനയന് ഒരു വിവാഹാലോചന വരുന്നത്. പെൺകുട്ടിയുടെ വീട്ടുകാരെ എനിയ്ക്ക് മുൻപുതന്നെ അറിയാം. വിശദ

മായി പറഞ്ഞാൽ എന്റെ ഭാര്യയുടെ ബന്ധുക്കാരിയാണ്. മാതാപിതാക്കളുടെ ഏക പുത്രിയാണ് അവൾ. ശൈലജയും അദ്ധ്യാപികയാണ്. ഭേദപ്പെട്ട ഒരു തുക കൈമടക്കായി കൊടുത്തിട്ടാണ് ശൈലജ ജോലിയിൽ കയറിയത്. അച്ഛനമ്മമാരുടെ സമ്പത്തിന് ഉടമസ്ഥ അവൾ തന്നെയായതിനാൽ ശൈലജ അത്തരം കണക്കുകളെക്കുറിച്ചൊന്നും ചിന്തിക്കാറില്ല. ശൈലജയുടെ മാതാപിതാക്കൾ ഗവൺമെന്റ് ഉദ്യോഗസ്ഥരായിരുന്നു. ശൈലജയുടെ പിതാവ് ധാരാളം പണംസമ്പാദിച്ചിട്ടുണ്ട് എന്നാണ് കേട്ടു കേൾവി.

ശൈലജയെ വിനയൻ വിവാഹം കഴിച്ചതോടെ ശൈലജയുടെ കാർ ഷെഡ്ഡിൽ വിശ്രമിക്കാൻ തുടങ്ങി. വിനയന്റെ കാറിലാണ് സ്ക്കൂളിലേക്കു പോകുക. അവർക്ക് ഒരു ആൺകുട്ടി ജനിച്ചു. ഭംഗിയുള്ള ഒരു പാവക്കുട്ടിയെ അനുസ്മരിക്കും വിധം ഓമനത്തമുള്ള ഒരു കുട്ടി.

രാഘവൻ നായർക്കും രാധ ടീച്ചർക്കും ഇനിയെന്താണ് ജീവിതത്തിൽ വേണ്ടത്. സുഖമായി ജീവിക്കാൻ ഒരു മാസത്തിൽ എത്ര രൂപ വേണ്ടിവരും? രാഘവൻ മാസ്റ്ററുടേയും രാധ ടീച്ചറുടേയും പെൻഷൻ, വിനയന്റേയും ശൈലജയുടേയും ശമ്പളം. ചില വാക്കുന്ന തുകയേക്കാൾ എത്രയോ ഇരട്ടി വരുമാനമുള്ള ഗൃഹം. ദൈവം അവർക്ക് അസ്വസ്ഥതകൾ ഉണ്ടാക്കിയില്ല. എല്ലാവരും ആരോഗ്യത്തോടെ കഴിയുന്നു.പേരക്കുട്ടി വീട്ടിൽ ഉള്ളതുകൊണ്ട് രാഘവൻ മാസ്റ്റർക്കും രാധ ടീച്ചർക്കും നേരം പോകാൻ ബുദ്ധിമുട്ടില്ല.

എന്തിനാണ് ഇത്രയൊക്കെ കാര്യങ്ങൾ വിസ്തരിച്ചത് എന്നല്ലെ ചോദ്യം. ജീവിത സൗഭാഗ്യവും ധനവും തമ്മിൽ ബന്ധപ്പെട്ടുകിടക്കുന്നു എന്നാണല്ലോ നാം ധരിച്ചുവശായിട്ടുള്ളത്. ഏറെക്കുറെ അതു സത്യമാണുതാനും. കഴിഞ്ഞ ആഴ്ച മലപ്പുറത്ത് ഒരു യോഗത്തിൽ സംസാരിക്കാനായി ചെന്നപ്പോൾ രാഘവൻ മാസ്റ്ററേയും രാധ ടീച്ചറേയും അവിടെ വെച്ചു കണ്ടു. കൂടുതൽ നേരം ഞാൻ സംസാരിച്ചത് രാധ ടീച്ചറോടായിരുന്നു.

ഞങ്ങളുടെ സംസാരം ഇങ്ങിനെ;

"എന്തൊക്കെയുണ്ട് വർത്തമാനങ്ങൾ. പേരക്കുട്ടിക്ക് സുഖം തന്നെയല്ലേ?"

"സുഖമാണോ എന്ന് ആർക്കറിയാം ഇപ്പോൾ "നറ്റ്" പ്രവർത്തിക്കുന്നില്ല. പത്തു ദിവസമായി ഫോൺ വിളിയും ഇല്ല."

അവർ പറയുന്നത് എന്താണെന്ന് എനിക്ക് മനസ്സിലായില്ല. പേരക്കുട്ടി ഇപ്പോൾ എവിടെയാണ്? രാധ ടീച്ചർ തുടർന്നു

"വിനയൻ അമേരിക്കയിലേക്ക് പോയി അവിടെ അവന് നല്ലൊരു ഉദ്യോഗം കിട്ടി. അവന്റെ ഭാര്യ ശൈലജയും അങ്ങോട്ടു പോയി. അങ്ങിനെ വരുമ്പോൾ പേരക്കുട്ടിയും പോകുമല്ലോ"

"ഇവിടത്തെ ജോലി എന്തായി"

"രണ്ടു പേരും ലീവ് എടുത്തിരിക്കുകയാണ്. കൂടുതൽ ശമ്പളം കിട്ടുന്ന ജോലി കിട്ടുമ്പോൾ അങ്ങോട്ട് പോകുന്നതല്ലെ നല്ലത്?"

അമേരിക്കയിൽ അവർക്ക് എന്തു ജോലിയാണ് കിട്ടിയിരിക്കുന്നത് എന്നറിയില്ല. എന്തായിരുന്നാലും അമേരിക്കൻ പ്രസിഡന്റിന്റെ ജോലിയല്ല എന്ന് വ്യക്തം. അവിടെ എന്തായിരിക്കും അവർക്ക് ശമ്പളമായി കിട്ടുക? ഇവിടത്തെക്കാൾ സുഖം അവിടെ ഉണ്ടാകുമൊ?

സുഖം എന്നാൽ എന്താണ്? ഉത്തരം പറയാൻ എനിക്കും അറിഞ്ഞുകൂട. രാഘവൻ മാസ്റ്റർക്കും രാധ ടീച്ചർക്കും ഇനി പേരക്കുട്ടികളുടെ കളികൾ കാണാൻ കഴിയുമോ? പേരക്കുട്ടി വലുതാകുന്നതുവരെയല്ലെ അതൊക്കെ കാണാൻ കഴിയുകയുള്ളു. ആ സന്തോഷം അവർക്ക് നഷ്ടപ്പെട്ടു കഴിഞ്ഞില്ലെ?

വിനയനും ശൈലജയും എന്തൊക്കെ നഷ്ടപ്പെടുത്തി എന്ന് അക്കമിട്ടു പറയാൻ നമുക്ക് കഴിയും. നാട്ടിലെ സുഖകരമായ ജീവിതം. കുടുംബ ബന്ധങ്ങൾ, സുഹൃത്തുക്കൾ. എന്തൊക്കെ നേടി എന്നു പറയാൻ അവർക്കു മാത്രമെ കഴിയുകയുള്ളു. ഇങ്ങിനെയിരിക്കെ ശൈലജയുടെ വിളി വന്നു. വിദേശത്ത് ചെന്ന ശേഷം അവൾ ആദ്യമായി എന്നെ വിളിക്കുകയാണ്. ശൈലജ എല്ലാം തുറന്നു പറയുന്ന പ്രകൃതക്കാരിയാണ്. എന്റെ ബന്ധുവാണ് എന്നതിനാൽ അവൾക്കെന്തും തുറന്നു പറയാം. ഞാനാണെങ്കിൽ എന്തും തുറന്നു ചോദിക്കുന്ന പ്രകൃതക്കാരനുമാണ്. ശൈലജയും ഞാനും തമ്മിലുള്ള സംഭാഷണം എല്ലാവരും കേൾക്കേണ്ടതാണ്. ഇന്നത്തെ കേരളീയ ജീവിതത്തിന്റെ പരിച്ഛേദമാണത്.

"എന്തിനാ ശൈലജേ ഇതൊക്കെ വിട്ട് അങ്ങോട്ടു പോയത്?"

"ഒന്നും വിട്ടില്ല. നല്ല ജോലി കിട്ടിയപ്പോൾ ഇങ്ങോട്ടു പോന്നു എന്നെയുള്ളു. മകനു വേണ്ടി ഭാവിയിൽ എന്തെങ്കിലും ഉണ്ടാക്കി വെയ്ക്കണ്ടേ?"

"അങ്ങോട്ട് പോകാൻ വിശേഷിച്ച് പ്രശ്നങ്ങൾ എന്തെങ്കിലുമുണ്ടോ? നേരു പറ ഞാൻ ആരോടും പറയില്ല ഫോണിനടുത്ത് ആരുമില്ല"

ശൈലജയുടെ സ്വരം താണു

"വിനയേട്ടന്റെ അമ്മയുടെ സ്വഭാവം അറിയാമല്ലോ എനിക്കിഷ്ടമല്ല. നമ്പറിടാൻ വന്നപ്പോൾ ഞാൻ ഇങ്ങോട്ടു പോന്നു"

"നമ്പർ ഇടുക എന്നു പറഞ്ഞാൽ?"

"ആരോടും പറയരുതേ. അല്ലെങ്കിലും പറയാൻ മാത്രം ഒന്നുമില്ല. ഞങ്ങൾക്കൊരു സീക്രസി ഇല്ലാതായി. വിനയേട്ടന്റെ എല്ലാ കാര്യത്തിലും ഇടപെട്ട് അതു തന്നെ ഒരു തലവേദനയായി."

"ശൈലജ എന്തൊക്കെയാണ് ഇവിടെ നഷ്ടപ്പെടുത്തിയത് എന്നറിയാമോ?"

"ഞാൻ ഒന്നും നഷ്ടപ്പെടുത്തിയിട്ടില്ല. എന്റെ അച്ഛന്റേയും അമ്മയുടേയും കാര്യം ആലോചിച്ചു നോക്കൂ. അവർക്ക് ഞാനല്ലാതെ ആരാ ഉള്ളത്. അവർ കൂടി സമ്മതിച്ചതുകൊണ്ടാ ഞങ്ങൾ ഇങ്ങോട്ടു പോന്നത്. അമ്മായിത്തള്ള നമ്പർ ഇറക്കിയാൽ നീയത് അംഗീകരിച്ചു കൊടുക്കണ്ട എന്ന് എന്റെ അമ്മയും എന്നോടു പറഞ്ഞിട്ടുണ്ട്."

ഞാൻ മനസ്സിലാക്കിയേടത്തോളം രാധ ടീച്ചറോ രാഘവൻ മാസ്റ്ററോ ഒരു തെറ്റും ചെയ്തിട്ടില്ല. സ്വന്തം പുത്രനെ സ്നേഹിക്കുന്നു എന്നത് ഒരു തെറ്റായി വരുന്നതെങ്ങിനെ?" എന്തുകൊണ്ടെന്നറിയില്ല ശൈലജമാരുടെ മനസ്സിനെ വിശകലനം ചെയ്യാൻ എനിയ്ക്ക് കഴിയില്ല. <>

**ജ്യോതിഷം**



ജ്യോതിഷ രത്നം
പി. സുരേഷ് ബാബു

# ബ്രഹ്മമുഹൂർത്തം - രാഹുകാലം സമയക്രമങ്ങൾ




മനുഷ്യന് ബുദ്ധി ഉണർവ്വിനും ശരീര സൗഖ്യത്തിനും എല്ലാം ഏറ്റവും അനുകൂലമായ സമയമാണ് ബ്രഹ്മമുഹൂർത്തം. ഇത് സാധനാകാലം ആയി അറിയപ്പെടുന്നു. ഇത് ബ്രഹ്മാവിന്റെ സമയം അഥവാ ദൈവികമായ സമയം ആകുന്നു. ഇത് അതിന്റെ ആരംഭ സമയം മുതൽ അടുത്ത സൂര്യോദയം വരെ ഉള്ള സമയമാണ്. ബ്രഹ്മമുഹൂർത്ത സമയത്തിൽ ഉണരുന്നതും ശരീരശുദ്ധി വരുത്തി പ്രാർത്ഥിക്കുന്നതും പിന്നെ വായന, പഠനം ഇത്യാദി സത്കർമ്മങ്ങൾ നിർവ്വഹിക്കുന്നതും നമ്മൾ ഭാരതീയരിൽ പലരും പണ്ട് മുതലേ ആചരിച്ചു പോരുന്ന ഒരു ശീലമാണ്. ഹിന്ദു ഇതര മതസ്ഥർ ഈ മുഹൂർത്ത സമയത്തെ ആ പേരിൽ വിളിക്കുന്നില്ലെങ്കിലും അവരിലും ധാരാളം പേർ ഈ സമയങ്ങളിൽ ഉറക്കം ഉണർന്ന് ശരീരശുദ്ധി, പ്രാർത്ഥന മുതലായ കർമ്മങ്ങൾ നിർവ്വഹിച്ചു പോരുന്നതായി കാണാം. ഈ സമയത്ത് ഉണർന്ന് ശീലിച്ചു വരുന്നവർക്ക് ജ്ഞാനം, മാനസിക ആരോഗ്യം, പ്രവർത്തന ക്ഷമത എന്നിവ കൈവരുന്നതാണ്. തലച്ചോറിന്റെ ഇടതുവശത്തുള്ള വിദ്യാ ഗ്രന്ഥി പ്രവർത്തനക്ഷമമാക്കുവാൻ ഇതു വഴി സാധിക്കുന്നു.

ബ്രഹ്മമുഹൂർത്തം രാഹുകാലം എന്നിവയുടെ സമയക്രമങ്ങൾ കണക്കാക്കുന്നതിൽ സാധാരണയായി ജനങ്ങളുടെ ഇടയിൽ പലർക്കും ആശയക്കുഴപ്പങ്ങൾ ഉണ്ടാകാറുണ്ട്. ആദ്യമായി ബ്രഹ്മമുഹൂർത്തത്തെ സംബന്ധിച്ച് വിവരിക്കാം.

ബ്രഹ്മമുഹൂർത്തം ആരംഭിക്കുന്നത് സൂര്യോദയത്തിന് മുൻപ് 3.30 ന് ആണെന്നും അതല്ല പുലർച്ചെ 4 മണിക്ക് ആണെന്നും ചിലർ പറയുന്നതായി കാണുന്നു. മറ്റു ചിലർ സൂര്യോദയത്തിന് മുൻപ് ഒരു യാമം മുതലാണെന്നും അതല്ല രണ്ടു യാമം മുതലാണെന്നും വിശ്വസിച്ചു വരുന്നു. ഒരു യാമം എന്നത് 3. 3/4 നാഴിക അഥവാ 1.1/2 മണിക്കൂർ ആകുന്നു. അപ്പോൾ 2 യാമം എന്നത് 7.1/2 നാഴിക അഥവാ 3 മണിക്കൂർ ആയിരിക്കും. സാധാരണ മനുഷ്യർക്ക് ഉറക്കം ഉണർന്ന് പ്രാർത്ഥന മുതലായവ ആചരിച്ചു പോരുന്നതിന് ഉദയത്തിന് 3 മണിക്കൂർ മുൻപാകാം. എന്നാൽ ആരോഗ്യ കാരണങ്ങളാൽ എഴുന്നേൽക്കാൻ ബുദ്ധിമുട്ടുള്ളവർക്ക് ഉദയത്തിന് 1. 1/2 മണിക്കൂർ മുൻപായാലും മതി.

എന്നാൽ പൂജ മുതലായ ദൈവികകാര്യങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് കുറച്ചുകൂടി വ്യത്യസ്തമായ രീതിയിൽ ബ്രഹ്മമുഹൂർത്തം കണക്കാക്കാവുന്നതാണ്. അങ്ങനെയുള്ളവർ സന്ധ്യകഴിഞ്ഞ് 8 മണിക്ക് ഉറങ്ങാൻ ശ്രമിക്കണം.

ബ്രഹ്മമുഹൂർത്തം ശരിക്കും എപ്പാഴാണ് തുടങ്ങുന്നതെന്ന് വിവരിക്കാം. ബ്രഹ്മമുഹൂർത്തം രാത്രി 2 മണിക്ക് ആണെന്ന് പറയാറുണ്ട്. സൂര്യോദയം രാവിലെ 6 മണിക്കും സൂര്യാസ്തമനം വൈകുന്നേരം 6 മണിക്കും സംഭവിക്കുമ്പോൾ മാത്രമേ ബ്രഹ്മമുഹൂർത്തം രാത്രി 2 മണിക്ക് ആരംഭിക്കുകയുള്ളു. ഇങ്ങനെ സംഭവിക്കുന്ന ദിവസം പകലും രാത്രിയും 12 മണിക്കൂർ വീതവും നട്ടുച്ച എന്നത് കൃത്യം 12 മണിക്കും അർദ്ധരാത്രി എന്നത് കൃത്യം രാത്രി 12 മണിക്കും ആയിരിക്കും. സാധാരണയായി ഉദയാസ്തമന സമയങ്ങൾ 6 മണി

യിൽ നിന്ന് വ്യത്യാസപ്പെട്ടു വരുന്നു. അതിനാൽ ബ്രഹ്മമുഹൂർത്ത ആരംഭ സമയവും 2 മണിയിൽ നിന്നും ദിനംപ്രതി അല്പം വ്യത്യാസപ്പെട്ടു വരുന്നു

എങ്കിലും ദൈനംദിന ജീവിതത്തിൽ ഇവയെല്ലാം കണക്കുക്കൂട്ടി കണ്ടുപിടിച്ച് ഉണരുവാൻ പ്രയാസപ്പെടേണ്ട കാര്യമില്ല. എന്നിരുന്നാലും വായനക്കാരുടെ അറിവിലേക്കായി ഓരോ ദിവസത്തേയും ബ്രഹ്മമുഹൂർത്ത ആരംഭസമയം കണ്ടുപിടിക്കുന്നത് എങ്ങനെ എന്ന് വിശദീകരിക്കാം.

ആദ്യമായി പറയട്ടെ പ്രദേശികമായി ഓരോ മേഖലകളിലേയും ഉദയാസ്തമന സമയങ്ങളിൽ വ്യത്യാസം സംഭവിക്കുന്നതുകൊണ്ട് ഒരേദിവസം തന്നെ വ്യത്യസ്ത മേഖലകളിൽ ബ്രഹ്മമുഹൂർത്ത സമയത്തിനും വ്യത്യാസം സംഭവിക്കുന്നു.

ഉദയാസ്തമന സമയങ്ങൾ സാധാരണ കലണ്ടറിൽനിന്നോ പഞ്ചാംഗത്തിൽനിന്നോ ആണല്ലോ കണ്ടു പിടിക്കുന്നത്. ഇവയിൽ ചിലത് തിരുവനന്തപുരത്തേയോ കൊച്ചിയിലേയോ എന്നാൽ ചിലത് കോഴിക്കോട്ടേയോ ഉദയാസ്തമന സമയങ്ങളാണ് സൂചിപ്പിക്കുന്നത്. ആയതിനാൽ ഉദാഹരണമായി കോഴിക്കോട് ഭാഗത്ത് ബ്രഹ്മമുഹൂർത്താരംഭം കാണുന്നതിന് കോഴിക്കോട് ഭാഗത്തെ ഉദയാസ്തമന സമയങ്ങൾ തന്നെ ഉപയോഗിക്കണം.

ചുരുക്കിപറഞ്ഞാൽ രാത്രിയുടെ ആകെ സമയദൈഘ്യത്തിന്റെ മൂന്നിൽ രണ്ട് ഭാഗം അറിഞ്ഞ് അതിനെ തൊട്ടുമുമ്പത്തെ ദിവസത്തെ അസ്തമനസമയത്തോട് കൂട്ടിയാൽ കിട്ടുന്ന സമയമാണ് ബ്രഹ്മമുഹൂർത്താരംഭസമയം. രാത്രിയുടെ ദൈർഘ്യം എന്ന് പറയുന്നത് തൊട്ട് മുൻപത്തെ ദിവസത്തെ അസ്തമനസമയം മുതൽ തൊട്ടടുത്തദിവസത്തെ ഉദയം വരെയുള്ള ആകെ സമയ ദൈർഘ്യമാണ്. ഉദാഹരണമായി 2021 ആഗസ്റ്റ് മാസം 29-ാം തിയ്യതിയിലെ ബ്രഹ്മമുഹൂർത്താരംഭം കണ്ടുപിടിക്കണമെന്നിരിക്കട്ടെ. ഇതിന് വേണ്ടത് ആഗസ്റ്റ് 28-ാം തിയ്യതിയിലെ അസ്തമന സമയം 06.35 (18-35) 29-ാം തിയ്യതിയിലെ ഉദയം 06.20 എന്നിവയാണ്. ഇവിടെ ഗണിതക്രിയയുടെ സൌകര്യാർത്ഥം 06.20 സമയത്തെ 30.20 എന്ന് മാറ്റി എഴുതാവുന്നതാണ്. അടുത്തതായി ഈ രണ്ട് സമയങ്ങൾക്കിടയിലെ സമയദൈർഘ്യം കണ്ടു പിടിക്കണം. ആയതിന്വേണ്ടി 30മണിക്കൂർ 20 മിനിറ്റിൽ നിന്നും 18മണിക്കൂർ 35 മിനിറ്റ് കുറച്ചാൽ മതിയാവും. അപ്പോൾ കിട്ടുന്നത് 11മണിക്കൂർ 45 മിനിറ്റ് എന്നാവും. ഇത് അന്നത്തെ രാത്രിയുടെ ആകെ സമയ ദൈർഘ്യമാവുന്നു. അടുത്തതായി ഈ രാത്രി സമയ ദൈർഘ്യത്തിന്റെ മൂന്നിൽ രണ്ടു ദൈർഘ്യം കണ്ടു പിടിക്കണം. അതിന് 11.45 നെ 3 കൊണ്ട് ഹരിച്ചാൽ കിട്ടുന്നതിനോട് അത്രയും മണിക്കൂർ- മിനിട്ട് കൂട്ടുകയോ അല്ലെങ്കിൽ 2 കൊണ്ട് ഗുണിക്കുകയോ ചെയ്താൽ മതിയാവും. ഇങ്ങനെ ഭാഗിക്കുമ്പോൾ ബാക്കി വരുന്ന മണിക്കൂറിനെ മിനിറ്റിലേക്ക് മാറ്റി ഹരിക്കേണ്ട മിനിറ്റിനോട് കൂട്ടി വേണം ക്രിയ ചെയ്യേണ്ടത്. 11.45 നെ 3 കൊണ്ട് ഹരിച്ചാൽ 3 മണിക്കൂർ 55 മിനിറ്റ് എന്ന് കിട്ടുന്നു. അതിന്റെ 2 ഭാഗം എന്നത് 7 മണിക്കൂർ 55 മിനിറ്റ് ആയിരിക്കും. ഇതിനെ തൊട്ടു മുമ്പത്തെ അസ്തമന സമയമായ 18.35 നോട് കൂട്ടിയാൽ 26 മണിക്കൂർ 25 മിനിറ്റ് എന്ന് കിട്ടുന്നതാണ്. അതായത് രാത്രി 2 മണിക്കൂർ 25 മിനിറ്റ്. അപ്പോൾ 2021 ആഗസ്റ്റ് മാസം 29-ാം തിയ്യതിയിലെ ബ്രഹ്മമുഹൂർത്താരംഭം രാത്രി 2 മണി 25 മിനിറ്റിന് ആകുന്നു. ബ്രഹ്മമുഹൂർത്തം അതിന്റെ ആരംഭം മുതൽ അടുത്ത ഉദയം വരെ നീണ്ടു നിൽക്കുന്നു. ഇത് ഉദയാസ്തമന സമയങ്ങളിലെ വ്യത്യാസങ്ങൾ അനുസരിച്ച് രാത്രി ഏകദേശം 2 മണി മുതൽ 2.45 മണിവരെ വ്യത്യാസപ്പെട്ടു കൊണ്ടിരിക്കും. ആയതിനാലാണ് ഗുരുവായൂർ അമ്പലത്തിൽ നട തുറക്കുന്നതും വിഷുക്കണി കാണുന്നതും പുലർച്ചെ 2.30 മണിക്ക് ആചരിച്ചു പോരുന്നത്.

ഇനി അടുത്തതായി രാഹുകാല സമയം കാണുന്നതെങ്ങനെ എന്ന് പരിശോധിക്കാം.

രാഹുകാലം സാധാരണയായി കലണ്ടറിലോ പഞ്ചാംഗത്തിലോ നോക്കിയാൽ ഞായറാഴ്ച ദിവസം വൈകുന്നേരം 04.30 നും തിങ്കളാഴ്ച ദിവസം രാവിലെ 07.30 നും ചൊവ്വാഴ്ച ദിവസം വൈകുന്നേരം 03 00 നും ബുധനാഴ്ച ദിവസം ഉച്ചക്ക് 12.00 നും വ്യഴാഴ്ച ദിവസം ഉച്ചക്ക് 01.30നും വെള്ളിയാഴ്ച ദിവസം രാവിലെ 10.30 നും ശനിയാഴ്ച ദിവസം രാവിലെ 09.00 നും തുടങ്ങുന്നതായി കാണാൻ കഴിയും. ഈ സമയങ്ങൾ മുതൽ 3 3/4 നാഴിക അഥവാ 1 1/2 മണിക്കൂർ നേരത്തേക്കാണ് രാഹുകാലം സംഭവിക്കുന്നത്. എന്നാൽ മേൽകാണിച്ച രാഹുകാല സമയങ്ങൾ സൂര്യോദയം 6 മണിക്കും സൂര്യാസ്തമനം വൈകുന്നേരം 6 മണിക്കും ഉള്ള ദിവസങ്ങളിൽ മാത്രമേ സംഭവിക്കുകയുള്ളു. അല്ലാത്ത ദിവസങ്ങളിൽ വരുന്ന വ്യത്യാസം ഇനി പറയുന്നു.

ആദ്യമായി ചെയ്യേണ്ടത് രാഹുകാലം കണ്ടുപിടിക്കേണ്ട ദിവസത്തെ ആ പ്രത്യേക മേഖലയിലെ സൂര്യോദയസമയവും സൂര്യാസ്തമന സമയവും മനസ്സിലാക്കുക എന്നതാണ്. ഇവ കലണ്ടറിൽ നിന്നോ പഞ്ചാംഗത്തിൽ നിന്നോ മനസ്സിലാക്കാം. ഇവിടെ ഉദയാസ്തമന സമയങ്ങൾ കാണുമ്പോൾ ബ്രഹ്മമുഹൂർത്ത വിഷയത്തിൽ വിവരിച്ച പ്രകാരം അതാതു പ്രദേശത്തെ ഉദയാസ്തമന സമയങ്ങൾ എടുക്കുന്നതാണ് അഭികാമ്യം.

അടുത്തതായി മുമ്പ് രാത്രിയുടെ ദൈർഘ്യം കണ്ടു പിടിച്ചതുപോലെ ഇവിടെ പകലിന്റെ സമയ ദൈർഘ്യം കണ്ടു പിടിക്കണം. അതിന് ആ ദിവസത്തെ ഉദയം മുതൽ അസ്തമനം വരെയുള്ള സമയത്തെ ആകെ മണിക്കൂർ-മിനിറ്റുകൾ ക്രിയ ചെയ്ത് കണ്ടുപിടിക്കണം. അങ്ങനെ കിട്ടുന്ന അന്നത്തെ ആകെ പകൽ ദൈർഘ്യത്തെ 12 കൊണ്ട് ഭാഗിച്ച് ആ ദിവസത്തെ ഒരു പകൽ മണിക്കൂർ-മിനിറ്റ് കണ്ടുപിടിക്കണം. അതായത് പകൽ ദൈർഘ്യം 12 മണിക്കൂർ കൃത്യമായുള്ള ദിവസങ്ങളിൽ ഒരു പകൽ മണിക്കൂർ എന്നത് 1 മണിക്കൂർ തന്നെയായിരിക്കും. അല്ലാത്ത ദിവസങ്ങളിൽ പകൽ മണിക്കൂർ എന്നത് ഒരു മണിക്കൂറിന് ചില മിനിറ്റുകൾ താഴെയോ മുകളിലോ ആയിരിക്കും. അടുത്തതായി ഇവിടെ പകൽ മണിക്കൂർ-മിനിറ്റ് ഉപയോഗിച്ച് ആ ദിവസത്തെ രാഹുകാലം എങ്ങനെ കണ്ടുപിടിക്കാം എന്ന് നോക്കാം.

ഉദാഹരണമായി ഉദയാ

കവിത




കെ.പി. യൂസഫ് പെരുമ്പാവൂർ

# കരിമ്പന

അന്നം തേടി
അന്നയും അന്നമ്മയും
അരയും തലയും മുറുക്കി
അങ്ങാടിയിലെത്തി
കരിമ്പനകളിൽ
കാറ്റ് കലിയിളകി തുള്ളി
മദംകൊണ്ട് കൊമ്പനാന
നാടും വീടും വിറപ്പിച്ചു
അരമനയിൽ പുരോഹിതരുടെ
ഇടയലേഖനം കണ്ടു
മച്ചിന്മേലിരുന്ന
പ്രാവുകൾ കുറുകി
കഥപറയുന്നമുത്തശ്ശിമാരെ തേടി
ബാലികമാർ അലഞ്ഞു
അമ്മിഞ്ഞ കിട്ടാത്ത പിഞ്ചു
പൈതങ്ങൾ
ലോകത്തിന് ചോദ്യചിഹനമായി.

# ആദരാഞ്ജലി
## (മരണം 01.07.2021)



**മുരളീധരൻ എ.കെ.**
**(ചേവരമ്പലം)**

ഭാര്യ <> രാധിനി കെ.വി.
മകൾ <> നിമിത
<> ഹരിത
മകൻ <> നിഹിൻ രോഷ്
മരുമകൻ <> സലേഷ്
<> അനൂപ്
സഹോദരങ്ങൾ <> അജയൻ എ.കെ.
<> രതീഷ്കുമാർ
<> ചിത്രകല
അമ്മ <> സത്യഭാമ

നക്ഷത്രരാജ്യം സഹയാത്രികനായ ഞങ്ങളുടെ പ്രിയ മുരളിയേട്ടന് നിത്യശാന്തി നേരുന്നു.

നക്ഷത്രരാജ്യം പ്രവർത്തകർ

സ്തമനങ്ങൾ കൃത്യം 6 മണി വരുന്ന ദിവസങ്ങളിൽ 12 മണിക്കൂർ പകൽ ദൈർഘ്യത്തെ 12 കൊണ്ട് ഭാഗിച്ചാൽ കിട്ടുന്നത് 1 മണിക്കൂർ ആയിരിക്കുമല്ലൊ. അത് ഞായറാഴ്ച ദിവസമാണെങ്കിൽ ഉദയത്തോട് 10 1/2 മണിക്കൂർ കൂട്ടിയാൽ ഞായറാഴ്ചയിലെ രാഹുകാല സമയം കിട്ടും. 10 1/2 മണിക്കൂർ എന്നത് 12 കൊണ്ട് ഭാഗിച്ച് കിട്ടിയ 1 മണിക്കൂറിനെ 10 1/2 കൊണ്ട് ഗുണിച്ചു കിട്ടുന്നതാണ്.

ഇങ്ങനെ തിങ്കളാഴ്ച ദിവസമാണെങ്കിൽ ഉദയത്തോട് 1 1/2 (1 x 1 1/2 ) മണിക്കൂറും, ചൊവ്വാഴ്ച ദിവസമാണെങ്കിൽ ഉദയത്തോട് 9 മണിക്കൂറും (1 x 9), ബുധനാാഴ്ചയെങ്കിൽ ഉദയത്തോട് 6 മണിക്കൂറും (1 x 6), വ്യാഴാാഴ്ചയെങ്കിൽ ഉദയത്തോട് 7 1/2 മണിക്കൂറും (1 x 7 1/2), വെള്ളിയാഴ്ചയെങ്കിൽ ഉദയത്തോട് 4 1/2 മണിക്കൂറും (1 x 4 1/2), ശനിയാഴ്ചയെങ്കിൽ ഉദയത്തോട് 3 മണിക്കൂറും (1 x 3), കൂട്ടിയാൽ അതാത് ദിവസത്തെ രാഹുകാല ആരംഭ സമയം കിട്ടുന്നതാണ്.

എന്നാൽ ഉദയാസ്തമന സമയങ്ങൾ 6 മണി അല്ലാതെ വരുമ്പോൾ മുൻപ് പകൽ ദൈർഘ്യത്തെ 12 കൊണ്ട് ഭാഗിച്ച് കിട്ടിയ മണിക്കൂർ – മിനിറ്റാണ് ഉദയത്തോട് കൂട്ടേണ്ടത്.

ഉദാഹരണമായി 2021 ജൂലായ് മാസം 14–ാം തിയ്യതി ഉദയം രാവിലെ 06.14 നും അസ്തമനം 06.50 ആകുന്നു. ഇവ തമ്മിലുള്ള വ്യത്യാസം അഥവാ അന്നത്തെ പകൽ ദൈർഘ്യം 12 മണിക്കൂർ 36 മിനിറ്റ് ആകുന്നു. ഈ 12 മണിക്കൂർ 36 മിനിറ്റിനെ 12 കൊണ്ട് ഭാഗിച്ചാൽ അന്നത്തെ പകൽ മണിക്കൂർ – മിനിറ്റായി 1 മണിക്കൂർ 3 മിനിറ്റ് എന്ന് കിട്ടും. അന്ന് ഒരു ബുധനാഴ്ച ആയതിനാൽ 1 മണിക്കൂർ 3 മിനിറ്റിനെ 6 കൊണ്ട് ഗുണിച്ച് ഉദയത്തോട് കൂട്ടിയാൽ അന്നത്തെ രാഹുകാലാരംഭസമയം കിട്ടുന്നതാണ്. അതായത് 6 കൊണ്ട് 1.03 നെ ഗുണിച്ചാൽ 6 മണിക്കൂർ 18 മിനിറ്റ് എന്നാവും കിട്ടുന്നത്. ഇതിനെ ഉദയത്തോട് കൂട്ടിയാൽ –അതായത് 6.14 + 6.18 = 12.32 എന്നാവും കിട്ടുന്നത്. അതായത് ആ ബുധനാഴ്ചയിലെ രാഹുകാലം ആരംഭിക്കുന്നത് 12 മണി 32 മിനിറ്റിനാണ്. കലണ്ടർ പ്രകാരം 12 മണി എന്നാവും കാണുക. ആയതിനാൽ ആ ദിവസം ഏതെങ്കിലുമൊരു ചടങ്ങ് 12.10 മണിക്ക് തുടങ്ങി 12.25 ന് അവസാനിച്ചു എങ്കിൽ കലണ്ടർ പ്രകാരം രാഹുകാലാരംഭം 12 മണി ആയതിനാൽ സങ്കടപ്പെടേണ്ട കാര്യമില്ല. യഥാർത്ഥത്തിൽ ആ ദിവസം രാഹുകാലം ആരംഭിക്കുന്നത് 12.32 മണിക്കാണ്. ഇപ്രകാരം മറ്റു ദിവസങ്ങളിലേയും രാഹുകാലം കണ്ടുപിടിക്കാൻ പറ്റും. ഇത് വായനക്കാർക്ക് ഉപകാരപ്രദമാകുമെന്ന് കരുതുന്നു.

**ജ്യോതിഷസംബന്ധമായ കാര്യങ്ങൾക്ക് ഏവർക്കും എന്നെ 9447445500 ൽ വിളിക്കാവുന്നതാണ്.**

<>

ചെറുകഥ



വിനീത പാലക്കോട്

# മഴ



കർക്കിടക മാസം തുടങ്ങിയതേയുള്ളൂ. തോരാത്തമഴ ചെറിയൊരു തുണിക്കടയിലിരുന്ന് ഞാൻ പുറത്തേക്ക് നോക്കികൊണ്ടിരുന്നു. റോഡിനിരുവശത്തുകൂടിയും ചളിവെള്ളം ഒഴുകുന്നു. വാഹനങ്ങൾ മെല്ലെ നീങ്ങുകയാണ്. മഴപെയ്താൽ അങ്ങിനെയാണ് ട്രാഫിക് പ്രശ്നങ്ങൾ ഉണ്ടാകും. ബൈക്കുകളാണ് കൂടുതൽ. പിന്നെ കാറുകൾ നിരനിരയായി നീങ്ങുന്നു. കുടയും ചൂടി ആളുകൾ പൊയ്കൊണ്ടിരുന്നു.

കൂട്ടത്തിൽ സുന്ദരിയായ ഒരു യുവതിയും കുട ചൂടി നടക്കുന്നുണ്ട്. അവർ ഒരു ആയുർവ്വേദ ഡോക്ടറാണ്. ഇവിടെ അടുത്തുതന്നെയാണ് അവരുടെ ക്ലിനിക്ക്. ഞാനെന്നും അവരെ ശ്രദ്ധിക്കും. കാരണം മറ്റൊന്നുമല്ല. ഓരോ ദിവസവും പലതരത്തിലുള്ള വേഷങ്ങൾ ധരിച്ചാണ് അവർ വരുക. സാരി, ചോളി, ദാവണി, ജീൻസ്, സെറ്റ്മുണ്ട് ഇവയാണ് ധരിക്കുക. ഹെയർസ്റ്റൈലും ആഭരണങ്ങളും ഡ്രസ്സിന് യോജച്ചതരത്തിലാണ്. ഒരു മോഡലിനെപോലെ അവർ നടന്നു പോകുന്നത് നോക്കി നിൽക്കാൻ ഒരു കൗതുകമാണ്. അവർ ധരിക്കുന്നത് ബ്രാൻഡഡ് വസ്തുക്കളാണ് വില കൂടിയവ. എന്റെ കടയിൽ ഇത്തരം വസ്ത്രങ്ങൾ ഒന്നും ഇല്ല. സാധാരണക്കാർക്ക് ധരിക്കാൻ പറ്റിയ വിലകുറഞ്ഞ വസ്ത്രങ്ങളാണ് ഇവിടെയുള്ളത്. മാക്സി, ലുങ്കി, മുണ്ട്, ബനിയൻ, തോർത്ത് മുതലായവ. കടയുടെ മുമ്പിലൂടെ ധാരാളം ആളുകൾ നടന്നു പോകുന്നുണ്ട്. ഓരോരുത്തരും തിരക്കിലാണ് ചിലർ കടയിലേക്ക് കടന്നുവരും. തോർത്ത്, മാക്സി, ബെഡ്ഷീറ്റ് ഇവയൊക്കെ വാങ്ങും. റോഡിന്റെ മറുഭാഗത്തായി വലിയ ഒരു കെട്ടിടം ഉണ്ട്. അവിടെ നിറയെ ഷോപ്പുകൾ. ഫോട്ടോസ്റ്റാറ്റ്, മരുന്ന്ഷോപ്പ്, സെറ്റേഷനറി കട, ബേക്കറി , മാരുതി വർക്ക്ഷോപ്പ് എന്നിങ്ങനെ പലതരം കടകൾ. റോഡ്സൈഡിൽ വലിയൊരു തണൽമരം. മരത്തിൽ പലതരം പക്ഷികൾ വന്നിരിക്കും. കുറച്ചു കഴിഞ്ഞാൽ പറന്നു പോകും. ഫോട്ടോസ്റ്റാറ്റ് കടയിലെ സുന്ദരിയായ യുവതി ഒരു സ്കൂട്ടിയിൽ അവിടെയെത്തി. വിവാഹമോചിതയും രണ്ടു കുട്ടികളുടെ അമ്മയുമാണ്. അതിസുന്ദരി. കണ്ടാൽ പ്രായം തോന്നുകയേ ഇല്ല. ജീവിതത്തിന്റെ രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ പാടുപെടുന്നവൾ പൊതുവേ കച്ചവടം കുറഞ്ഞ ഏരിയാണ് ഇത്. തുണിഷോപ്പിലും ആളുകൾ കുറവ. വെറുതെ ഇരുന്ന് ബോറടിച്ചു. ഒരുപാട്ടു കേൾക്കാൻ മൊബൈലിൽ 93.5 FM ട്യൂൺ ചെയ്തു. എസ് ജാനികി, സുശീല, മാധുരി, മുഹമ്മദ് റാഫി ഇവരുടെ പാട്ടുകൾ കേൾക്കാൻ ആഗ്രഹിച്ചെങ്കിലും ചിത്രയുടെയും യേശുദാസിന്റെയും പാട്ടുകൾ കേട്ടു. തുണികൾ വീണ്ടും റാക്കിൽ നിന്നെടുത്ത് ഒതുക്കിവെച്ചു. ഇടക്കിടക്ക് തുണികൾ എടുത്ത് പൊടിതട്ടി മടക്കിവെക്കണം. അല്ലെങ്കിൽ ഉറുമ്പുകളും ചെറിയപ്രാണികളും തുണികൾ തിന്ന് ചെറിയ ദ്വാരങ്ങൾ ഉണ്ടാക്കിവെക്കും. റോഡ് സൈഡിലായതിനാൽ തുണികളിൽ പൊടിയും പറ്റിപ്പിടിക്കും.

ഇപ്പോൾ മഴ കുറഞ്ഞു. ഒരു ചെറിയ വെയിൽ വരുന്നുണ്ട് നാലഞ്ച് നായ്ക്കൾ അങ്ങോട്ടും ഇങ്ങോട്ടും ഓടിനടക്കുന്നു. കയ്യിൽ ഒരു ഭാണ്ഡവുമായി തെരുവിൽ അലയുന്ന ഒരു മനുഷ്യൻ അയാൾ റോഡിന്റെ മറുവശത്തുനിന്ന് ഇങ്ങോട്ട് നോക്കുന്നു. എന്നെത്തന്നെയാണ് നോക്കുന്നത്. റോഡ് ക്രോസ് ചെയ്തു എന്റെ കടയിലേക്ക് വന്നു. എന്തെങ്കിലും തിന്നാൻ തരണമെന്ന് എന്നോട് ആംഗ്യം കാണിച്ചു. എന്റെ പക്കൽ ഒന്നുമില്ലായിരുന്നു. ഞാൻ ഒരു പത്തുരൂപയെടുത്ത് കൊടുത്തു. അയാൾ അതും വാങ്ങി തിരിച്ചുപോയി. ചെറുപ്പക്കാരനായ അയാളുടെ ആരോഗ്യം പൂർണ്ണമായി നശിച്ചിരിക്കുന്നു. വസ്ത്രങ്ങൾ ചളിയിൽ പുരണ്ടിരിക്കുന്നു. പല്ലുകൾ മുഴുവൻ കേടുവന്നവ, എന്തുചെയ്യും. എങ്ങിനെ ഇവരെ പോലുള്ളവരെ സഹായിക്കും ഞാൻ ആലോചിക്കാൻ തുടങ്ങി. അല്ലെങ്കിലും എല്ലാ പ്രശ്നങ്ങളെക്കുറിച്ചും എനിക്ക് ആലോചന മാത്രമേയുള്ളൂ. പരിഹാരം കാണാൻ കഴിയാറില്ലല്ലോ.

വെയിൽ കുറഞ്ഞിരിക്കുന്നു. മാനത്ത് വീണ്ടും മഴക്കാറുകൾ ഒരു വലിയ മഴയുടെ ഒരുക്കം.

<>

ലേഖനം



എം.കെ.രവീന്ദ്രൻ വൈദ്യർ
കൊടാപ്പള്ളി



# ജീവിതപ്പാതയിൽ ഇയ്യങ്കോട് ശ്രീധരന് എൺപത് വയസ്സ്!

**കാ**വിയും, ആട്ടക്കഥാകൃത്തും, സാഹിത്യകാരനുമായ ഇയ്യങ്കോടിന് ജീവിതപ്പാതയിൽ കാലം എൺപത് വയസ്സ് പൂർത്തിയാക്കിയിരിക്കുന്നു. മലയാള സാഹിത്യത്തിൽ അദ്ദേഹത്തിന്ന് ഉന്നതമായ സ്ഥാനം കൈവരിക്കുവാൻ സാധിച്ചിട്ടുണ്ട്.

കേരള കലാ മണ്ഡലം സെക്രട്ടറി, കേരള സാഹിത്യ അക്കാദമി നിർവ്വാഹക സമിതി അംഗം, കേരള സംഗീത നാടക അക്കാദമി ഉപാദ്ധ്യക്ഷൻ, കേരള പ്രസ് അക്കാദമി അംഗം, കൊല്ലങ്കോട് മഹാകവി പി. സ്മാരക കലാസാംസ്ക്കാരിക കേന്ദ്രം കാര്യദർശി എന്നി നിലകളിൽ പ്രവർത്തിച്ചിരുന്നു.

28 വർഷം അദ്ധ്യാപകനായി സേവനമനുഷ്ഠിക്കുകയും ചെയ്തു.

യൂറോപ്യൻ രാഷ്ട്രങ്ങളിലും, പൂർവ്വേഷ്യൻ രാജ്യങ്ങളിലും സന്ദർശനം നടത്തിയിട്ടുണ്ട്. സംഭവബഹുലമായ ജീവിതത്തിന്നുടമയുമാണ്. കവിതകളായും, കഥകളായും, നോവലുകളായും, തൂലികാചിത്രങ്ങളായും ഒട്ടേറെ കൃതികൾ ഇയ്യങ്കോടിന്റേതായി കൈരളിക്ക് ലഭിച്ചിട്ടുണ്ട്.

ഇയ്യങ്കോടിന്റെ ജീവചരിത്രഗ്രന്ഥമായ "ചെറുകാട് എഴുത്തും കരുത്തും" എന്ന കൃതിയെപ്പറ്റി ആസ്വാദനക്കുറിപ്പെഴുതുവാൻ കാരണം ഇതിന് മുമ്പ് എഴുതിയ കുറിപ്പിൽ ഈ ഗ്രന്ഥം ഉൾപ്പെടാത്തതുകൊണ്ടാണ്.



ചെറുകാടിന്റെ ജീവചരിത്രത്തിന് അവതാരിക എഴുതിയിട്ടുള്ളത് എം.ടി. വാസുദേവൻ നായരാണ്. സർഗ്ഗാത്മകതയും, സൗന്ദര്യബോധവും, പ്രതിബദ്ധതയും ഒത്തു ചേരുന്ന ഒരു ഹൃദയത്തെ പകർത്തുകയാണ് പുസ്തകം. സ്വന്തം മുരിങ്ങച്ചോട്ടിൽ നിന്നുകൊണ്ട് നക്ഷത്രങ്ങളെ ദർശിച്ച ചെറുകാട് എന്ന വലിയ മനുഷ്യനിൽ പക്വമതിയായ രാഷ്ട്രീയ പ്രവർത്തകനും, വിശാലമനസ്സുള്ള സംസ്ക്കാരിക പ്രവർത്തകനും ഉൾച്ചേർന്നിരുന്നു.

ജന്മി നാടു വാഴിത്ത വ്യവസ്ഥയുടെ പതനവും, ജനാധിപത്യ കേരളത്തിന്റെ ഉണർച്ചയും ആ പ്രക്ഷോപകാരന്റെ എഴുത്തിന് വീര്യവും ആവേശവും പകർന്നു. വർഗ്ഗമൂല്യങ്ങളെ സാഹിത്യത്തിൽ പ്രതിഫലിപ്പിച്ച ചെറുകാടിന്റെ പാതകളെ തേടിച്ചെല്ലുകയാണ് കൃതി.

അവതാരികയിൽ ചൂണ്ടികാണിച്ചപോലെ വായനാനുഭവത്തിൽ നമുക്ക് ഇത് ബോദ്ധ്യപ്പെടുന്നതാണ്. ചെറുകാടിനെപ്പറ്റി കൂടുതൽ അറിയപ്പെടുവാനും, വായിക്കാനും ഈ ഗ്രന്ഥം പ്രയോജനപ്പെടുന്നതാണ്.

ചെറുകാടിന്റെ സഹപ്രവർത്തകനായ ഇയ്യങ്കോട് ശ്രീധരൻ ഗ്രന്ഥരചനയിലൂടെ ഭംഗിയായി തന്റെ ദൗത്യം പൂർത്തികരിച്ചിരിക്കുന്നു.

ആ എഴുത്തിന്റെ കലാപരമായ മേൻമ വിവരണാതീതമാണ്.



ഈ പുസ്തകത്തിലെ താളുകൾ മറിക്കുമ്പോൾ ചെറുകാടിന്റെ ജീവിത ചരിതങ്ങളുടെ കാലം ഇതൾ വിടരുന്നത് ഈ വിധമാണ്. നാടും, തറവാടും, വിദ്യാഭ്യാസത്തിന്റെ വളവും, തിരിവും, പൊതുപ്രവർത്തനവും അദ്ധ്യാപനവും, ഒരെഴുത്തുകാരന്റെ പിറവി, പ്രണയത്തിന്റെ സാഫല്യം, ജീവിതത്തിന്റെ ദുരിതവൃത്തം, സങ്കീർണ്ണമായ ജീവിതാനുഭവങ്ങൾ, പ്രൊഫസർ ഉദ്യോഗവും പാർട്ടി പ്രവർത്തനവും, അരങ്ങും അണിയറയും, ആടിയുലഞ്ഞൊരു ഹൃദയം, സാഹിത്യകാരന്മാരും സംഘടനയും, ഒളിവിലും ജയിലിലും, അപ്രതീക്ഷിതമായ അന്ത്യം, ചെറുകാടിന്റെ കടുംബം, ചെറുകാടിന്റെ സാഹിത്യ ദർശനം, രചനയിലെ രസതന്ത്രം എന്നി പുറങ്ങളിലൂടെ ചെറുകാട് എഴുത്തും കരുത്തും എന്ന ഗ്രന്ഥത്തിന്റെ പൂർണ്ണത നമുക്ക് അനുഭവപ്പെടുന്നു. മറ്റൊന്ന് ചെറുകാടിന്റെ ജീവിതവും, കലാസാഹിത്യ പ്രവർത്തനങ്ങൾ മിഴിവാർന്ന ജീവിത ചിത്രം എന്നിങ്ങനെയുള്ള വശവും അതോടൊപ്പം വായനക്കാരനു ലഭിക്കുന്നു.

എൻ.വി. കൃഷ്ണവാരിയർ, തിക്കോടിയൻ, കെ.ടി. മുഹമ്മദ്, പി.വി. വാസു ഇളയത്, ശ്രീകൃഷ്ണ ശർമ്മ, ഉള്ളാട്ടിൽ ഗോവിന്ദൻകുട്ടി നായർ, കെ.പി. നാരായണ പിഷാരടി, ഡോ. കെ. എൻ. എഴുത്തച്ഛൻ, മഹാകവി പി. കുഞ്ഞിരാമൻ നായർ, എം. വി. ശങ്കുണ്ണി നായർ, ജോസഫ് മുണ്ടശ്ശേരി, തോമാസ് മുണ്ടാശ്ശേരി, എം.പി. ഭട്ടതിരിപ്പാട്, എം. ആർ.ബി., എം.എസ്. ദേവദാസ്, കെ.പി.ജി., പി.സി. കുട്ടികൃഷ്ണൻ, ഇടശ്ശേരി, ടി.പി. ഗോപാലൻ, സി. രാമൻകുട്ടി പൊതുവാൾ, രാഘവ പിഷാരടി തുടങ്ങിയവരെല്ലാം ചെറുകാടിന്റെ ആത്മമിത്രങ്ങളാണ്.

ഈ ഗ്രന്ഥത്തിൽ ചെറുകാട് തന്ന "കതിർക്കുല" എന്ന മഹാകവി പി. കഞ്ഞിരാമൻ നായരുടെ ലേഖനവും, ചെറുകാടിന്റെ ഇളയ പുത്രനായ ചിത്രഭാനുവിന്റെ "പ്രകാശഗോപുരം" എന്ന പിതാവിനെക്കുറിച്ചുള്ള ആർദ്രമായ അനുസ്മരണവും അനുവാചകന്റെ ഹൃദയത്തിൽ എക്കാലത്തും പ്രത്യേക അനുഭൂതി നൽകുന്ന വിധത്തിലാണ് എഴുതിയിട്ടുള്ളത്.




**ഇയ്യങ്കോട് നക്ഷത്രരാജ്യം-തകഴി അവാർഡ് സ്വീകരിക്കുന്നു**

ചെറുകാടിന്റെ ജീവിത കഥയെ സമ്പുഷ്ടമാക്കുവാൻ ചിത്രസ്മരണകളും കൂടി എടുത്തു കാണിച്ചപ്പോൾ ആ പഴയകാലത്തിലേക്ക് എത്തിയ പോലെ തോന്നി. കേരളത്തിലെ ഒട്ടുമിക്ക സാഹിത്യകാരന്മാരോടൊപ്പം ചെറുകാട് ചെലവിട്ട നിമിഷങ്ങൾ അനാവരണം

# BHARGAVI METAL INDUSTRIAL




**Kannadikkal, Kozhikode - 673010**

**Mob: SAJEEVAN 9037435288**







**Mfrs. Grills, Collopsible Gates, Rolling Shutters etc.**
**also undertake all kinds Welding Works**

# M.R WOOD CRAFT



**Chavarambalam, Kozhikode - 17**
**Mob : A.K. Muralidharan - 9847662688**







**Plaining, Gigsaw Cutting, Turning,**
**Wood Furnit re**
**Interior Work, Carving, Doors & Shutters**

India's No - 1

## AKSHAYA WATER PROOFING

**29 - 851, Kottooli,Mavoor Road, Kozhikode - 673016**
**Mob : P.P. PRADEEP - 9447312616, 9037940457**
**E-Mail : aakshayawaterproof@gmail.com**







ചോർച്ചയിൽ നിന്നും എന്നന്നേക്കും മോചനം
ഗ്യാരിയോടുകൂടി ചെയ്തുകൊടുക്കുന്നു.

## ശ്രീമുത്തപ്പൻ ഓം ശ്രീ സായ്റാം



കൊളത്തായ് കോംപ്ലക്സ്,
പാലാഴി പാല, കോഴിക്കോട്
ഫോൺ: 9061434339, 9497752475



**ടൂൾസുകൾ വാടകയ്ക്ക്**

കട്ടിംഗ് മെഷീൻ, സാൻട്രിംങ്ങ് മെഷീൻ, ഡ്രിൽ, കംപ്രസ്സർ.
വെൽഡിംങ്ങ് മെഷീൻ, കോൺക്രീറ്റ് കട്ടിംഗ് മെഷീൻ
തുടങ്ങിയ വിവിധ ടൂൾസ് ,മെഷീനുകൾ വാടകയ്ക്ക്



## ന്യൂ കാലിക്കറ്റ് ഓട്ടോ മൊബൈൽ വർക്ക് ഷോപ്പ്



മൂരിയാട് റോഡ്
പുതിയപാലം
കോഴിക്കോട്



**ഫോൺ : മണി 9846386998**

കാർ സ്പ്രേപെയിന്റിങ്ങ്,
ബോഡി വർക്സ്, എഞ്ചിനിയറിംഗ് വർക്സ്

# Ammu Distributors

Joudha Building, 5/2697, Rajeev Nagar Colony
Near Swimming Pool, Calicut - 673 004
Suresh Babu M. (Managing Partner) 9447722358
9446582358, 9495922358, Off : 0495-3550084
E-mail: ammudistributors01@gmail.com
Authorised OF: BALCO



PVC Pipes, Conduits & Solvent Cement
From AN ISO 9001 : 2015 Company



## വിനായക

**വെജിറ്റേറിയൻ റെസ്റ്റോറന്റ്**
**& കൂൾബാർ**

ശ്രീവളയനാട് ക്ഷേത്രം കിഴക്കേനട,
കോഴിക്കോട്
ഫോൺ : പപ്പൻ 9497511434


നക്ഷത്രരാജ്യം ത്രൈമാസിക
ഫോൺ: 9847649567



ചെയ്യപ്പെടുകയും ചെയ്തു. ചെറുകാടിന്റെ കൃതികളെപ്പറ്റി വിശദീകരിക്കുന്ന ദീർഘമായ വിവരണത്തിൽ നിന്ന് ഏതാനും കൃതികൾ മാത്രം ഇവിടെ സൂചിപ്പിക്കുന്നു.

**നാടകങ്ങൾ:**

നമ്മളൊന്ന്, തറവാടിത്തം, സ്നേഹബന്ധങ്ങൾ, അടിമകൾ സ്വതന്ത്രർ തുടങ്ങി 16 നാടകങ്ങൾ

ഓട്ടൻതുള്ളലുകൾ പാഠകങ്ങൾ: 7 എണ്ണം

**കാവ്യസമാഹാരങ്ങൾ:**

അന്തപ്പുരം, മെത്താപ്പ്, തിരമാല, ആരാധന, മനുഷ്യനെ മാനിക്കുക.

**ചെറുകഥകൾ:**

ജീവിക്കാൻ, മുദ്രമോതിരം, ചെകുത്താന്റെ കൂട്, ഒരു ദിവസം.

**നോവലുകൾ:**

മണ്ണിന്റെ മാറിൽ, ശനിദശ, മുത്തശ്ശി (3 ഭാഗങ്ങൾ), ദേവലോകം, ഭൂപ്രഭു തുടങ്ങി 10 നോവലുകൾ.

**ബാലസാഹിത്യം:**

ഓണം വരുന്നു, കറുപ്പൻകുട്ടി, ചുറ്റുവിളക്ക്, രക്തേശ്വരി, തന്തക്കുറുക്കൻ. ചെറുകാടിന്റെ ബാലസാഹിത്യം (മരണാനന്തരം)




**ആത്മകഥ:**

ജീവിതപ്പാത.

**ചെറുകാടിന്റെ വിപുലമായ കൃതികളെ അടിസ്ഥാനമാക്കിയുള്ള 7 ഓളം പഠനങ്ങളും ഉണ്ട്.**

**തൂലികാ നാമങ്ങൾ:**

**മലങ്കാടൻ, ആസാദ്** എന്നി തൂലികാ നാമങ്ങളിലും ചെറുകാട് ഹസ്യകവിതകളും, നോവലുകളും രചിച്ചിട്ടുണ്ട്.

**പച്ചപനതത്തേ...പുന്നാര പൂമുത്തേ...**
**പൂനെല്ലിൻ പൂങ്കരളേ...(നമ്മളൊന്ന്)**

എന്റെ ഭാഷ്യത്തിൽ ചെറുകാടിന്റെ ഈ അതിമനോഹരമായ നാടകത്തിലെ ഗാനം ഹൃദിസ്ഥമാക്കാത്ത മലയാളികളുണ്ടാകില്ല.

ചെറുകാട് എഴുത്തും കരുത്തും എന്ന കൃതി ഇവിടെ പൂർണ്ണമാകുന്നു.

ഇയ്യങ്കോട് ശ്രീധരൻ എന്ന സർവ്വകലാവല്ലഭനു മാത്രമേ ഇത്രയും നന്നായി ചെറുകാടെന്ന സാഹിത്യകാരന്റെ ജീവിത കഥ വളവും തിരിവും തന്മയത്വമായി എഴുതാൻ പറ്റുകയുള്ളു. ഇനിയും ഇതുപോലുള്ള എണ്ണം പറഞ്ഞ കൃതികൾ അദ്ദേഹത്തിന്റെ തൂലികയിൽ നിന്ന് കൈരളിക്ക് സമ്മാനിക്കട്ടെ. ഈ പുസ്തകം പ്രസാധനം ചെയ്തിട്ടുള്ളത് സാഹിത്യ അക്കാദമിയാണ്.

ഇയ്യങ്കോട് ശ്രീധരന്റെ പ്രധാന കൃതികൾ താഴെ കൊടുക്കുന്നു:

**കവിതകൾ** <> മുളകിൻകൊടി, ഞാറ്റുപാട്ട്, ജയ





ഹേ, സംഘഗാനം, സാക്ഷിമൊഴി, പെരുമ്പറ, പടിയിറങ്ങുന്ന ദൈവം.

**കഥകൾ** <> താളംതെറ്റിയ കലാശങ്ങൾ.

**നോവലുകൾ** <> വനദേവത, വാടാമല്ലിക, അപ്പുണ്ണി.

**തൂലികാ ചിത്രങ്ങൾ** <> ചുവന്നതെരുവ്, വർണ്ണരേണുക്കൾ.

**യാത്രാവിവരണങ്ങൾ** <> എത്രയെത്ര രാമായണങ്ങൾ, കിങ്ങ്‌ലിയറിന്റെ ജൈത്രയാത്ര.

**ആട്ടക്കഥകൾ** <> മാനവീയം, സ്നേഹസന്ദേശം, കിങ്ങ്‌ലിയർ.

**ലേഖനങ്ങൾ** <> കൊച്ചു കൊച്ചു വർത്തമാനങ്ങൾ, കാലത്തിന്റെ കാലൊച്ചകൾ.

ജീവചരിത്രങ്ങൾ <> സ്വപ്നാടനം, ചെറുകാട് എഴുത്തും കരുത്തും.

**ഇയ്യങ്കോടിന്റെ കുടുംബം:**

**ഭാര്യ** <> **കോമളവല്ലി**

**മക്കൾ** <> **കവിത, സംഗീത, ലിഖിത.**

**വിലാസം** <> **സാകല്യം, വട്ടേക്കാട്, കൊല്ലങ്കോട് പി.ഒ., പാലക്കാട് ജില്ല.** <>

നോവലറ്റ്



**10**



നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ

# നിലാവ് പൂക്കും താഴ്‌വാരം



**ഡി**ഗ്രിട്ടൺലിൽ ബസ്സ് ഇറങ്ങുമ്പോഴും രൂപക്കും രവീന്ദ്രക്കും ആകാശിനും അറിയില്ല അവർ അപകടം മണക്കുന്ന വഴിയിലൂടെയാണ് സഞ്ചരിക്കുന്നത് എന്ന്. അവർക്കു മുമ്പിൽ മാർഗ്ഗം കൊട്ടിയടക്കപ്പെട്ട നിലയിൽ ബോസ് പ്രതികാരത്തിന്റെ കരുക്കൾ നീക്കുന്നുണ്ടെന്നുള്ള കാര്യം അവർ മനസ്സിൽപോലും ഓർത്തിരിക്കാനിടയില്ല.

ബോസിന്റെ തീരുമാനത്തിലെ അവസാനത്തെ ദിവസം രൂപ പ്രണയാഭ്യർത്ഥന നിരസിച്ച ശേഷം രണ്ടും കല്പിച്ചിറങ്ങുകയായിരുന്നു അയാൾ. അന്നു മുതൽ തന്റെ സഹപാഠികളും ആജ്ഞാനുവർത്തികളുമായ ഗ്യാംഗിലെ മുഴുവൻ സ്നേഹിതൻമാരേയും ഘോഷിന്റേയും രൂപയുടേയും പ്രവർത്തനങ്ങളെ മനസ്സിലാക്കി തടയുവാൻ ചാരപ്രവർത്തനത്തിന് നിയോഗിച്ചിരുന്നു അവരെ ബോസ്. പണം അവന് ഒരു പ്രശ്നമല്ലായിരുന്നു. എന്നിരുന്നാലും ബോസിന് ഒരു കാര്യത്തിൽ മാത്രമേ നിഗമനമില്ലാതിരുന്നുള്ളു. അത് ഘോഷിരിക്കുന്ന ഒളിത്താവളത്തെ കുറിച്ചു മാത്രമാണ്

അയാൾ ഘോഷിരിക്കുന്ന ഒളിത്താവളം മനസ്സിലാക്കി ഘോഷിനോട് പ്രതികാരം ചെയ്യുവാനും രൂപയെ ഘോഷിൽനിന്നകറ്റുവാനുമാണ് ഇത്രയേറെ ആയാസകരമായി പ്രവർത്തിച്ചു കൊണ്ടിരിക്കുന്നത്.

അയാൾക്ക് രാഷ്ട്രീയ വിരോധമോ മറ്റേതെങ്കിലും തരത്തിലുള്ള അഭിപ്രായവ്യത്യാസമോ ഘോഷുമായി ഇതുവരെ ഉണ്ടായിട്ടില്ല. തൻപോരിമയും അഹങ്കാരവും ചേർന്നുനില്ക്കുന്ന സമ്പന്നതയുടെ തലക്കനം കൂടുമെന്നതൊഴിച്ചാൽ മറ്റാർക്കും അയാളെക്കുറിച്ചൊരുപരാതിയും ഇതുവരെ ഇല്ല.

ഘോഷ് പ്രവർത്തിക്കുന്ന വിദ്യാർത്ഥി പ്രസ്ഥാനത്തിൽനിന്നു എതിർ സംഘടനയിലേക്കു ബോസ് മാറുന്നതുപോലും രൂപക്ക് ഘോഷിനോടുള്ള പ്രണയവും സ്നേഹാദരവുകളും മനസ്സിലാക്കിയതിൽനിന്നുണ്ടായ ആധികൊണ്ടു മാത്രമാണ്.

രൂപയുടെ കാമുകനും ഭർത്താവും താൻ മാത്രമാണ്. മറ്റാരെയെങ്കിലും ആ സ്ഥാനത്ത് സങ്കൽപ്പിക്കാൻ പോലും ബോസിന് ആകുന്നില്ല.

ഒളിത്താവളം കണ്ടെത്തണം. എന്നന്നേക്കുമായി ഘോഷിനെ രൂപയുടെ മനസ്സിൽ നിന്ന് ഒഴിവാക്കണം. മാർഗ്ഗമേതായാലും തന്റെ ലക്ഷ്യം വിജയിക്കണം. ഇതുമാത്രമാണ് ബോസിന്റെ മനസ്സിനെ മദിക്കുന്ന വിചാരം.

രൂപ ഹോസ്റ്റലിൽ നിന്നും ഇറങ്ങി ഇന്നു ഓട്ടോയിൽ കയറിയതുമുതൽ മുന്നത്തെദിവസങ്ങളിലെപ്പോലെ അഖിലേഷ് അവളെ

പിന്തുടരുന്നുണ്ട്. അഖിലേഷ് ബോസിന്റെ ഏറ്റവും അടുത്ത സുഹൃത്തും ആജ്ഞാനുവർത്തിയായി എന്തും ചെയ്യാൻ മടികാണിക്കാത്തവനും വിശ്വസ്ഥനുമാണ്.

വിദ്യാർത്ഥിയല്ലാത്തതുകൊണ്ട് രൂപക്കും രവീന്ദ്രക്കും ആകാശിനും ഇയാളെകുറിച്ച് യാതൊന്നുമറിയില്ല. ഇയാൾ ബസ്സിൽ പിന്നിലായുള്ള അവസാനത്തെ സൈഡ് സീറ്റിൽ ഇവരോടൊപ്പം തന്നെയുണ്ടായിരുന്നു. ഇവരുടെ ഓരോ സംസാരങ്ങളും ഇയാൾ അപ്പപ്പോൾ മൊബൈലിൽ ബോസിനെ അറിയിച്ചുകൊണ്ടുമിരുന്നു.

ബോസ്, അഖിലേഷിൽനിന്നു കിട്ടുന്ന വിവരങ്ങൾ ഘോഷിന്റേയും അയാളുടെ അച്ഛൻ പ്ലാന്ററായ സുരേന്ദ്രപ്രസാദിന്റേയും ശത്രുക്കളായ, ഘോഷുമായുള്ള ഏറ്റുമുട്ടലിൽ മരണപ്പെട്ട റാണയുടെ സമരവിരുദ്ധ പ്ലാന്റർമാരുടെ സംഘടനയിലെ സമരപ്രതിരോധസ്ക്കോഡിനെ അപ്പപ്പോൾ വിവരം അറിയിച്ചുകൊണ്ടിരുന്നു.

ബോസിന് ആഹ്ലാദം നുരഞ്ഞുപൊന്തുന്ന ദിവസങ്ങളായിരുന്നു മുന്നിൽ വന്നുകൊണ്ടിരുന്നത്. യവ്വനത്തിലേക്ക് കാലൂന്നിയതു മുതൽ തന്റെ സങ്കൽപ്പത്തിലെ കാമുകിയും ഭാര്യയും കുട്ടികളുടെ അമ്മയുമായ രൂപയെ അല്ല, അതിനും മേൽ തന്റെ ചെറുപ്പം മുതലുള്ള സ്ക്കൂൾ ജീവിതത്തിലെ സഹപാഠിയും വിവാഹ സ്വപ്നത്തിലെ റാണിയുമായവളെ തന്നിൽ നിന്ന് ഏറെകാലമായി അകറ്റിക്കൊണ്ടിരിക്കുന്ന ശത്രവിനെ എന്നേന്നേക്കുമായി ഉന്മൂലനം ചെയ്യുവാനുള്ള സമയം കൈവന്നിരിക്കുന്നു. അയാൾ തന്റെ സ്നേഹിതരായി തന്നോടൊപ്പം ചേർന്ന സമരവിരുദ്ധ സ്ക്കോഡിലെ അംഗങ്ങളോടൊപ്പം ഡിഗ്രട്ടൺലെ തോട്ടം മുതലാളിമാരുടെസംഘടനാഓഫിസ്സൂട്ടിൽ മദ്യപിച്ചു മദോന്മത്തനായി നൃത്തം ചെയ്തുകൊണ്ടിരുന്നു.

റോഡിൽ രൂപയോടും രവീന്ദ്രയോടും ആകാശിനോടുമൊപ്പം, ഡിഗ്രട്ടൺൽ വെച്ചുതന്നെ ബോസിന്റെ ആളുകൾ അഞ്ചാറു പേർ തൊഴിലാളികളുടെ വേഷത്തിൽ കലർന്നിരുന്നു.

സംശയത്തിനു വഴിയൊരുക്കാതിരിക്കാൻ അവർ അസാധാരണമായി ഒന്നും തന്നെ പെരുമാറിയില്ല. എന്നു മാത്രമല്ല ഭാവത്തിലും നടപ്പിലും ശരിക്കും ഒരു തോട്ടം തൊഴിലാളി സംഘം എന്നെ അവരെ കണ്ടാൽ ആരും പറയൂ.

രവീന്ദ്ര മുന്നിലാണ് നടക്കുന്നത്. സംഘടനാ നേതൃത്വം ഘോഷിരിക്കുന്ന ഒളിത്താവളത്തിൽ ചെല്ലാനും ഘോഷുമായി വിവരങ്ങൾ ആരായാനും രവീന്ദ്രക്കു മാത്രമേ അനുവാദം നല്കിയിട്ടുള്ളു. അതുകൊണ്ടു തന്നെ രവീന്ദ്രക്കു മാത്രമേ ഘോഷിരിക്കുന്ന ഒളിത്താവളം അറിയൂ. രൂപയുടെ അപേക്ഷയും ഘോഷിനോടുള്ള അവളുടെ പ്രണയവും കുടുംബജീവിതത്തെക്കുറിച്ചുള്ള അവളുടെ സ്വപ്നങ്ങളും ഓർത്തപ്പോൾ താൻ സംഘടനാവിരുദ്ധ പ്രവർത്തനം നടത്തുന്നു എന്ന കുറ്റബോധത്തിൽ നിന്ന് രവീന്ദ്രയുടെ മനസ്സ് ശരിയുടെ പക്ഷത്തു ചേർന്നു ആശ്വാസം കണ്ടെത്തി.

സംഘടനയുടെ കെട്ടുപാടുകൾ ഒരിക്കലും രവീന്ദ്രയോ ഘോഷോ മറ്റേതെങ്കിലും പ്രവർത്തകരോ ലംഘിച്ചിട്ടില്ല. എന്നു മാത്രമല്ല അവർ ഒരിക്കലും സംഘടനയുടെ ആദർശങ്ങൾക്കും ലക്ഷ്യങ്ങൾക്കും എതിരായി പ്രവർത്തിക്കുകയുമില്ല.

മൂവർസംഘം ചെങ്കുത്തായ തേയില തോട്ടങ്ങളിൽ കൂടി മലയിലേക്കുള്ള കയറ്റം തുടർന്നുകൊണ്ടിരുന്നു. താഴേക്കു നോക്കിയാൽ ഭയപ്പെട്ടു തലകറങ്ങി വീണുപോകുമെന്ന ഭയത്തിനെ കീഴടക്കി ലക്ഷ്യം അവരെ ഊർജ്ജസ്വലരാക്കി. രവീന്ദ്ര അവരോടൊപ്പം മലകയറിക്കൊണ്ടിരിക്കുന്ന മറ്റു സംഘങ്ങളെ വീക്ഷിക്കുന്നുണ്ടായിരുന്നു.

എന്നാൽ ഒരു സംശയവും ജനിപ്പിക്കുന്ന പെരുമാറ്റം ഏതെങ്കിലും ആളുകളിൽ നിന്നുണ്ടാകുന്നില്ല. എന്നു മാത്രമല്ല അവരെ കൂടാതെ തൊട്ടുപിറകിലായി തോട്ടത്തിലെ സ്ത്രീതൊഴിലാളികളും ലയത്തിലേക്കുള്ള മടക്കയാത്രയിൽ പിന്നിലും മുന്നിലുമുണ്ട്. എങ്കിലും രവീന്ദ്ര ഉഷാറായി. എന്തിനേയും നേരിടാനും ഏതു പ്രതിരോധത്തേയും ഖണ്ഡിക്കുവാനും മനസ്സിനേയും ശരീര

(ശേഷം 33-ാം പേജിൽ)

**കഥ ഇതുവരെ**

ഒരു പത്രപ്രവർത്തകയാണ് രൂപാസെൻ. തന്റെ കോളേജ് സഹപാഠിയും, ഭാവിവരനായി സ്വപ്നത്തിൽ കുറിച്ചിട്ട തന്റെ എല്ലാമായ നക്സൽ തടവുകാരൻ ഘോഷിനെ കാണാൻ രൂപാസെൻ ജയിലിലെത്തി. ജയിലറുടെ അനുവാദം വാങ്ങി രൂപ ഘോഷിന്റെ മുറിയിലെത്തി. ഘോഷ് രൂപയെ കണ്ടു. ഘോഷിന്റെ മനസിൽ തന്റെ കോളേജ് പഠന കാലം ഓർമ്മയിലെത്തി. കോളേജിലെ മറ്റൊരു വിദ്യാർത്ഥിയായ ബോസും ഘോഷും തമ്മിൽ നിരന്തരം ബദ്ധവൈരികളായി. അതിനു കാരണം ബോസിനു രൂപയോടുള്ള പ്രണയമായിരുന്നു. വിദ്യാർത്ഥികളുടെ ആവശ്യങ്ങൾ സാധിച്ചു കിട്ടാനായി കോളേജിൽ ഘോഷിന്റെ നേതൃത്വത്തിൽ സമരം തുടങ്ങി. അത് പോലീസ് ലാത്തിച്ചാർജ്ജിലാണ് അവസാനിച്ചത്. ബോസ് വീണ്ടും പ്രണയാദ്യർത്ഥനയമായി രൂപാസെന്നിനെ കണ്ടു. പഴയതു പോലെ രൂപ നിരസിക്കുകയും ചെയ്തു. രാജ്യമൊട്ടാകെ തൊഴിലാളികളുടെ നേതൃത്വത്തിൽ ഭക്ഷ്യക്ഷാമത്തിനെതിരെ സമരം തുടങ്ങി. വിദ്യാർത്ഥികളും സമരത്തിൽ പങ്കുചേർന്നു. ഘോഷ് പോലീസ് ബലപ്രയോഗത്തിൽ പരിക്കേറ്റ് ആസ്പത്രയിലായി. പ്ലാന്റർ സുരേന്ദ്ര പ്രസാദിന്റെ തോട്ടത്തിലെ തൊഴിലാളികളും സമരത്തിൽ പങ്കുചേർന്നു. എന്നാൽ പ്ലാന്റർ റാണയുടെ നേതൃത്വത്തിൽ ഡാർജിംഗിലെ തോട്ടം തൊഴിലാളി സമരം പരാജയപ്പെടുത്താൻപ്രതിരോധസ്ക്വോടു രൂപികരിച്ചു പ്രവർത്തനം തുടങ്ങി. ആദ്യവട്ട പ്രവർത്തനമായി സുരേന്ദ്രപ്രസാദിന്റെ തോട്ടത്തിലെ മൂന്നു തൊളിലാളികളെ അവർ വധിച്ചു. തോട്ടം മേഖലാ തൊഴിലാളികൾ പരിഭ്രാന്തിയിലായി. റാണയെ നേരിടാനായി നേതൃത്വം തോട്ടം മേഖലയിലേക്ക് ഘോഷിനേയും സംഘത്തേയും അയച്ചു. അവർ റാണയുടെ ബംഗ്ലാവിൽ എത്തി. ഘോഷ് റാണയുടെ ബഡ്റൂമിനടുത്തെത്തി.ഏറ്റുമുട്ടലിനിടയിൽ റാണ സ്വന്തം സംഘത്തിന്റെ വെടിയേറ്റു മരിച്ചു. ഘോഷ് ഒളിവിലായി. രൂപ ഒളിവിലിരിക്കുന്ന ഘോഷിനെ കാണാൻ ഹോസ്റ്റലിൽ നിന്ന് സഹപാഠികളോട് പറയാതെ ഓട്ടോയിൽ രവീന്ദ്രയെ അന്വേഷിച്ച് അംബേദ്ക്കർ ചേരിയിലെത്തി. രവിന്ദ്രയോടൊപ്പം ഘോഷിന്റെ ഒളിത്താവളം ലക്ഷ്യ്യം വെച്ച് ആകാശുമായി ചേർന്ന് മൂവർ സംഘം ഡിഗ്രിട്ടണിലെത്തി.

(നോവലറ്റ് തുടർന്നു വായിക്കുക)

ചെറുകഥ



വത്സല നിലമ്പൂർ

# അരീക്കല് ബാപ്പുട്ടി ഹാജീന്റെ ഭാര്യ ആയിശാത്ത



ആയിശാത്ത ഒരു ബക്കറ്റിലേക്ക് താഴത്തെ അടുപ്പത്തുനിന്നും ചൂടായ വെള്ളം ഒഴിച്ചെടുത്തു.

ഉമ്മറത്തെ ക്ലോക്ക് രണ്ടടിച്ചു.

"പടച്ചോനെ ഇനി എപ്പളാ ഒരു പിടി ചോറ് ബൈച്ചാമ്പറ്റണത്. രണ്ട് മണി അടിച്ചിക്ക്ണ്."

പതുക്കെ ബക്കറ്റ് തൂക്കി അവർ കുളിമുറിയിലേക്ക് നടന്നു.

അഞ്ച് ദിവസമായി പുറംപണിക്കാര് നീലിയോ അകത്തെ സഹായി ആമിനുവോ വരുന്നില്ല. ആയിശാത്തയുടെ ഭർത്താവ് ഹാജിയാര് തളത്തിനോട് ചേർന്ന മുറിയിലും, ഒന്നാം നിലയിലെ രണ്ടു മുറികളിലായി മക്കൾ ഫിറോസും ഭാര്യയും രണ്ടു കുട്ടികളും അടുത്ത മുറിയിൽ അമനും ഭാര്യ ഫെസിലയും കോറൈണ്ടെയിനിലാണ്. ഏഴ് പോസറ്റീവ്കാർ ഒരു വീട്ടിൽ.

കേട്ടപാടെ പണിക്കാരികൾ നിന്ന നില്പിൽ സ്ഥലം വിട്ടു. പോസറ്റീവ്കാർ അറകളിൽ അടച്ചിരുന്നപ്പോൾ ആയിശാത്താന്റെ മുന്നിൽ അരീക്കൽ തറവാട് ഭീകരസ്വരൂപിയായി വായും പിളർന്നു നിന്നു. എട്ടൊമ്പത് മുറികളും ഹാളും നിസ്ക്കാരമുറിയും ഒടുക്കത്തെ വലിപ്പമുള്ള അടുക്കളയും നാലഞ്ചു അടുപ്പുകളുള്ള വർക്കേരിയയും ഒരേക്കറോളം മുറ്റവും നിർത്താതെ ആയിശാത്താനെ നോക്കി കൈകൊട്ടി ആർത്തു ചിരിച്ചു.

"ഇലാഹി... ആരുമാരും തൊണക്കില്ലാതെ ഞാനിതെന്തെടുക്കാനാ.

ന്നാലും ന്റെ പുത്യാപ്ലക്കും മക്കൾക്കും മേണ്ട്യേല്ലേ. ഞാൻ ചെയ്യും എല്ലാ പണിം."

ആദ്യദിവസം കാച്ചിമുണ്ട് കുറച്ച് കയറ്റി ഉടുത്ത് ആയിശാത്ത അടുക്കളയിലേക്ക് കയറി.

ഫ്രിഡ്ജിൽ ഇരുന്ന പോത്തിറച്ചി മസാല തിരുമ്മി വെച്ചിരുന്നു ആമിനു. ചോറിനു കലം ഗ്യാസിൽ വെച്ച് രാവിലെ ചായക്കു കടിയുണ്ടാക്കുന്നതെന്ത് എന്ന ചിന്തയിൽ ആയി.

"ന്നെകൊണ്ട് എട്ട് പത്താൾക്ക് പത്തിരികൊയച്ച് ചുടാനൊന്നും ആവൂല."

ആയിശാത്ത കയ്യിലെടുത്ത പത്തിരിപ്പൊടിയുടെ വലിയ സ്റ്റീൽ ഡബ്ബ തിരികെ വെച്ചു.

"ന്ന് ബറത്ത് ബെച്ച റവണ്ടോ നോക്കാം തരിക്കഞ്ഞി കാച്ചികൊടുക്കാം."

ഉരുളിയിൽ പാലും പഞ്ചസാരയും ചേർത്തു തരിക്കഞ്ഞി കാച്ചുമ്പോൾ ആയിശാത്താന്റെ കൈകൾ വിറക്കുകയും ഞരമ്പുകളിലൂടെ മിന്നൽപിണർ പോലെ വേദന പാഞ്ഞു നടക്കുകയും ചെയ്തു.

"പത്തിരുപതാള്ക്ക് ബെച്ചു ബിളമ്പീനി ഞാം. പ്പോ ഒരു തരിക്കഞ്ഞി കാച്ചാൻ ബയ്യ."

ഉരുളി താഴെ ഇറക്കിയപ്പോൾ വേദന സഹിക്കാൻ പറ്റാതെ അവർ ഏതോ ബാം തപ്പിയെടുത്ത് കൈപടത്തിൽ പുരട്ടി തടവി

"എന്ത് തടബീട്ടെന്താ വയസ്സ് അറുപത്തിഅഞ്ചുകയിഞ്ഞീലേ..."

അരി വെന്തു കഴിഞ്ഞപ്പോൾ കലം താഴെ ഇറക്കാൻ ആവുന്നില്ല.

കോരികകൊണ്ട് കുറേ കോരി

വേറൊരു കലത്തിലാക്കി പ്രശ്നം പരിഹരിച്ചു.

നെയ്യൊഴിച്ച് മുകളിൽ അണ്ടിപ്പരിപ്പ് ഉണക്കമുന്തിരി എന്നിവ പാകി വലിയ ബൗളുകളിലാക്കി മക്കൾ രണ്ടു പേരുടേയും മുറികളിലേക്ക് സ്റ്റെപ്പുകൾ കയറി ആയീശാത്താ വലഞ്ഞു. അവർക്ക് പ്ലേറ്റ്കൾ ഗ്ലാസ്സ് തുടങ്ങിയവയും എത്തിച്ച് താഴത്തെ കോവണി പടിയിൽ അവർ തളർന്നിരുന്നു.

പിന്നെ ഹാജിയാർക്ക് ഒരുക്കലായി. അയാൾക്ക് പത്തിരീം കോയിക്കറീം അപ്പൊ കിട്ടണം. മുകളിലെ മുറികളിൽ നിന്നും മക്കളുടെ പരാതി ഉയരുന്നുണ്ട്.

ഫിറോസ് വിളിച്ചു പറയുന്നു.

" ഇമ്മാ ക്ക് ഉച്ചയ്ക്ക് നല്ലോണം വല്ലതും വേണം ട്ടാ പോസിറ്റീവ് ആയാ നല്ല ഫുഡാ മെഡിസിൻ"

ആയീശാത്ത ഓർത്തു. "ശര്യാ. ന്റെ മക്കളാ. ഓലക്ക് ഒരു ഗത്യേട് ബന്നാ എത്തറ കസട്ടപ്പെട്ടാലും ഞാം നോക്കും ഓലെ"

ആയീശാത്തയുടെ ആത്മഗതം കേട്ട് അവരുടെ ചിറ്റും അലിക്കത്തും കാതിൽ കിടന്നു ചിരിച്ചു.

ഉച്ചക്ക് ചോറും ബീഫും പരിപ്പ്കറിയും പപ്പടവും ഏറ്റികൊണ്ട് മുകളിലേയും താഴെയും ആളുകൾ ഉച്ചഭക്ഷണം കഴിച്ചപ്പോഴാണ് ആയീശാത്താക്ക് ഓർമ്മ വന്നത്.

താനിന്ന "സുഗറിന് കയ്ച്ചം ഗുളികേം പ്രസസറിന് കയിച്ചണതും.. ഒക്കെ മറന്നൂലോ റബ്ബേ. ബെള്പ്പിന് അറിയാണ്ട് മതിരട്ട ചായേം കുടിച്ചീനി..

രാവിലെത്തെ മരുന്ന് ഉച്ചയ്ക്ക് രണ്ടുമണിക്ക് കഴിച്ച് അവർ ഊണുകഴിക്കാനിരുന്നു.

വീട് വെടക്കായി കെടക്കുണു. അടീം തൊടേം നടന്നില്ല. അടുക്കളയിൽ വൈകുന്നേരം വരെ വൃത്തിയാക്കാനും മാത്രം പാത്രങ്ങളും അരിഞ്ഞതും തൊലിച്ചതും വറ്റും മസാലപ്പൊടികൾ ചിതരിയതും നിറയെ ഉണ്ട്.

വല്യ മരോൾടെ ഉമ്മ മകന്റെ കൂടെ ഗൾഫിൽ ആണ്.

"ഇളയോട്ടിന്റെ ഇമ്മാനോട് പറയാം. ഒരു പയിനഞ്ചീസം ഒരു കൈ സഹായത്തിന് ബരാൻ. ഓരുടെ മോളേം കൂടി നോക്കാ നല്ലേ"

പക്ഷേ വൈകുന്നേരം ചായയ്ക്ക് വെള്ളം വച്ച് ആയീശാത്താ ഫോണെടുത്തു മരുമകളുടെ വീട്ടിലേക്ക് വിളിച്ചു. ഉമ്മ തന്നെ ആണ് ഫോണെടുത്തത്.

"ആ.. ആയീശാത്താ മോള് ഇന്നലെ ബിളിച്ച് പറഞ്ഞ്. ന്താ ചെയ്യാ .. ഒക്കെ പടച്ചോന്റെ ഓരോ കളി. വെക്കം മാറ്യാമതീർന്ന് ഞാ പിന്നെ രണ്ട് നേരോം ഓരോ ഗ്ലാസ്സ് പാലും മുട്ട പുയ്ങ്ങീതും ഓരോ നേന്ത്രപ്പയോം കൊടുക്കണേ. പിന്നെ ഇത്താ ബീഫ് കൊറച്ചോളീ. ചിക്കൻ കൊടുത്തോളീ . നാലുമണിക്ക് നല്ല പലാരം തന്നെ ണ്ടാക്കണേ. . അവത്തുങ്ങളുടെ ആരോഗ്യാ മ്മക്ക് ബലുത്"

"സര്യാന്റെ സൂറേ പക്ക്ലേക്ക് ഒറ്റക്ക് കൂട്ട്യാകൂട്ണ്ല്യാ. അനക്ക് പത്തീസം ബന്ന് നിന്നൂടെ. പണി ഒക്കെ ഞാം ചെയ്യും. ഈ മാളിക പൊറത്ത് കൂട്യോർക്ക് സമയാസമയം ഭക്ഷണം ഒന്നു കൊണ്ടു കൊടുത്താമതി. ബല്യേ സകായായേനീ സൂറ."

ആയിശാത്താ കാലുപിടിച്ചു.

"ന്റെ ആയീശാത്ത ഇങ്ങള് എന്താ പറയണേ. ഇങ്ങള് ഫോണ് ചെയ്യണമുന്നേ അവടെ ഓടിപാഞ്ഞു ബരണ്ടോളല്ലേ ഞാൻ... ബരൂം ചെയ്യും. പക്കെ... ന്റെ സ്ഥിതി ങ്ങക്കറിയാലോ. ഒര് ഹൃദയരോഗ്യാ ഞാൻ. മര്ന്ന് കയ്ച്ചോണ്ടിരിക്കല്ലേ. കഴിഞ്ഞ കൊല്ലം ഞാൻ ആഞ്ചിയോ ഗ്രാഫി ചെയ്തപ്പളല്ലേ അറിഞ്ഞേ ഹലാക്കിലെ ഒരു ബ്ലോക്ക് ണ്ടത്രെ നെഞ്ചിന്റവുത്ത്. അതോണ്ട് ഹൃദയം വീക്കാന്നാ എല്ലാവരും പറീണേ. ന്റെ ആയീശാത്താ ഞാനീ കോലത്തിക്ക് അങ്ങോട്ട് ബന്നാ സംശല്ല്യാ രണ്ടാം പക്കം കോവിഡ് ന്നെകേറി പിടിക്കും. ഹൃദയരോഗ്യോളക്ക് പിന്നെ രക്ഷയുണ്ടോ ആയീശാത്താ" സൂറ ഒന്നു തേങ്ങി.

"അതിപ്പോ ഇനിക്കും സുഗറും ഫ്ളസറും ഒക്കെ ല്ല്യേ സൂറാ. അന്നേക്കാളും പൈനഞ്ച് ബയസും കൂടും നിക്ക്"

"അതാ... ആ പറഞ്ഞതാ ആയീശാത്താ നേര്. ഇങ്ങള് ഇന്നെക്കാളീം പൈനഞ്ച് കൊല്ലം ദുനിയാ കണ്ടീണി.. ഇക്കും മോഹണ്ടവൂലേ ഒരു പൈനഞ്ച് കൊല്ലം കൂടി ജീവിച്ചിരിക്കണം ന്ന്"

സൂറ ഫോൺ വെച്ചു.

ആയീശാത്താ കഷ്ടപ്പാടുകളുടെ തിരപ്പുറത്ത് വഞ്ചി ഇറക്കിയ ചേലയ്ക്കായി. ഹാജിയാർക്ക് ബീഫ് ഒലത്തീതും മോരു കാച്ചീതും കൂടിയേ തീരു. ഫിറോസിന് മീനില്ലാതെ എറങ്ങൂല ഒരു വറ്റ് പോലും.

അമന് പച്ചക്കറി കൂട്ടാൻ വേണം. പിള്ളാർക്ക് മാഗിയോ എന്തൊക്കെയോ...

സൂപ്പർ മാർക്കറ്റ് ഹാജിയാരുടെ സ്വന്തമാണ്. വിളിച്ചു പറഞ്ഞാൽ ചെക്കന്മാർ സാധനങ്ങൾ കൊണ്ടു വന്ന് ഗേറ്റിൽ തൂക്കിയിടും ഉമ്മറത്ത് നിന്നും കാൽ കിലോമീറ്റർ നടന്നാലേ ഗേറ്റിലെത്തൂ.

കനത്ത സഞ്ചികളും തൂക്കിപിടിച്ച് തിരിച്ചു നടക്കണം.

ന്നാ മാളേ ഇത് ബച്ചോ കറണ്ടിന്റെ അടുപ്പും ഒരു പാത്രോം ഇജ്ജ് ഫോൺ ചെയ്ത് പറഞ്ഞ് മാഗീയോ ഒക്കിം. പിന്നെ പേപ്പറിന്റെ ബസ്സീം (പ്ലേറ്റ്)."

ഫിറോസിന്റെ കിടപ്പറക്ക് മുന്നിൽ ഒരു കനത്ത സഞ്ചി കൊണ്ട് വെച്ച് മരുമകളെ വിളിച്ചു ആയീശാത്താ.

വൈകുന്നേരം കഴുകി ഉണങ്ങാനിട്ട തുണി പെറുക്കാൻ വീടിന്റെ പിന്നാംപുറത്തേക്ക് ചെന്ന ആയീശാത്താ അന്തിച്ചു നിന്നു. മക്കൾ ജനലിലൂടെ പുറത്തേക്ക് തള്ളിയ മാലിന്യം അത്ര അധികമായിരുന്നു കടലാസ്സുകൾ ഇലകഷണങ്ങൾ ബിസ്ക്കറ്റ് കവറുകൾ അതിലേറെ ആയീശാത്താനെ ഭ്രാന്ത് പിടിപ്പിച്ചത് ചിതറി കെടക്കണെ ലേഡീസ് നാപ്കിനുകളാണ്...

താഴെ നിന്ന് അവർ വിളിച്ചു പറഞ്ഞു.

"നിങ്ങ മര്യാദക്ക് കച്ചറ പിച്ചറ സാധനങ്ങള് പ്ളാസ്റ്റിക്ക് കവറിനകത്ത് ബെച്ച് കെട്ടി ബാൽക്കണീന്റെ മൂലക്ക് ബെച്ചോളിൻ...നെറില്ലാത്തോറ്"

അതിനു പകരം മകൻ ജനലിലൂടെ വിളിച്ചു ചോദിച്ചു.

"ഇമ്മാ തോട്ടക്കാരൻ വരുന്നില്ലാങ്കിൽ ജാക്കീനെ ഒന്നു കുളിപ്പിക്കോ ങ്ങള് നാലീസായിലേ ഓനെ കുളിപ്പിച്ചിട്ട്"

"ഫാ" ആയിസാത്താ നീട്ടിയൊരു ആട്ട്.

അതോടെ ജാക്കി എന്ന പട്ടിയുടെ കാര്യം തീരുമാനമായി.

വൈകുന്നേരം ചായയും ബ്രഡുമായി ചെന്നപ്പോൾ മരുമോൾ കൽകണ്ട കുഴമ്പു പുരട്ടിയ ഒരു വിളി.

"ഇമ്മാ"

എന്തോ കാര്യമായ കാര്യമുണ്ട്. ആയിശാത്താ ചെവി കൂർപ്പിച്ചു.

"ഇമ്മാ ന്റെ ചെടികള് ഒന്ന് നന ക്കണേ. വെലപിടിച്ച ചെടികളാ"

"ഇബിടെ ഇപ്പോ ബെലപിടിപ്പി ല്ലാണ്ട് ഞാം മാത്തറേ ള്ളു" പിറുപി റുത്തു ആയിശാത്ത കോവണി ഇറ ങ്ങി.

താഴെ ഹാജിയാർ ജഗളയിലാണ്.

"എന്തേണ്ടി? ഒരു കോവിഡ് പിടിച്ച് നാലീസം കെടന്നപ്പളക്ക് അനക്ക് ഞാൻ നയാപൈസക്ക് ബെലല്ലാ തായോ ആയിശാ. ടീ... ഇന്നലെം ഇജ്ജ് ഇസ്തിരിയിടാത്ത കുപ്പായോം മുണ്ടും കൊണ്ടത്തന്നു. ടീ... പൈനാ ലീസം കൊറണ്ടയിനി കെടക്കുമ്പോ ഇനിക്ക് മാറ്റി ഉടുക്കാൻ പൈനാല് മുണ്ടും കുപ്പായോം ഇല്ലാണ്ടായോ... അന്റെ തന്തേനെപ്പോലെ എരപ്പാളി യല്ല അരീക്കല് ബാപ്പുട്ടി ഹാജിയാർ... ഓർത്തോ"

മൂന്നാലു ജോടി ഇസ്തിരിയിട്ട മുണ്ടും കുപ്പായവും വാതിൽക്കൽ കൊണ്ട് വെച്ച് ആയിസാത്ത സ്ഥലം വിട്ടു.

പാവം തലയിൽ ഇത്തിരി എണ്ണ പൊത്തിയപ്പോഴാണ് ഓർത്തത് ഇന്ന് പല്ലുപോലും തേച്ചിട്ടില്ല. നാലു ദിവസങ്ങളായി പ്രഭാത ഭക്ഷണം കഴിക്കുന്നില്ല.

കാരണം സുഗറിന്റെ മരി ന്നിനും പിന്നാലെ ഭക്ഷണം കയ്ചണം. അത് നടക്കാറില്ല.

ഉച്ച കഴിഞ്ഞ് രണ്ടു മണി യാകും കുളിക്കാൻ. പെറന്നപ്പം തൊട്ട്ള്ള ശീലമാണ് തലനന ക്കാതെ ഉണ്ണാൻ കൈനനക്കൂ ലാന്ന്.

ചൂടുവെള്ളത്തിന്റെ ബക്കറ്റു മായി പുറത്തെ കുളിപുരയുടെ പടിയിലേക്ക് ആയിശാത്താ കാലെടുത്തുവെച്ചു.

നേരം അഞ്ചരയായി. "സമയ ത്തിന് ഒരാപ്പ്ചായേന്റെ വെള്ളം തരാതെ ഇബളെവിടെ പോയി... ടീ... ആയിശാ..."

ഹാജിയാർ നീട്ടി വിളിച്ചു.

"ഇമ്മാ കുട്ട്യോള് പാലുകുടി ക്കാൻ നേരായിംന്ന് പറഞ്ഞ് ബഹളം ബെക്ക്ണ"

ഇമ്മാ ചായായീലേ... തല പെരുത്തിട്ട് ബയ്യ"

"ഇമ്മാ പട്ടീനെ പിന്നെ കുളി പ്പിക്കാം ഇങ്ങള് ചായ തരിൻ"

ആകെ ബഹളം. ഹാജിയാർ കരുതി.

"ബയക്ക് പറഞ്ഞോന് പെണങ്ങി ഓള് ബാപ്പാന്റെ പെരേലിക്കെ ങ്ങാനും പോയോ?"

അയാൾ അങ്ങോട്ട് ഫോൺ ചെയ്തു. അവിടെ എത്തിയിട്ടി ല്ല.

മക്കൾ ആയിശാത്താന്റെ ഫോണിലേക്ക് വിളി തുടങ്ങി. ഫോണടിക്കുന്നു... പക്ഷേ എടു ക്കുന്നില്ല.

ഫിറോസ് ആരോഗ്യ വകുപ്പി ലേക്ക് വിളിച്ചു വിവരം പറ ഞ്ഞു.

രണ്ടു പോലീസുകാരേയും കൂട്ടി ആരോഗ്യ വകുപ്പുകാർ എത്തിയപ്പോഴേക്കും മണി എട്ടു കഴിഞ്ഞു.

ആറുമണിക്കൂറിലധികം കുളി പ്പുരയുടെ പടിയിൽ വഴുതി വീണ് ഇടുപ്പെല്ലും വലത്തേ കൈയും എല്ലുപൊട്ടി തലയ ടിച്ച് വീണതിനാൽ ബോധം പോയി ആയിശാത്താ ചാറ്റൽ മഴയത്ത് കിടക്കുകയായിരുന്നു.

**(ഇത് ഒരു കോറന്റൈൻ കഥ മാത്രം...)**

---

കവിത



**കവിത എസ്.കെ.**

# വീണ്ടും

**മുള്ളു കൊണ്ടുവോ!**
**ഹൃത്തിന്നരികത്തായ്**
**അൽപമാം ചോര പൊടിഞ്ഞുവോ**
**പെട്ടെന്നു വാർന്നൊഴുകിയോ.**

**കൺകൾ നിറഞ്ഞുവോ**
**ചുണ്ടുകൾ വിതുമ്മിയോ**
**ചെല്ലമായ്കേട്ടോരാ**
**സ്വരം കാതിൽ**
**പതിഞ്ഞെത്തിയോ**
**തിരിഞ്ഞൊന്നു നോക്കിയോ!**

**എങ്ങോ പോയ് മറഞ്ഞതാം**
**ചങ്ങാത്ത കന്നിയെ കൈ നീട്ടി**
**തൊട്ടതാ പിടഞ്ഞു ഉള്ളിനുള്ളിൽ**
**നീലിമയാർന്നോരോർമ്മ ചിത്രം**

**വെറുതെ വെറുതെയീ**
**നേരത്തും തിരഞ്ഞുവോ**
**അരികിൽ പതിഞ്ഞെത്തിയോ**
**കാറ്റിലിത്തിരി സുഗന്ധമായ്**

**മുള്ളു കൊണ്ടുവോ!**
**ഹൃത്തിനരികത്തായ്**
**അൽപം ചോര പൊടിഞ്ഞവോ**
**പെട്ടെന്നു വാർന്നൊഴുകിയോ.**

# ശ്രീ ഭദ്ര ജ്യോതിഷം

കർമ്മം, വിദ്യ, വിവാഹം, ശത്രുദോഷം, മാനസിക പിരിമുറുക്കം, ധനം എന്നിവക്ക് വാസ്തു ജ്യോതിഷത്തിലൂടെ, നാഡി ജ്യോതിഷത്തിലൂടെ, രേഖാ ജ്യോതിഷത്തിലൂടെ ഉത്തമ പരിഹാരം

ദേവശില്പങ്ങളോടുകൂടി കൂടി പൂജാമുറികൾ തയ്യാറാക്കി കൊടുക്കും

ഭവനം, കടകൾ, പ്ലാറ്റുകൾ തച്ചുശാസ്ത്ര വിധിപ്രകാരം സ്ഥാനം നിർണ്ണയിച്ചു കുറ്റിയടി കർമ്മങ്ങൾ ചെയ്തുകൊടുക്കുന്നു

ഫോണിൽ ബന്ധപ്പെട്ടശേഷം മാത്രം വരിക.

വാസ്തു പൂജ ചെയ്തുകൊടുക്കുന്നു

എല്ലാവിധ പൂജകളും യന്ത്രങ്ങളും വിധി പ്രകാരം ചെയ്യുന്നു

നക്ഷത്ര പ്രകാരമുള്ള കല്ലുകൾക്ക് സമീപിക്കാം





ക്ഷേത്ര (കാവ്) പീഠനിർമ്മാണം, പീഠപ്രതിഷ്ഠ ചെയ്തുകൊടുക്കുന്നു.

സുഷാന്ത് എം.പി.
ഫോൺ : 9207943125
തയ്യിൽതാഴം

തച്ചുശാസ്ത്ര വിധിപ്രകാരം മര സംബന്ധമായ എല്ലാ ജോലികളും ചെയ്തുകൊടുക്കുന്നു.


കവിത

ശോഭ മക്കട



# കണ്ണാ എൻ കണ്ണാാാ

അമ്പാടിക്കണ്ണാാാ വാ...
ആരോമൽ പൊന്നുണ്ണിക്കണ്ണാാാ
കുഞ്ഞിക്കൈ രണ്ടിലും വെണ്ണ തരാം
പീലിത്തിരുമുടി കെട്ടിവെയ്ക്കാം
മഞ്ഞൾക്കുറിയും മഞ്ഞപ്പട്ടാടയും നൽകാം
പട്ടും, താമരമൊട്ടും, കദളിപ്പഴങ്ങളും
കാണിയ്ക്ക വെച്ചീടാം
അമ്പാടിക്കണ്ണാ ആരോമൽ പൊന്നുണ്ണിക്കണ്ണാാാ
നെയ്യും പഴവും കൽക്കണ്ടത്തുണ്ടും
പൂജയ്ക്കൊരുക്കിവെയ്ക്കാം.
എന്നും തിരുമുമ്പിൽ കർപ്പൂരം കത്തിക്കാം
പൊന്നുഷസ്സന്ധ്യയ്ക്ക് നെയ്ത്തിരി-
കത്തിച്ച് ദീപം തെളിയിക്കാം (അമ്പാടി...)
ചാരത്തൊരിത്തിരി നേരമിരുന്നാ-
പാദാരവിന്ദങ്ങളൊന്നു തൊഴാാാ
നെൻമിഴിയാൽ തൊടാൻ... (അമ്പാടി...)
കൃഷ്ണാ കൃഷ്ണാ ാ ാാ ഗുരുവായൂരപ്പാ ാ ാ ാ

# New Style Dresses



Gents & Ladies



Sastha Complex
**Golden Bazar**
Mananthalathazham, Kozhikode
Mob: Mohandas 9387966863

## NAKSHATHRA SILKES & SAREES

P.S.C. BANK BUILDING
Pantheerankave, Mob: 9400931425



SilkDesigner Sarees
Churidar Materials Kids Wears



## ന്യൂകൃപ

**എക്സ്റേ & ലബോറട്ടറി**

**വയനാട് റോഡ്, Op. ഫാത്തിമ ഹോസ്പിറ്റൽ,**
**കോഴിക്കോട്**
**MOB : VINODINI HARIDAS 9400592584**

**T. Kumaran Vaidyar's**
## JAYAPRAKASH PHARMACY
**Malapparamba, Kozhikode - 9,**



**Kerala, India**
**Jayaprasad P.K.**
**Mob : 9447059880**





## DHANA LAKSHMI JEWELLERY





**P.V.S. Shopping Complex,**
**Cheriya Mankave, Kozhikode - 7**
**Prop : M.C. Vinodkumar : Mob : 9847070204**
**Shop : 2331737, Resi : 2324410**

## MANAMKULAM TIMBERS

Chalappuram P.O., Calicut 673 002, Kerala
Whole Sale and Retail Dealer of all Types of Timber logs & Sizes, Nilotika Sizes Available
Ph: Abdul mNazer - 9847010745
Mohemed Faizel - 9847133878

## P.V. ENTERPRISES

DEALERS IN ELECTRICAL & PLUMBING MATERIALS

17/1894/A6, Abba Arcade, East Kottaparamba
G.H. Road, Kozhikode- 1
Ph : 0495 2724100, 9387338100

## MANAMKULAM ENTER PRISES

Chalappuram P.O., Calicut 673 002, Kerala
Ph: **Off: 2302884, Res: 2301916, Mohemmed Ashraf - 9847755130, Faras : 8943957157, 7012461655**
WHOLE SALE DEALER OF ANCHOR PLYWOOD & WESTERN INDIA PLYWOOD / Dealers: Plywood, Laminated Sheets, Black Boards, Aluminium Items, Hardware, Timbers etc...


## Highness Cool

Refrigeration & Air Conditioning

Near Post Office, Mankave, Calicut- 7
(Service for A/C, Fridge)
Washing Machine, Spray Painting, etc...
Mob : 9349810003

## Orange

**men`s Beauty parlor**
**A R Complex, Mankave,**
**Kozhikode 673 007**
**Mob: 9447949402**



## PRADEEP

**ENGINEERING AUTO MOBILES**



**Parayancheri, Kozhikode- 16**
**Mob: PRADEEP - 9746648048**



**TRESS WORK, GATE, GRILL etc**

## CAR TECH

**Krishnan Nair Road Junction, Karaparamba,**
**Calicut-10 Mob: Suresh Babu 9495640243,**
**Ph: 2377017, Res: 2376189**



**GOVERNMENT APPROVED**
**A SERVICE CENTER FOR MECHANICHAL ENGINEERING PACH WORKS & SPRAY PAINTING FOR ALL CARS & JEEP**

കഥ



രജികുമാർ പുലാക്കാട്

# ഗെയിം പ്ലാൻ



മഹാനഗരത്തിൽ നിന്ന് നൂറ്റമ്പതു കിലോ മീറ്റർ ദൂരെ, നാഷണൽ ഹൈവേയോടു ചേർന്നു കിടന്ന പുരാതനമായ ദുർഗ്ഗാക്ഷേത്രമുറ്റത്ത് ഒമ്പതാമത്തെ ലോറിയും കിതച്ചു നിന്നു.

"എല്ലാവരും ഇറങ്ങണം"

നാലഞ്ചു മണിക്കൂറുകൾ നല്ല ഒന്നാം തരം വെയിൽയാത്ര ചെയ്ത് കത്തിക്കരിവാളിച്ച ലോറി യാത്രക്കാരോട് ഗൂർഖയെപ്പോലെ യൂണിഫോം ധരിച്ച ചെറുപ്പക്കാരൻ വിസിലൂതിക്കൊണ്ട് ആജ്ഞാപിച്ചു. ലോറിയിൽ നിന്നിറങ്ങിയ മുപ്പത്തിയേഴ് യാത്രകാർക്കും അയാളും സഹായിയും ഓരോ പൊതി ചെറുനാരങ്ങച്ചോറു കൊടുത്തു.

"ഇതും തിന്ന് സൗകര്യം പോലെ എല്ലാവരും പൊയ്ക്കൊള്ളണം. അടുത്തു തന്നെ ധാരാളം ചെറിയ ചെറിയ പട്ടണങ്ങളുണ്ട്. പോക്രിത്തരം കാട്ടാതെ മര്യാദക്കു നടന്നാൽ കക്കാതെ തന്നെ ജീവിച്ചു പോകാം. നഗരത്തിലേക്കു മാത്രം ആരും തിരിച്ചു വരരുത്. സർക്കാർ പറഞ്ഞാൽ പറഞ്ഞതാണ്. തിരിച്ചു വന്നാൽ ഇനി ജയിലായിരിക്കും പറഞ്ഞില്ലെന്നു വേണ്ട."

യാത്രയുടെ വളിച്ച ഉഷ്ണഗന്ധം യാത്രികരിലുപേക്ഷിച്ച് ലോറി, വന്നവഴിക്ക് മഹാനഗരത്തിലേക്കു തന്നെ തിരിച്ചു പോയി. ഇനിയുമെത്രയോ ദുർഗന്ധങ്ങളെ വഹിക്കാനുള്ളതാണ്.

മഹാനഗരത്തിൽ നിന്ന് യാചകരെയും ചെറുകിട കള്ളൻമാരെയും പോക്കറ്റടിക്കാരെയും അലഞ്ഞു നടക്കുന്ന അല്ലറചില്ലറ മറ്റലവലാതികളെയും വഹിച്ചു കൊണ്ടുള്ള ഒമ്പതാമത്തെ ലോറിയായിരുന്നു അത്.

നഗരത്തിൽ അടുത്തു തന്നെ നടക്കാൻ പോകുന്ന, ഒട്ടുമിക്ക രാജ്യങ്ങളിൽ നിന്നും കായികതാരങ്ങൾ പങ്കെടുക്കുന്ന വിശിഷ്ടാതിഥികളായി ബ്രിട്ടീഷ് യുവരാജാവും പത്നി യുവറാണിയും പങ്കെടുക്കുന്ന കായിക മഹോത്സവത്തിനായുള്ള നഗര സജ്ജീകരണത്തിന്റെ ഭാഗമായ "ക്ലീൻ ആൻഡ് ഗ്രീൻ സിറ്റി" യുടെ ഒരു ഭാഗമായിരുന്നു ഈ കുടിയൊഴിപ്പിക്കലും. "യാചകരഹിത നഗരം" ഇനി ലോകശ്രദ്ധയാകർഷിക്കാൻ പോകുകയാണ്. ഈ ആതിഥ്യമര്യാദകളിലൂടെയും ഉദാരസത്കാര സൗന്ദര്യ പ്രകടനങ്ങളിലൂടെയും വേണം നഗരത്തിന്റെ, അതിലൂടെ രാജ്യത്തിന്റെ മഹത്തായ സംസ്കാരം അതിർത്തികൾ കടന്ന് രാജ്യരാജ്യങ്ങളിൽ എത്തിപ്പെടാൻ. കായികം ഇന്ന് വെറും വിനോദത്തിനുപരി മറ്റുപലതുമാണ്. കേളീമൈതാനങ്ങളിലൂടെ നാം ലോകത്തിനു മുമ്പിൽ നമ്മുടെ നയതന്ത്രചാരുത അവതരിപ്പിക്കുന്ന രീതി രാഷ്ട്രതന്ത്ര വിദ്യാർത്ഥികൾക്ക് പഠനവിഷയമാകാനിരിക്കുന്നതേയുള്ളൂ. നമ്മുടെ രാജ്യവും മറ്റൊരു ലോകമഹാശക്തിയാണെന്ന് തെളിയിക്കാൻ ദൈവം കനിഞ്ഞു നൽകിയ ഈ മഹത്തായ അവസരം നാം ഒരിക്കലും പാഴാക്കിക്കൂടാ. കൂടുതൽ വേഗത്തിൽ.... കൂടുതൽ ഉയരത്തിൽ... കൂടുതൽ ശക്തിയിൽ... സെക്കന്റിന്റെ നൂറിലൊരംശം വ്യത്യാസത്തിൽ ഈ പ്രപഞ്ചജാതകമേ മാറി മറിയാം.

പേരിൽമാത്രം ധർമ്മുള്ള ഈ (അ)ധർമ്മക്കാരാണ് നഗരത്തിലെ മിക്കവാറും കൊള്ള, കളവ്, പിടിച്ചുപറി, വ്യഭിചാരം തുടങ്ങിയ സുകുമാര കലകൾക്ക് കാരണഭൂതർ എന്ന് ഇന്റലിജൻസ് റിപ്പോർട്ടുകൾ അടിവരയിട്ട കാര്യമാണ്. എന്നാൽ അവരെ ഇല്ലായ്മ ചെയ്യുക അത്ര സുഗമമായ കാര്യമൊട്ടല്ലതാനും. ലോകത്തെ ഏറ്റവും വലിയ മതേതര ജനാതിപത്യ റിപ്പബ്ലിക്കാണു നാം. മനുഷ്യാവകാശങ്ങൾ നമുക്ക് പ്രാണവായു പോലെയാണ്. ഉറുമ്പിൻ കൂട്ടങ്ങൾ പോലെ ഇവറ്റകൾ സമീപഗ്രാമങ്ങള്ളിൽ നിന്നും നഗരത്തെ വലയം ചെയ്ത് ശ്വാസം മുട്ടിച്ചുകൊണ്ടേയിക്കും. (മാവോ ക്ഷമിക്കട്ടെ). സ്പോർട്സ് മന്ത്രിയും ചീഫ്സെക്രട്ടറിയും നഗരമേയറും മറ്റുന്നത ഉദ്യോഗസ്ഥരുമടങ്ങുന്ന കായികമാമാങ്ക നടത്തിപ്പു കമ്മറ്റിയുടെ പ്രധാന

നിർദ്ദേശങ്ങളിലൊന്ന് യാചകരെ നഗരത്തിൽ നിന്ന് ഒഴിപ്പിക്കുക എന്നതായിരുന്നു. നഗരത്തിന്റെ വൃത്തികെട്ട ചതുപ്പുകളിലും ചേരികളിലും ഫ്ളൈഓവറുകൾക്കു താഴെയുമായി ഈച്ചകളെപ്പോലെ കൂട്ടം കൂട്ടമായി തിങ്ങിപ്പാർക്കുന്ന അസംഘടിതരായ യാചകരെയും മറ്റ് അല്ലറ ചില്ലറ തെരുവു മനുഷ്യരെയും യുദ്ധകാലടിസ്ഥാനത്തിൽ പുറത്താക്കുകയാണ്. ഓപ്പറേഷൻ ബെഗർ സ്റ്റാർ.!!

"ഗാന്ധിയപ്പൂപ്പാ,ഗാന്ധിയപ്പൂപ്പാ..." മണ്ണെണ്ണയും ടർപെന്റെയിന്റെയും കുത്തുന്ന നാറ്റമുള്ള തോൾ സഞ്ചിയിൽ തല ചായ്ച്ച്, വാടിയ ചേമ്പിൻ തണ്ടുപോലെ മയങ്ങുന്ന വൃദ്ധനെ കുട്ടി തോണ്ടി വിളിച്ചു.

വൃദ്ധൻ പങ്കപ്പാടോടെ കണ്ണു തുറന്നു. സൂര്യൻ തീവ്രത കുറഞ്ഞ് പടിഞ്ഞാട്ട് കുറെക്കൂടി നീങ്ങിയിരിക്കുന്നു.

"അപ്പൂപ്പാ, എല്ലാവരും പോയിരിക്കുന്നു"

വള്ളിട്രൗസറും നാലാൾക്കു പാകത്തിലുള്ള പഴകിപ്പിഞ്ഞിയ വലിയ കള്ളിക്കുപ്പായവുമിട്ട്, എപ്പോഴും ഓരോ കുസൃതികളൊപ്പിക്കുന്ന അവൻ ആകെ പരിഭ്രാന്തനാണ്.വൃദ്ധൻ അവന്റെ തല പതുക്കെ തലോടി. സത്യത്തിൽ അവനേക്കാൾ വ്യാകുലനായ തനിക്കെങ്ങനെ എല്ലാം മറന്ന് മയങ്ങാൻ കഴിഞ്ഞുവെന്ന് വൃദ്ധൻ അത്ഭുതപ്പെട്ടു. ആവശ്യമില്ലാത്തപ്പോൾ ഉറക്കവും ആവശ്യമുള്ളപ്പോൾ ഉറക്കകുറവും വാർദ്ധക്യത്തിന്റെ പല തമാശകളിലൊന്നായിരിക്കാം. ഇത് യാത്രാക്ഷീണം തന്നെയാണ്. തിക്കിനും തിരക്കിനുമിടയിൽ നിന്നും ഇരുന്നും കഞ്ചാവിന്റെയും ബീഡിയുടെയും പുകയും ഉഷ്ണത്തിന്റെയും പാൻമസാലയുടെയും ദുർഗന്ധവും സഹിച്ച്, ഓക്കാനത്തെ അടക്കിപ്പിടിച്ച് നാലുനാലര മണിക്കൂറുകൾ, മുകളിൽ കുത്തിത്തുളയ്ക്കുന്ന സൂര്യനും താഴെ കാർന്നു തിന്നുന്ന യന്ത്രവും. ഇടയിൽ പുകഞ്ഞു വേവുന്ന മനസ്സുകളും ശരീരങ്ങളും. കായ പഴുക്കാൻ പുകയിട്ടതുപോലെ. ജീവിതത്തിലെ, ഒരിക്കലും തീരില്ലെന്നു കരുതിയ മഹാനഗരത്തിൽ നിന്ന് മഹാനരകങ്ങളിലേക്കുള്ള യാത്ര.

വൃദ്ധൻ സഞ്ചിയിൽ നിന്ന് മണ്ണെണ്ണ ചൊയയ്ക്കുന്ന ഒരു ബണ്ണെടുത്ത് ചെക്കനു നീട്ടി. തോർത്തുകൊണ്ട് പൊതിഞ്ഞു കെട്ടിയ വെള്ളകുപ്പിയിൽ നിന്ന് ഒരിറക്കു വെള്ളം കുടിച്ചു. വെള്ളത്തിനു നല്ല ചൂടുണ്ട്. ദാഹം മാറണമെങ്കിൽ ഇത്തിരി നനവ് ചങ്കിൽതട്ടണം. നനച്ചുകെട്ടിയ തോർത്ത് ഉണങ്ങി കൊണ്ടാട്ടമായിരിക്കുന്നു. അയാൾ അരക്കെട്ടിലെ അളുക്കിൽ നിന്ന് പൊടിയെടുത്ത് വിസ്തരിച്ച് മൂക്കിൽ കയറ്റി.

നഗരത്തിലേക്ക് ഇഴഞ്ഞിഴഞ്ഞു പോകുന്ന കപ്പൽ പോലത്തെ ഒരു ചരക്കു ലോറിയിൽ നിന്ന് ചാടിയിറങ്ങിയ ക്ലീനർ റോഡരുകിൽ കുങ്കുമം പൊതിഞ്ഞ, ചെറുനാരങ്ങ കുത്തിനിർത്തിയ ത്രിശൂലത്തിനടുത്ത് ഒറ്റക്കാലിൽ നിർമ്മിച്ച തുരുമ്പിച്ച ഭണ്ഡാരപ്പെട്ടിയിലേക്ക് ചില്ലറയിട്ട്, അമ്പലത്തിലേക്കു നോക്കി കൈകൊണ്ട് ചുണ്ടും നെഞ്ചും തൊടുവിച്ച് വീണ്ടും ലോറിയിലേക്കു വലിഞ്ഞു കയറി. ലോറിയുടെ ആയാസവും ആമപ്പോക്കും കണ്ടാൽ ഏതോ യുഗത്തിൽ നിന്ന് മറ്റേതോ യുഗത്തിലേക്കുള്ള അനന്തമായ യാത്രയാണെന്നേ തോന്നൂ. നിത്യപൂജയുടെ ദുശ്ശാഠ്യങ്ങളൊന്നുമില്ലാത്ത രുദ്രരൂപിണി ലോറി ഡ്രൈവർമാരുടെയും ക്ലീനർമാരുടെയും ചെറിയ പാരിതോഷികങ്ങളിൽ സംപ്രീതയാവുന്നു. അപകടരഹിതമായി ലക്ഷ്യമണയാൻ തുണയാവുന്നു.

വൃദ്ധൻ കാലുനീട്ടി വേപ്പുമരത്തിൽ ചാഞ്ഞിരുന്ന് അമ്പലവും പരിസരവും വിലയിരുത്തി. പിന്നിലെ വിശാലമായ തരിശുകൾക്കൊടുവിൽ നിറം മങ്ങിയ മലയോരങ്ങളിലായി ചെറിയ വല്ല ഗ്രാമവുണ്ടായിരിക്കാം. ചൊവ്വ, വെള്ളി ദിവസങ്ങളിൽ അമ്പലത്തിൽ വിളക്കു വെക്കാൻ ഒരു പക്ഷേ, അവിടെയൊരു പൂജാരിയും.

വൃദ്ധനെയും കുട്ടിയെയും കൂടാതെ അവിടെ മറ്റൊരാൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. അവരുടെ ചെയ്തികളിലേക്ക് കുസൃതിയോടെ ശ്രദ്ധിച്ചിരുന്ന, കണ്ടാൽ മാന്യനെന്നു തോന്നിക്കുന്ന അയാളോട് വൃദ്ധൻ സമയം ചോദിച്ചു. നാലരയായിരിക്കുന്നു. ഇനിയും ഇവിടിരുന്നിട്ടു കാര്യമില്ല. രാത്രിയോടെ അടുത്തുള്ള ഏതെങ്കിലും പട്ടണത്തിലെത്തണം. കുട്ടിയുടെ കൈപിടിച്ച് വൃദ്ധൻ എണീറ്റു. സഞ്ചി തോളിലിട്ടു. വടിയെടുത്തു. കുട്ടി തുണിക്കെട്ടെടുത്ത് തലയിൽ വെച്ചു. യാത്രക്കൊരുങ്ങി. പിന്നെ തങ്ങളിൽ കുതുകിയായിരുന്ന സഹയാത്രികനോട് വൃദ്ധൻ ചോദിച്ചു. "നിങ്ങൾ വരുന്നില്ലേ?" ഉണ്ടെന്നും ഇല്ലെന്നും പറയാതെ അയാളും എണീറ്റ് തന്റെ കൗബോയ് തൊപ്പി തലയിൽ വെച്ച് സഞ്ചിയെടുത്തു. നീണ്ടു കിടന്ന ദേശീയപാതയുടെ ടാറിടാത്ത ഓരത്തുകൂടെ മൂവരും പുതിയ ഭൂഖണ്ഡങ്ങളിലേക്കുള്ള തങ്ങളുടെ യാത്ര തുടങ്ങി.

"ഒരു രണ്ടുമണിക്കൂറോളം നടന്നാൽ അടുത്തൊരു പട്ടണമുണ്ട്. ചിലപ്പോൾ വല്ല ലോറിയും കിട്ടും." സഹയാത്രികൻ പറഞ്ഞു. വൃദ്ധൻ ഒരു മുടന്തൻ ചിരി വരുത്തി. "ഒരു ലോറിയാത്ര സഹിച്ചതല്ലേ, ഇനി നമുക്കൽപം നടക്കാം."

ഒരു മഹായാത്ര കഴിഞ്ഞതേയുള്ളൂ. അതിനുതൊട്ട് മറ്റൊന്ന്. നഗരത്തിൽ സ്വന്തമായി ഒന്നുമില്ലായിരുന്നെങ്കിലും ഫ്ളൈഓവറിനു താഴെ, കൂറ്റൻ സിമന്റുപില്ലറിനു ചുവട്ടിലെ സ്ഥിരം സ്ഥാനം വിട്ടൊഴിയുമ്പോൾ കുട്ടിയുടെ കൈപിടിച്ച് തിരിഞ്ഞു നോക്കി വൃദ്ധൻ കരയുകയായിരുന്നു. ആ തണുത്ത സുരക്ഷിതത്വത്തിലേക്ക് ഇനിയൊരു തിരിച്ചുവരവുണ്ടാകുമെന്ന് തോന്നുന്നില്ല. ആഫിസർമാർ പുല്ലും പുലയാട്ടും പറഞ്ഞ് തിരക്കുകൂട്ടി. അവരെ പറഞ്ഞിട്ടു കാര്യമില്ല. അവരുടെ മേലെയുള്ളവർ അവരെയും തിരക്കുകൂട്ടിയിട്ടുണ്ടാകും. ഏറ്റവും മേലുള്ളവൻ തിരിക്കു കൂട്ടുമ്പോൾ എല്ലാ ഇടങ്ങളും വിട്ടുപോകേണ്ടിവരും. എടുക്കാൻ ഓർമ്മകളുടെ ഭാരം പോലുമില്ലാത്ത തങ്ങൾക്കെന്തൊരുങ്ങാൻ. ഭാണ്ഡവും വടിയുമെടുത്ത് കുട്ടിയുടെ കയ്യും പിടിച്ച് വൃദ്ധൻ ലോറിയിൽ കയറി.

"നിങ്ങളെങ്ങനെ ഈ നരകത്തിലെത്തി? കണ്ടാൽ ഞങ്ങളെപ്പോലെയാണെന്ന് തോന്നുന്നുമില്ല" സംസാരമധ്യേ വൃദ്ധൻ സഹയാത്രികനോടു ചോദിച്ചു.

"ഞാൻ ഭ്രാന്തനാണ്" ഒരു ഫലിതം പറഞ്ഞതുപോലെ അയാൾ ഉറക്കെ സ്വയം ആസ്വദിച്ചു ചിരിച്ചു. പിന്നെ പറഞ്ഞു. "എനിക്കിത് സ്വർഗ്ഗമാണ്."

വൃദ്ധനും യാത്രയുടെ കനം മറന്ന് ചിരിച്ചു. "സ്വയം അതംഗീകരിക്കുന്ന ആദ്യത്തെ ഭ്രാന്തൻ താങ്കളായിരിക്കും. ഒരാൾ ഭ്രാന്തനാണോ അല്ലയോ എന്നു നിശ്ചയിക്കുന്നത് മറ്റുള്ളവരല്ലേ?"

"മറ്റു വഴികളൊന്നും തെളിയാതിരുന്നതിനാൽ എന്റെ കാര്യം ഞാൻ സ്വയം നിശ്ചയിച്ചു. നിയന്ത്രണങ്ങളുടെയും വിധേയത്വങ്ങ

ളുടെയും ഭാരമില്ലാതെ, നിയമരഹിതനായി, ഭ്രാന്തുപിടിച്ച സമൂഹത്തിനു മുകളിൽ ഓർമ്മകളുടെ നൂലുപൊട്ടിച്ച് ഒരപ്പൂപ്പൻതാടി പോലെ പാറി നടക്കാൻ ഇതിലും വലിയൊരു മാർഗ്ഗം എനിക്കു തെളിഞ്ഞില്ല"

മഹാനഗരത്തിൽ നിന്ന് പുറന്തള്ളപ്പെട്ടതിന്റെ വേദന ഇപ്പോൾ അത്രക്കു തോന്നുന്നില്ല. തരിശുകളിലൂടെ സൗമ്യമായി കടന്നു പോകുന്ന വീതിയേറിയ ദേശീയ പാതക്കിരുവശങ്ങളിലും പല നിറത്തിലുള്ള ഇലഞ്ഞികൾ പൂത്തു നിൽക്കുന്നു. ഇടക്കിടക്ക് പന്തലിച്ചു നിൽക്കുന്ന അന്തർമുഖമായ വയസ്സൻ പുളിമരങ്ങളും ഒറ്റപ്പെട്ട വേപ്പുമരങ്ങളും. അവയുടെ ഭൂതസ്വപ്നങ്ങളുടെ ധന്യത അറിഞ്ഞാദരിച്ചെന്നവണ്ണം ഒഴുകിപ്പോകുന്ന വലിയ ചരക്കുലോറികൾ. നേർത്ത വെയിലും ഇളംകാറ്റും നിത്യജീവിതത്തിന്റെ ആവലാതികളിൽ നിന്ന് ലാഘവത്വം നിറഞ്ഞൊരു ദാർശനികത ജീവിതത്തിനുണ്ടെന്നു തോന്നിപ്പിക്കുന്ന ഭ്രാന്തന്റെ വാക്കുകളും യാത്രയെ സഹനീയവും രസകരവുമാക്കുന്നു. അവർക്കു പിന്നിൽ, തന്റെ ലോകങ്ങളിൽ നടന്നിരുന്ന കുട്ടി ഇടക്കിടെ പ്രകൃതി വിസ്മങ്ങളിൽ നിന്ന് തിരിച്ചു വന്ന് മുതിർന്നവരുടെ വർത്തമാനങ്ങളിൽ നിറയുന്നു. ഇളം മഞ്ഞ വെയിലത്തു തിളങ്ങുന്ന വിചിത്രൻ തൊപ്പിയും കോട്ടുപോലത്തെ നീളൻ കുപ്പായവും താടിയും എല്ലാം കൂടി അവന്റെ മനസ്സിൽ ഭ്രാന്തൻ, പണ്ടെന്നോ കണ്ട ഒരു ഹിന്ദി കൊബോയ് സിനിമയിലെ നായകനായിക്കഴിഞ്ഞിരുന്നു.

വലിയ കുടുംബത്തിൽ പിറന്ന് തഹസിൽദാരായി റിട്ടയർ ചെയ്തയാൾ. വിദേശത്തു, പേരെടുത്ത എംഎൻസികളിൽ ഉയർന്ന ഉദ്യോഗസ്ഥരായ രണ്ടു മക്കളും കുടുംബവും നാട്ടിലെത്തി അച്ഛന്റെ റിട്ടയർമെന്റ് ഫങ്ഷൻ ഗംഭീരമാക്കി സാമാന്യം ഉയർന്ന ഗ്രാറ്റ്യുവിറ്റിയും ഭേദപ്പെട്ട കമ്മ്യൂട്ടേഷൻ തുകയും ജനറൽ പ്രോവിഡ് ഫണ്ടുമായി മക്കൾ വീണ്ടും തിരിച്ചു പറന്നപ്പോൾ നാട്ടിൽ അയാൾ മാത്രം ഓർമ്മകളുടെ നടുക്ക് ബാക്കിയായി. മക്കൾ നിർദ്ദേശിച്ച ഫൈവ്സ്റ്റാർ വൃദ്ധസദനത്തിൽ പെൻഷനും വാങ്ങി സുഖമായി അടങ്ങിയൊതുങ്ങിക്കഴിഞ്ഞുകൂടാൻ കുട്ടിത്തത്തിലേക്കു തിരിച്ചു നടക്കാൻ തുടങ്ങിയതുകൊണ്ടോ എന്തോ അയാൾക്കായില്ല. മക്കളുടെ കണക്കു കൂട്ടലുകളിൽ നിന്ന് പുറത്തുകടക്കാൻ അയാൾ കണ്ടെത്തിയ ഉപായമാണ് ഭ്രാന്ത്. മൂത്ത മകന്റെ സുഹൃത്തായ ഭ്രാന്തിന്റെ ഡോക്ടറുടെ കണ്ണുവെട്ടിച്ച് മഹാനഗരത്തിന്റെ അനന്തവിഭ്രാന്തികളിലേക്ക് ഒരുനാൾ അയാൾ അദൃശ്യനായി. ഭ്രാന്തിന്റെ സാധ്യതയും സ്വാതന്ത്ര്യവും അയാൾ ശരിക്കും ആഘോഷിക്കുമ്പോഴാണ് യാചകരുടെയും ചേരിവാസികളുടെയും കൂടെ അയാളെയും നഗരാധികാരികൾ ലോറി കയറ്റിയത്. അവരുടെ കളികളിൽ നിന്ന് വ്യത്യസ്തമായ ഭ്രാന്തിന്റെ കളിനിയമങ്ങൾ അവർക്കൊരിക്കലും മനസ്സിലായതുമില്ല.

വഴിയോരത്തു കണ്ട ഒറ്റപ്പെട്ട ഒരു ഡാബയിൽ അവർ കയറി. രണ്ടുമൂന്നു ലോറിക്കാരും അവരുടെ കൂട്ടത്തിൽ വന്ന അഞ്ചാറു യാചകരും ഗ്രാനൈറ്റിന്റെ കറുത്ത വട്ടമേശകളിലിരുന്ന് ലഘുഭക്ഷണവും ചായയും കഴിക്കുന്നുണ്ട്. ഡാബ തിരക്കുപിടിക്കാൻ രാത്രിയാവും.

ഭ്രാന്തൻ ഒരു നിമിഷം ഡാബക്കു പിന്നിലേക്ക് അപ്രത്യക്ഷനായി . വൃദ്ധനും കുട്ടിയും മണ്ണെണ്ണ ചൊയയ്ക്കുന്ന ബണ്ണും ചായയും കഴിച്ചു. ഭ്രാന്തൻ വായ തുടച്ചുകൊണ്ട് ഒരു കള്ളച്ചിരി ചിരിച്ച് അവരുടെ അടുത്തു വന്നിരുന്നു.

"നല്ല വാറ്റുണ്ട്., നോക്കുന്നോ?"

അയാൾ ഡാബക്കു പിന്നിൽ മഴവിൽപ്പാവാടകളും കല്ലുമാലകളും കൈനിറയെ കുപ്പിവളകളും വലിയ മുക്കൂത്തികളുമണിഞ്ഞ തട്ടനിട്ട സുന്ദരികളായ ബഞ്ചാര സ്ത്രീകൾ വിൽക്കുന്ന നാടൻ ചാരായവും കായൽ മീൻചാറും അടിക്കാനാണ് പോയതെന്ന് വൃദ്ധന് മനസ്സിലായി.

വൃദ്ധൻ കുട്ടിയുടെ മുഖത്തേക്ക് പാളി നോക്കി. അവൻ വേണ്ടന്ന് തലയാട്ടി. വേണ്ടെങ്കിൽ വേണ്ട. ഇനി അതുമതി ചെക്കന് നാലു ദിവസത്തേക്ക് കൊല്ലി വീർപ്പിച്ചു നടക്കാൻ. കഴിക്കുമ്പോളൽപം മേലുവേദന കുറയുമെന്നല്ലാതെ ആ കുറ്റബോധം തന്നെ കുറെക്കാലം പൊള്ളിച്ചു കൊണ്ടിരിക്കും.

ഭ്രാന്തൻ കുട്ടിക്ക് ഒരു ചോക്ലേറ്റ് പാക്കറ്റ് വാങ്ങി കൊടുത്തു.

"പേരെന്താ?" ചോക്ലേറ്റ് പാക്കറ്റ് തിരിച്ചും മറിച്ചും നോക്കുന്ന അവനോട് ഭ്രാന്തൻ ചോദിച്ചു. അവൻ വൃദ്ധനെ മിഴിച്ചു നോക്കി. വൃദ്ധൻ ഭ്രാന്തനെ നോക്കി ചിരിച്ചു.

"അവനങ്ങനെ പ്രത്യേകം പേരൊന്നുമില്ല"

മനുഷ്യരിലെ ഒരു പുതിയ വർഗ്ഗീകരണം ഭ്രാന്തൻ മനസ്സിലാക്കുകയായിരുന്നു: പേരുള്ളവരും ഇല്ലാത്തവരും!

സൂര്യൻ മലനിരകളിലേക്ക് ചുവന്നിറങ്ങാൻ തുടങ്ങിയിരുന്നു. ഇളംകാറ്റിൽ യാത്രയുടെ ദൂരം അവർ കഥകൾ കൊണ്ടളന്നു. ഓരോ ജീവിതവും ഓരോ യാത്രകളാണ്. യാത്രയുടെ വിസരതയും വേദനയുമകറ്റാൻ ഓരോരുത്തരും സ്വയം ഓരോ കഥകളായി തീരുന്നു.

യാചകഗണത്തിൽപ്പെടുത്തി നഗരം നാടുകടത്തിയെങ്കിലും വൃദ്ധൻ യാചകനായിരുന്നില്ല. നഗരത്തിലെ സമ്മേളന സ്ഥലികളിലും ഉത്സവപ്പറമ്പുകളിലും ആളുകൂടുന്ന മറ്റു ഘോഷങ്ങളിലുമെല്ലാം വൃദ്ധനും കുട്ടിയും ഉണ്ടായിരിക്കും. വൃദ്ധൻ സമ്മേളന പന്തലുകൾക്ക് മുമ്പിൽ കുമ്മായപ്പൊടി കൊണ്ട് വൃത്തം വരച്ച് അതിനുള്ളിൽ ശരീരം മുഴുവൻ സിൽവർ പെയ്ന്റ് തേച്ച് ഗാന്ധിവേഷം ധരിച്ച് നിശ്ചലനായി മണിക്കൂറുകൾ അങ്ങനെ ഒരേ നിൽപുനിൽക്കും. കളത്തിനു പുറത്ത് വൃദ്ധന്റെ സഹായിയായ കുട്ടി ഒരു തോർത്ത് വിരിച്ച് അതിനു മുന്നിലിരിക്കും. സമ്മേളനത്തിനു വന്നവരുടെ ദയാദാക്ഷിണ്യങ്ങളും അത്ഭുതങ്ങളും തമാശകളും തോർത്തിൽ നാണയങ്ങളായി പതിക്കും. വൃദ്ധന്റെയും കുട്ടിയുടെയും ജീവനാധാരം തോർത്തുമുണ്ടിൽ വീഴുന്ന ഈ ദയാഗാന്ധേയമായിരുന്നു. വളരെ ചെറുപ്പത്തിൽ എന്നോമഹാത്മാഗാന്ധിയെക്കണ്ട ചെറിയൊരോർമ്മയിൽ നിന്ന് വൃദ്ധൻ സ്വയം ഗന്ധിയാവുകയായിരുന്നു. ഗാന്ധിജിയുടെ കൃപകൊണ്ട് ഒരിക്കലും ഇരക്കേണ്ടി വന്നിട്ടില്ലെന്ന് വൃദ്ധൻ .

മേലാസകലം സിൽവർപെയ്ന്റ് പൂശി, താറുടുത്ത്, പൊട്ടിയ വട്ടക്കണ്ണടവെച്ച്, വലം കയ്യിൽ മുളവടിയൂന്നി, മറുകയ്യിൽ ഗീത പിടിച്ച്, വലതുകാൽ മുമ്പോട്ടുവച്ച് അൽപം മുന്നിലേക്കാഞ്ഞ് ഒരു യാത്രയിലെന്ന പോലെ ഒറ്റനിൽപാണ്. എത്രവയ്യെന്നു തോന്നിയാലും ഗാന്ധിജിയായി വേഷം മാറിയാൽ പിന്നൊരു ഊർജ്ജപ്രവാഹമാണ്. ചുറ്റുമുള്ള ആരവങ്ങളിൽ നിന്ന് മനസ്സ് മഹാത്മാവിലേക്കെത്തിയാൽ പിന്നെ

(ശേഷം പേജ് 39 - ൽ)

# നക്ഷത്രരാജ്യം ത്രൈമാസിക മാനേജ്മെന്റ് "ത്രൈമാസിക" നേരിട്ട് സപ്ലൈ ചെയ്യുന്ന കോഴിക്കോട് സിറ്റി, കൊയിലാണ്ടി, മഞ്ചേരിയിലെ പ്രധാനപ്പെട്ട കടകൾ

*ശാസ്താസ്*
(Near K.S.R.C stand)
സിറ്റി ടവറിന് എതിർവശം
മാവൂർറോഡ്, കോഴിക്കോട്.
*കോളിറ്റി സ്റ്റേഷനറി*
7/940,കോർട്ട് റോഡ്
രണ്ടാം റെയിൽവേ ഗേറ്റിന് സമീപം
കോഴിക്കോട്- 673001
ഫോൺ: 2721358
*കെ.ആർ. ബ്രദേഴ്സ്*
എസ്.എം. സ്ട്രീറ്റ്
കോഴിക്കോട്- 673001, ഫോൺ: 2720565
*അളകാപുരി സ്റ്റേഷനറി,*
പാളയം, കോഴിക്കോട്, ഫോൺ: 9946267474
*മലബാർ സ്റ്റേഷനറി,*
(മിംസ് ആശുപത്രിയ്ക്ക് എതിർവശം)
കോഴിക്കോട്
*ലക്കിബുക്ക്സ്*
ന്യൂബസ്സ്സ്റ്റാന്റ്, കൊയിലാണ്ടി
ഫോൺ: 9846544326.
*അസീസ് സ്റ്റേഷനറി*
*കൊയിലാണ്ടി ബസ്റ്റാന്റ്. കോഴിക്കോട്,*
*നെല്ലിക്കുത്ത് ബുക്ക് സ്റ്റാൾ*
(Op) ന്യൂ ബസ്സ് സ്റ്റാന്റ്, മഞ്ചേരി,
ഫോൺ: 9946628758
*വി.എം. സ്റ്റേഷനറി*
ശ്രീകൃഷ്ണ തിയേറ്റർ ഗെയ്റ്റ്
മഞ്ചേരി. ഫോൺ: 9995337568
*ശ്രീദേവി ബുക്ക്സ & പേപ്പേഴ്സ്,*
(കോടതിക്കടുത്ത്), കച്ചേരിപ്പടി
മഞ്ചേരി, ഫോൺ:
*കെ. ആർ. കൂൾബാർ*
(കരിമ്പ് ജ്യൂസ് കട), പഴയ ബസ്സ് സ്റ്റാന്റ്
മഞ്ചേരി ഫോൺ: 9946999413
*യൂണിക്ക് ബുക്ക് സ്റ്റാൾ*
(കോടതിക്കടുത്ത്), മഞ്ചേരി
ഫോൺ: 8281019502
*അപെക്സ് ബുക്ക് സ്റ്റാൾ,*
ബസ്സ് സ്റ്റാന്റ് , രാമനാട്ടുകര
ഫോൺ: ........................
*ഗുഡ്ലൈൻ ബേക്കറി*
(കോയാസ് പോസ്പിറ്റലിനു മുൻവശം)
(കോഴിക്കോടചെറുവണ്ണൂർ)

*അക്ഷര ബുക്ക്സ്* (രാമനാട്ടുകര)
*എം. കെ. ബുക്ക്സ്* (രാമനാട്ടുകര)
*ബുക്ക് ലാന്റ്* (രാമനാട്ടുകര)
*കുട്ടിയാപ്പു സ്റ്റേഷനറി* (രാമനാട്ടുകര)
*മലയാളി ഫാൻസി* (ഫറോക്ക്)
*ചന്ദ്രൻ സ്റ്റേഷനറി* (ഫറോക്ക്)
*രാജൻ സ്റ്റേഷനറി,* (പൊയിൽകാവ്)
*വിജയൻ, ജനറൽമർച്ചന്റ് & സ്റ്റേഷനറി* (പൊയിൽകാവ്)
*അബുബക്കർ സ്റ്റേഷനറി* (പൂക്കാട്)
*ശ്രീൻ സ്റ്റോർ* (അത്താണിക്കൽ)
*പ്രതീത സ്റ്റോർ (മിൽമ)* (പന്തീരാങ്കാവ്)
*ഇ.എൻ. ജി. സ്റ്റോർ* (പന്തീരാങ്കാവ്)
*ടി.കെ. ഗോപാലൻ സ്റ്റേഷനറി* (പൊറ്റമ്മൽ)
*കൃഷ്ണൻക്കുട്ടി സ്റ്റേഷനറി* (പൊറ്റമ്മൽ)
*വാസു സ്റ്റേഷനറി* (മാങ്കാവ്)
*കെ. ജയരാജൻ സ്റ്റേഷനറി* (കാളൂർറോഡ്)
*ഫ്രണ്ട്സ് സ്റ്റേഷനറി* (കാളൂർറോഡ്)
*പ്രമീള സ്റ്റോർ* (കോന്തനാരി)
*കേരളാ സ്റ്റോർ,* 6-ാം മൈൽ, (വെള്ളിപറമ്പ്)
*കൃഷ്ണൻക്കുട്ടി സ്റ്റേഷനറി,* (അത്താണിക്കൽ)
*ജയചന്ദ്രൻ(കുട്ടൻ)സ്റ്റേഷനറി* (വെസ്റ്റ്ഹിൽചുങ്കം)
*വി.കെ.ബി. സ്റ്റോർ* (വെസ്റ്റ്ഹിൽ ചുങ്കം)
*ചുങ്കം സ്റ്റേഷനറി* (വെസ്റ്റ്ഹിൽ ചുങ്കം)
*രാമചന്ദ്രൻ സ്റ്റേഷനറി* (പുതിയപാലം)
*ധർമ്മരാജ് സ്റ്റേഷനറി* (പുതിയപാലം)
*അനിൽ കുമാർ(ബാബു)സ്റ്റേഷനറി* (പുതിയപാലം)
*സുരഭി സ്റ്റേഷനറി* *(ഒളവണ്ണ ബസാർ)*
*രാമകൃഷ്ണൻ സ്റ്റേഷനറി* (നിയർ അപ്സര തിയേറ്റർ ടിക്കറ്റ് കൗണ്ടർ), (കോഴിക്കോട്)
*രാമദാസ് സ്റ്റോർ,* കല്ലയി റോഡ്,
(നിയർകല്ലിക്കോട്ടെ ഫണ്ട്സ്, (കോഴിക്കോട്)
*ടി.പി സ്റ്റോർ,* (ശാരദമന്ദിരം)
*കെ.എസ്. സ്റ്റേഷനറി& കൂൾബാർ* (കൈമ്പാലം)
*സാഗരൻ സ്റ്റേഷനറി,* (ഈസ്റ്റ് നടക്കാവ്)
*കവിത സ്റ്റോർസ്,* ദേവഗിരി ബിൽഡിംഗ്,ഫോൺ: 04952355921 (കാലിക്കറ്റ്മെഡിക്കൽകോളേജ്)
*എം.സി. ആലിക്കോയ,* വ്യാപാരഭവൻ, (മാങ്കാവ്)
*നാരായണൻ ബുക്ക് സ്റ്റാൾ,* (ഇംഗ്ലീഷ് പള്ളി)
*ബേബി സ്റ്റേഷനറി* (കാരന്തൂർ)

കവിത



നിസ്സാർ കല്ലുംപുറം

# ഒരിക്കലൊരു-
# ഒരിക്കലുണ്ടെന്ന്

**ഒരിക്കലൊരു ഒരിക്കലുണ്ടെന്നോർമ്മയുണ്ടോ**
**ആയുസ്സിനക്ഷരങ്ങൾ മോഷ്ടിച്ചു-**
**കൊണ്ടുപോകുമാഘടിക്കാം**
**ഇടനാഴിയിൽ നിന്നും കാലെടു-**
**ത്തോരത്തുവച്ചു മുന്നോട്ട്.**
**ചുവരിനോട് ചേർന്ന് നിന്നപ്പോഴറിഞ്ഞു**
**മൊഴിഞ്ഞതെന്തെന്നും, ഏതെന്നും**
**ജാലകത്തിനോരത്തിരുന്നൊരിരുമ്പപ്പെട്ടി-**
**യിലക്ഷരങ്ങൾ ചിരിച്ചും കരഞ്ഞും**
**റാന്തലിൻ മിഴി തുറന്നു.**
**അക്ഷരക്കൂട്ടുകൾ ഇടനെഞ്ചിൽ-**
**കനലായ് എരിഞ്ഞു-**
**മിഴികൾ പൂട്ടിയുറങ്ങി കൂടെ റാന്തലും.**

**നേരം പുലർന്നു ജാലകപാളികൾ തുറന്നു.**
**ബാലഭാസ്ക്കര ശോഭയുണർന്നു.**
**തെക്കേ പറമ്പിലെ മൂലയിൽ മണ്ണിൽ-**
**പടർന്നിറങ്ങിയ പിച്ചിയും ജമന്തിയും**
**പിന്നെയൊരു നിശ്വാസവും.**
**ഒരു മഴയെ വിളിക്കണം, എന്റെ മൃതിയറ്റ**
**ശരീരം കുളിപ്പിക്കാൻ.**
**ഒരു വെയിലിനെ വിളിക്കണം,എന്റെ**
**ശരീരത്തിൻ തണുപ്പകറ്റിത്തോർത്താൻ-**
**മഞ്ഞിൻ പാളികളിലൂടെ പറന്നുയരണം**
**നാമവശേഷിയ്ക്കാത്ത മരണം.**
**കുളികഴിഞ്ഞീറൻ മാറാതെ ബലിക്രിയയിൽ-**
**മോദകമേകുന്ന മോതിര-**
**വിരൽ കറുകയണിഞ്ഞു.**

**ഒരിക്കലൊരു ഒരിക്കലുണ്ടുവന്നപ്പോൾ**
**ഒരിക്കലും നിനച്ചില്ല ഒരിക്കലുണ്ടെന്ന്-**
**ഒരിക്കലെങ്കിലും ഒരിക്കലൊരു മറവി-**
**യൊളിഞ്ഞു കിടപ്പുണ്ടെന്നോർക്കാതെ നാം**
**ഒരിക്കലോരു ഒരിക്കലുണ്ടെന്ന്.**

## നിലാവ് പൂക്കും താഴ്വാരം

(പേജ് 23 -ൽ നിന്നു തുടർച്ച)



ത്തേയും പാകപ്പെടുത്തി അയാൾ.

തന്നിലൂടെ ഘോഷിന് ഏതെങ്കിലും വിധത്തിൽ ആപത്തുണ്ടാകുന്നത് നിനക്കുവാൻപോലും ആകുന്നില്ല. പിന്നിലായി ഉള്ളവരെ കുറിച്ചുള്ള സംശയത്തിന്റെ ചെറിയൊരു തീകുണ്ഡം ആളിപ്പടർന്നുകൊണ്ടിരുന്നു രവീന്ദ്രയുടെ ഉള്ളിൽ.

കയറ്റം അവസാനിച്ചു. ഏതാണ്ട് അഞ്ചു കിലോമീറ്റർ ദൂരത്തോളം ഇനി മുതൽ കുത്തനെയുള്ള ഇറക്കമാണ്.

രൂപയ്ക്ക് കാലുവഴുതുമോ എന്നുള്ള പേടിയും രവീന്ദ്രയുടെ മനസ്സിനെ മദിക്കുന്നുണ്ടായിരുന്നു.

കാറ്റ് വീശാൻ തുടങ്ങി. മലയിൽ ആകെ ഇരുട്ടുമൂടി. ആകാശത്തുനിന്ന് മഞ്ഞിന്റെ കട്ടകൾ അത്തിപ്പഴം വീഴുന്നതുപോലെ ചെറിയ ചെറിയ ചരൽഗോളങ്ങളായി പൊഴിച്ചുകൊണ്ടിരുന്നു.

സമുദ്രനിരപ്പിൽ നിന്നും വളരെയധികം അടി ഉയർന്നു നില്ക്കുന്ന ഏതൊരു മലമുകളിലേയും പ്രതിഭാസമാണത്.

തണുപ്പ് അസ്ഥികളിൽ പിടിമുറുക്കി. രവീന്ദ്രയും ആകാശും അസ്വസ്ഥരായി. ചെറിയൊരു ഭയവും അവരെ പിടികൂടിയിരന്നു.

എന്നാൽ രൂപക്ക് മാത്രം ഒരു മനഃചാഞ്ചല്യവുമില്ല. അവൾ എന്തോ ശുഭപ്രതിക്ഷയിൽ സ്വപ്നലോകത്ത് വിരാജിക്കുകയാണ്. ചെങ്കുത്തായ ഇറക്കവും കയറ്റവും കാറ്റും മഞ്ഞും ഇരുട്ടും അവളുടെ മനസ്സിനെ ഭയപ്പെടുത്തുന്നില്ല. ഘോഷ് എപ്പോഴും അവൾക്കൊരു ഊർജ്ജശ്വാസമാണ്. ആ ഊർജ്ജശ്വാസം നിലനിർത്താൻ അയാളില്ലെങ്കിൽ അവൾക്കൊരു ജീവിതമില്ല. അവൾ സർവ്വാംഗമനസ്സും അയാളിലർപ്പിച്ച് കാത്തിരിക്കുകയാണ്. അവൾകാണുന്ന ലോകം അതുമാത്രമാണ്. ഘോഷിനോടുള്ള പ്രേമത്തിന്റെ കുത്തൊഴുക്കിൽ നീന്തിത്തുടിക്കുകയാണവൾ. മുന്നിലുള്ള പ്രതിബന്ധങ്ങൾ അകകണ്ണിലൂടെയും പുറംകണ്ണിലൂടെയും അവൾ അറിയുന്നുണ്ട്. കെട്ടിയിട്ട പായ്വഞ്ചിപോലെ അവളുടെ ജീവിതം ആടിയുലയുകയാണെന്നും അവൾക്കറിയാം. വന്യമായ തിരമാലകൾ ആഞ്ഞടിക്കുന്നപായ്വഞ്ചി കണക്കെ ഒരേ ദിശയിൽ സഞ്ചരിച്ചുകൊണ്ടിരിക്കുകയാണവൾ. <>

# കായിക കേളി ഭാരത ശില്പി ദ്രോണാചാര്യർ ഒ.എം. നമ്പ്യാർ വിടവാങ്ങി

**നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ**



**ഭാ**രതത്തിന്റെ കായിക രംഗം വിശിഷ്യ കേരളത്തിലെ ജനങ്ങൾ വസിക്കുന്ന മലയാള മണ്ണ് ലോക ശ്രദ്ധയാകർഷിച്ചതും ജനകീയ മയി കേളി വർദ്ധിപ്പിച്ചതുമായ സംഭവ പരമ്പരകളുടെ മുൻ കാല നായകന്മാരിൽ പ്രഥമ വ്യക്തി യാണ് ശ്രീമാൻ ഒ.എം. നമ്പ്യാർ. അദ്ദേഹം നമ്മെ വിട്ടു പിരിഞ്ഞു എന്നത് ലോക മലയാളികൾക്കും ഇന്ത്യൻ ജനതക്കും വളരെ ഖേദകരവും വേദന ജനിപ്പിക്കുന്ന തുമായ വാർത്തയാണ്. അദ്ദേഹ മൊരു കായിക പ്രതീകമാണ്. ഖേദത്തോടെ പറയട്ടെ തീരാന ഷ്ടമാണ് നമ്പ്യാർ സാറിന്റെ മരണം നിമിത്തം പ്രത്യേകിച്ചു കായികാരാധകർക്കുണ്ടായിരിക്കു ന്നത്ത്.

അദ്ദേഹത്തെക്കുറിച്ചും, അദ്ദേ ഹത്തിന്റെ കായികരംഗത്തിനുള്ള സംഭാവനെകളെക്കുറിച്ചും, പി.ടി. ഉഷ എന്ന അത്‌ലറ്റിനെ ഒളിംമ്പി ക്സിൽ വരെ ഓടാൻ പ്രാപ്തയാ ക്കിയ കോച്ചിംഗ് മികവിനെക്കു റിച്ചും നാം പത്രങ്ങളായ പത്രങ്ങ ളിലൂടെയും ടെലിവിഷൻ ചാനലു കളിലൂടെയും കാലാകാലമായി അറിയപ്പെട്ടുക്കൊണ്ടിരിക്കുന്ന പൊതുകാര്യപ്രശക്ത വിവരങ്ങ

ളാണ്. എന്നാൽ അതിനെക്കുറിച്ചൊന്നും ഈ ഓർമ്മക്കുറിപ്പിൽ വിശദമായി ചർച്ചചെയ്യുന്നില്ല. എങ്കിലും ഖേദത്തോടെ പറയട്ടെ. ഇതെഴുതുന്ന ലേഖകനും വളരെ ഗാഢമായി ഹൃദയബന്ധം സൂക്ഷിക്കന്നയാളാണ് അത്‌ലറ്റിക്ക് കോച്ച് ഒ.എം. നമ്പ്യാർ സാർ.

നക്ഷത്രരാജ്യം മാസിക 2008 ഒക്ടോബർ മാസത്തിലാണ് പ്രഥമ ലക്കം പ്രസിദ്ധികരിച്ചു തുടങ്ങിയത്. മുൻ മേയർ സഖാവ് ഭാസ്ക്കരേട്ടനാണ് ആദ്യപ്രതി സി. പി. ഐ. ജില്ലാ സിക്രട്ടറിയും സാഹിത്യകാരനുമായ സഖാവ് ടി. വി. ബാലനു നല്കികൊണ്ട് പ്രകാശന കർമ്മം നിർവ്വഹിച്ചത്. 2018നു മുൻപുള്ള വർഷങ്ങളിൽ നക്ഷത്രരാജ്യം മാസികയായാണ് പ്രസിദ്ധികരിച്ചിരുന്നത്. തുടർന്ന് 2021 ആഗസ്റ്റ് മാസം പ്രസിദ്ധികരിക്കുന്നതുവരെയുള്ള ലക്കങ്ങൾ ത്രൈമാസികയായാണ്. മാസികയായി നക്ഷത്രരാജ്യം പ്രസിദ്ധിക



രിക്കുന്ന കാലയളവിൽ 2 ലക്കങ്ങളിലായി ഒ.എം നമ്പ്യാരെക്കുറിച്ചുള്ള 2 റൈറ്റപ്പുകൾ നക്ഷത്രരാജ്യത്തിൽ പ്രസിദ്ധികരിച്ചിട്ടുണ്ട്. അക്കാലങ്ങളിൽ അദ്ദേഹത്തിന്റെ വീട്ടിൽ നിരന്തരം ഞാൻ ചെന്നു നമ്പ്യാർസാറിനെ കാണുക പതിവായിരുന്നു.

1981 മുതൽ 1986 വരെയുള്ള എന്റെ തിരുവനന്തപുരം ജീവിത കാലയളവിൽ അത്‌ലറ്റിക്സിൽ ട്രാക്കിലും ഫീൽഡിലും, വോളിബോളിലും, ഫുട്ബോളിലും ലോകശ്രദ്ധപിടിച്ചുപറ്റിയ ഇന്ത്യയടെ പല മിന്നും താരങ്ങളുമായും സംസ്ഥാന സ്പോട്സ്മാൻമാരുമായും എനിക്ക് നേരിട്ടു പരിചയമുണ്ടായിരുന്നു. നിത്യജീവിതത്തിൽ പ്രാക്ടിസിനിടയിൽ കാണുന്നവൻ എന്ന നിലയിൽ വെറുമൊരു കുശലത്തിലൊതുങ്ങുന്നവരും ഒരു പുഞ്ചിരിയിലൊതുങ്ങന്നവരും നല്ല നിലയിൽ സൗഹൃദബന്ധം സൂക്ഷിക്കുന്നവരുമുണ്ടായിരുന്നു അക്കൂട്ടത്തിൽ. തോമസ് സെബാസ്റ്റ്യൻ, അബ്ദുൾ നജീബ്, മുജീബ് (ടൈറ്റാനിയം) പത്മിനി തോമസ്, ഷൈനി വിൽസൻ, ഷേർളി തോമസ് (ഷൈനിയുടെ അനുജത്തി), ഗീത വളപ്പിൽ, കുഞ്ഞുകുഞ്ഞമ്മ, ജി.വി. രാജാ സ്പോർട്സ് സ്ക്കൂൾ കായിക താരംങ്ങൾ തുടങ്ങിയവരും കായികരംഗത്തെ തലതൊട്ടപ്പൻ മാരായ അത്‌ലറ്റുകളും, കോച്ചുകളും, ടീം മാനേജർമാരും, പോലീസിലെ മിന്നും താരങ്ങളും, ഡി.ജി.പി, എം.കെ. ജോസഫ് സാർ, രാധാകൃഷ്ണ പിള്ള (കോച്ച്), കേരളാ യൂണിവേഴ്സിറ്റി കോച്ച്, ഇവരെയെല്ലാം യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിലും, സെൻട്രൽ സ്റ്റേഡിയത്തിലും, ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിലും പ്രാക്റ്റീസിനിടയിൽ ദിനവും ചിലരെ ദിനവുമെന്നോണവും കണ്ടുമുട്ടാറുണ്ട്.

1985 ലോ മറ്റോ തിരുവനന്തപുരത്തുവെച്ചു നടന്ന നാഷണൽ ഓപ്പൺ അത്‌ലറ്റിക്ക് മീറ്റിൽ 1500 മീറ്ററിൽ സ്വർണ്ണം ഉറപ്പാക്കുകയും മെഡലിനെക്കുറിച്ച് സംസാരിക്കുകയും ചെയ്തുകൊ1ണ്ടിരുന്ന എനിക്ക് നിർഭാഗ്യവശാൽ (മുൻ കൂർ പറയുന്നു മറ്റാരുടെയും കാരണത്തിൽ നിന്നല്ല) 100 മീറ്ററിൽ ഇറങ്ങുവാനുള്ള



യോഗമാണുണ്ടായത്. 100 മീറ്ററിൽ ഇന്ത്യടെ മിന്നും താരങ്ങളായ കർണ്ണാടകയുടെ ആനന്ദഷെട്ടി തുടങ്ങിയ ഇന്ത്യലെ പ്രമുഖ താരങ്ങളോടൊപ്പം മത്സരിച്ച് ഹീറ്റ്സിൽതന്നെ പുറത്തേക്കു പോകുവാനുള്ള നാണക്കേടിന്റെ യോഗമാണ് എനിക്കുണ്ടായത്. ക്ഷേത്രങ്ങളിലെ വെടിയൊച്ചകളും പടക്കശബ്ദവും സെക്കന്റുകളെങ്കിലും തലച്ചോറിനെയും ബുദ്ധിയേയും ബ്ളാങ്കാക്കുന്ന കുറവുകളുള്ള എനിക്ക് എങ്ങിനെ 100 മീറ്റർ വിജയിക്കുവാനാകും. അന്ന് ഞാൻ 1500 മീറ്ററിലാണ് പങ്കെടുത്തിരുന്നതെങ്കിൽ സ്വർണ്ണമെഡൽ ഉറപ്പായിരുന്നു. കാരണം അക്കാലങ്ങളിൽ ഇന്ത്യയിൽ മികച്ച സമയം കണ്ടെത്തിയ ഡൽഹിയുടെ രാജ്കുമാറിനേയും കേരള പോലീസിലെ കുര്യച്ചനേയും പോലുള്ളവരെ മറികടന്നു വിജയിക്കുവാനുള്ള മികച്ച സമയം തിരുവനന്തപുരത്തുവെച്ചു തന്നെ നേടിയിരുന്നതായി പ്രശസ്തരും പ്രഗൽഭരുമായ അത്‌ലറ്റകളുടേയും പേഴ്സണലായി എന്നോടു താല്പര്യം പ്രകടിപ്പിച്ചു കൊണ്ടിരുന്നവരുടേയും നിരീരീക്ഷണ സാക്ഷ്യം എനിക്കുണ്ടായിരുന്നു. അതെന്നെ ആത്മവിശ്വാസത്തിന്റെ കൊടുമുടിയിലിരുത്തി. എന്നിട്ടും സമയദോഷം മൂലം നാണക്കേടായി എന്ന് വേവലാതിപ്പെടുകയാണിന്ന്.

അക്കാലങ്ങളിൽ ഒ.എം. നമ്പ്യാരും, പി.ടി. ഉഷയും, എം.ഡി. വത്സമ്മയും, കുട്ടിസാറും പാലക്കാട് പ്രക്ടീസ് ചെയ്തിരുന്നതിനാൽ തിരുവനന്തപുരത്ത് ഏതെങ്കിലും ദേശീയമീറ്റിന് വേണ്ടി അവർ പ്രാക്ടീസ് ചെയ്യാൻ ഇറങ്ങുമ്പോൾ ഗ്രൗണ്ടിൽ വെച്ചു ഞങ്ങൾ കാണാറുണ്ടായിരുന്ന പരിചയം. മിന്നും താരങ്ങളായ ഇവരെയെല്ലാം കാണാനും പരിചയപ്പെടാനും നിർദ്ദേശങ്ങൾ സ്വീകരിക്കുവാനും കഴിഞ്ഞു എന്നുള്ളത് ജീവിതത്തിലെ ചാരിതാർത്ഥമായി മനസ്സിൽ ജ്വലിച്ചു നിൽക്കുന്നുണ്ട്. സ്പോട്സ് എനിക്ക് വെള്ളത്തിൽ വരച്ച വരയായിരുന്നെങ്കിലും പറഞ്ഞത് സാധിപ്പിക്കുവാനുള്ള കഴിവുള്ളയാളാണെന്ന് തെളിയിക്കുവാൻ വൈകിയാണെങ്കിലും 19887 മുതൽ നാടകങ്ങളിലൂടെയും, സാഹിത്യങ്ങളിലൂടെയും, ഗാനരചനകളിലൂടെയും കലാസാഹിത്യരംഗങ്ങളിലൂടെയും അവസരം ഉണ്ടാക്കിത്തന്ന ജഗദീശ്വരനെ എന്നും ഞാൻ വിശ്വസിച്ചു സ്മരിക്കുന്നു. അതോടൊപ്പം നക്ഷത്രരാജ്യം നമ്പ്യർ സാറിന് ഓർമ്മകളുടെ ആദരങ്ങളർപ്പിക്കുന്നു

**പേരുകളോ സ്ഥലങ്ങളോ തെറ്റായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ ക്ഷമിക്കുക. ഓടിപിന്നിട്ടു കൊണ്ടിരിക്കുന്ന പഴയകാലങ്ങളിൽ നിന്നും ചികഞ്ഞെടുത്ത വസ്തുതകൾ എന്റെ ജീവിതാനുഭവങ്ങളുടെ ഒരു സ്മൃതികളാണ്.**

<>

ഓം നഃമശിവായ

# ആത്മപ്രഭാലയ ജപ ധ്യാന പരിശിലന സമിതി

## ഗുരുവാക്യങ്ങൾ

വിശ്വാസം നഷ്ടപ്പെട്ടാൽ
സത്യം നഷ്ടപ്പെടും
സത്യം നഷ്ടപ്പെട്ടാൽ
നിയമം നഷ്ടപ്പെടും
നിയമം നഷ്ടപ്പെട്ടാൽ
നിയന്ത്രണങ്ങൾ നഷ്ടപ്പെടും

ജീവിതം നിയന്ത്രണ വിധേയമായി നിലനിർത്തുവാൻ ആദ്യമായി വേണ്ടത് സമാധാനമാണ്. സമാധാനമുണ്ടാകുവാൻ അറിവുണ്ടാകണം. അറിവ് എന്നു പറയുന്നത് ഒരു ജോലിക്ക് വേണ്ടി പഠിക്കുന്നത് അല്ല. ജീവിതം എന്ന സത്യം തിരിച്ചറിയുവാനാണ്. അങ്ങിനെയുള്ള തിരിച്ചറിവുണ്ടാകുവാൻ ആദ്യമായി ചെയ്യുന്നത് പ്രാർത്ഥനയാണ്. പ്രർത്ഥനയിൽ നിന്ന് നാമ ജപത്തിലേക്കും നാമ ജപത്തിൽ നിന്ന് ധ്യാനത്തിലേക്കും കടക്കുന്നു. അങ്ങിനെ ക്രമേണ മനസ്സിന് ആത്മീയമായ ഒരു പ്രത്യേക കഴിവ് സിദ്ധിക്കുന്നു. ഇങ്ങിനെ കിട്ടുന്ന അറിവിൽ നിന്ന് ജീവിതത്തിന് ഒരു നിയന്ത്രണമുണ്ടാകുകയും പിന്നീട് കൂടുതൽ ചിന്തിക്കുവാനും അതിനനുസരിച്ച് പഠിക്കുന്നു. മർത്ത്യകുലത്തിലെ ഭൂരിപക്ഷവും സ്വാർത്വതക്കും അക്രമത്തിനും അനീതിക്കും വ്യാമോഹത്തിനും അടിമപ്പെട്ടാൽ, സത്യവും ധർമ്മവും നീതിബോധവുമുള്ളവരും ഇത്തരത്തിലുള്ള ഭൂരിപക്ഷത്തെ അനുസരിക്കണം എന്നു പറയുന്നത് ഏത് നിയമമാണ്. നിയമം മർത്ത്യസംരക്ഷണത്തിനുള്ളതാണ്. അടിച്ചമർത്താനുള്ളതല്ല.

രാഷ്ട്രീയം എന്നാൽ എന്ത്?, ജനാധിപത്യം എന്നാൽ എന്ത്? മതേതരത്വം എന്നാൽ എന്ത്? പിഞ്ചുകുഞ്ഞുങ്ങൾക്കുപോലുമറിയുന്ന ഉത്തരം. എന്നാൽ ലോകത്ത് നടക്കുന്നതെന്താണ്.

രാഷ്ട്രീയമെന്നാൽ ഒരു പറ്റം സ്വാർത്ഥതാല്പര്യക്കാരുടെ കാടാരമല്ല ഒരു രാജ്യത്തിന്റെ ജീവാത്മാവാണ്. ഭൂമിയിൽ ജന്മമെടുക്കുന്ന ഓരോ മനുഷ്യർക്കും രാഷ്ട്രത്തെ സംബന്ധിക്കുന്ന കാര്യങ്ങളിൽ ഇവിടെ എന്തു നടക്കുന്നു എന്നു ചിന്തിക്കുവാൻ സ്വാതന്ത്ര്യമുണ്ട്. ഈ പ്രപഞ്ചം ഒരു ഭരണകൂടവും ഉണ്ടാക്കിയതല്ല. അതുകൊണ്ടുതന്നെ രാഷ്ട്രം ആരുടേയും സ്വന്തമല്ല. ഭരിപക്ഷവും ന്യനപക്ഷവും തീരുമാനിക്കുന്നത് ഭരണകൂടമല്ല. ന്യനപക്ഷം എന്നാൽ മതമല്ല. ന്യൂനപക്ഷമെന്നാൽ മർത്ത്യരിൽ സത്യവും ധർമ്മവും നീതിയും ജീവിതത്തിൽ വെച്ചു പുലർത്തുന്ന ചെറിയ ഒരു വിഭാഗം! ഭൂരിപക്ഷം എന്നാൽ സത്യത്തേയും ധർമ്മത്തേയും നീതിയേയും വിശ്വാസമില്ലാത്ത സ്വാർത്ഥതക്കും അഹങ്കാരത്തിനും വ്യാമോഹത്തിനും തണ്ടിലേറി അക്രമത്തിലും അനീതിയിലും അടിമപ്പെട്ടവരും ചിന്താശക്തി നഷ്ടപ്പെട്ടവരും താൽക്കാലികമായ നിലനിൽപ്പുമാത്രം ചിന്തിക്കുന്നവരും ആയിരിക്കും.

ഇന്ത്യാരാജ്യം സ്വതന്ത്രമാക്കുന്നതിനു മുൻപ് അന്നത്തെ നീതിമാൻമാരായ ഒരു കൂട്ടം നേതാക്കന്മാരുടെ മാനസികാവസ്ഥ, സ്വതന്ത്രമായി ചിന്തിക്കുവാനും പ്രവർത്തിക്കുവാനും ഒള്ള അവസരം സൃഷ്ടിക്കുക എന്നതായിരുന്നില്ലേ?

സ്വാതന്ത്ര്യാനന്തര ശേഷം ഇന്ത്യയുടെ ഭരണം കൈയ്യെത്തിപ്പിടിച്ച ഒരു വിഭാഗം സ്വാർത്ഥതാല്പര്യക്കാർ അവരുടെ ഏകാതിപത്യ പ്രവണത പ്രകടിപ്പിക്കുകയും ധർമ്മത്തേയും നീതിയേയും ഇല്ലാതാക്കി തന്റെ സ്വാത്ഥതക്കും വ്യാമോഹത്തിനും വേണ്ടി എന്തിനേയും നിഷേധിക്കുന്ന ഒരു മനോനില ഉയർത്തിപ്പിടിക്കുകയും പ്രതികരിക്കുന്നവരെ ഇല്ലാതാക്കുകയും നിലനിന്നിരുന്ന ആചാരങ്ങളേയും അനുഷ്ടാനങ്ങളേയും തള്ളി പറയുകയും ധർമ്മവും നീതിബോധവുമില്ലാത്ത ഒരു സമൂഹത്തിനെ വാർത്തെടുക്കുകയും ചെയ്തു.

തൽഫലമായി മർത്ത്യകുലം ഭരണകൂടത്തിന്റെ അടിമകളാകുന്ന തരത്തിൽ ജീവിതം മാറ്റുകയും സ്വതന്ത്രമായി ചിന്തിക്കവാൻ പ്രാപ്തിയില്ലാത്തവരായി മാറുകയും ചെയ്തു. അതുകൊണ്ട്തന്നെ അവർ എന്തും സഹിക്കുവാനും പ്രതികരണ ശേഷി ഇല്ലാത്തവരുംമായി മാറി.

മർത്ത്യജീവിതം എന്ന സത്യം നിരന്തരം നിലനില്ക്കുന്നു. അത് ഒരിക്കലും ഇല്ലാതാകുന്നില്ല.

ജനനവും മരണവും നിത്യവും നടന്നുകൊണ്ടിരിക്കുന്നു.

ഇത് എന്നു തുടങ്ങി എന്നു ചിന്തിച്ചാൽ ഉത്തരം ഇല്ല. എന്ന് അവസാനിക്കും എന്നതിനും ഒരു ഉത്തരവും ഇല്ല.



പ്രണാമങ്ങളോടെ...
എം. മോഹൻദാസ്, സൂക്തനിലയം
അരീക്കോട്ട് പറമ്പ്, പി.ഒ. കോട്ടൂളി
കോഴിക്കോട്, ഫോൺ: 9744960052


ഗുരുദേവ സ്മൃതിയിൽ സഹകരിക്കുവാനും സംഘടിക്കുവാനും താല്പര്യമുള്ളവർ ബന്ധപ്പെടുക

ചെറുകഥ



അഷറഫ് നെടിയനാട്

# മക്കയ്യൻ



മക്കയ്യൻ ഞങ്ങളുടെ ദേശത്തിന്റെ ഭയമായിരുന്നു. കാലത്തേയും മരണത്തേയും ഭയമില്ലാത്തവൻ. അവനു പിന്നിൽ എന്നും അധികാരമുണ്ടായിരുന്നു. കറുത്തു തടിച്ച ശരീരം. ആറടി പൊക്കം. മനസ്സിലെ ക്രൂരത പുറത്തുകാട്ടി നിൽക്കുന്ന ചോരക്കണ്ണുകൾ. നീണ്ട മൂക്ക് മൂക്കിനു താഴെ കൊമ്പൻ മീശ. ഇടക്കിടെ മീശ പിരിക്കും.


അതിനിടയിൽ സ്വയം ചിരിക്കും. ഈ ചിരി കാണുമ്പോൾ അവൻ ഒരു നിഷ്കളങ്കനാണെന്ന് തോന്നും. പക്ഷേ അവൻ ക്രൂരനായിരുന്നു. അവനുപിന്നിൽ ഒരു പാട് അധികാരികൾ ഉണ്ടായിരുന്നു. അവനെ ക്രൂരൻ ആക്കിയത് അവരെല്ലാം ചേർന്നായിരുന്നു. പാട്ട കുടിശ്ശിക പിരിച്ചെടുക്കാൻഎതിരാളികളെ നാട്ടിൽ നിന്ന് ഓടിക്കാൻ, വീട്ടിൽ നിന്ന് ഇറക്കിവിടാൻ അധികാരികളെന്നും അവനെ ഉപയോഗിച്ചു. അവൻ ഒരു ഈർച്ച പണിക്കാരനായിരുന്നു. മുറിച്ചിട്ട മരങ്ങൾ പണിത്തരകഷ്ണങ്ങളാക്കുന്ന പണി. മരത്തിൽ ഈർച്ചവാൾ വെക്കാൻ പാകത്തിന് കഷ്ണങ്ങളാക്കി അതിനായി ഉണ്ടാക്കിയ സ്റ്റേജിൽ മരം അവൻ ഒറ്റക്ക് കയറ്റി വെക്കും. അത്രയ്ക്ക് കരുത്താണ്. അമ്പക്കയ്യൻ എന്നും പലരും രഹസ്യമായി അവനെ പറ്റി പറയാറുണ്ടായിരുന്നു. ഈർച്ച സമയത്ത് അവൻ എന്നും മുകളിൽ നില്ക്കും താഴെ നിലത്ത് ഒരാൾ സഹായിയായി വലിക്കാനുണ്ടാകും. ഇത്തരം മൂന്നോ നാലോ സഹായികളെ മക്കയ്യൻ വാൾ തല കൊണ്ട് അടിച്ച് കൊന്നിട്ടുണ്ട്. എന്നാൽ സാക്ഷികളില്ലാത്തനിൽ എല്ലാം വെറും മരണങ്ങളായി. സാക്ഷികൾ ഉണ്ടെങ്കിലും ആരും അവനെതിരെ പറയില്ല. പറയാൻ ധൈര്യം കാട്ടില്ല. അങ്ങിനെ ആരെങ്കിലും പറഞ്ഞാൽ അവനവരെ വെറുതെ വിടില്ല. ഇങ്ങനെയാണ് മക്കയ്യൻ നാട്ടിൽ ഭീതിയായി നിറഞ്ഞുനിന്നത്. മക്കയ്യൻ കോൺഗ്രസ്കാരനായിരുന്നില്ല. മാർക്കിസ്റ്റുകാരനും ആയിരുന്നില്ല. എന്നാൽ അടിസ്ഥാനമായി അവനിൽ ഒരു രാഷ്ട്രീയമുണ്ടായിരുന്നു. അധികാരത്തിന്റെ പേരിൽ തന്നോട് ക്രൂരതകൾ ചെയ്യാൻ ആജ്ഞാപിക്കുന്ന തമ്പ്രാക്കൻമാരോട് അവന് കൂറിനേക്കാൾ ദേഷ്യമായിരുന്നു. എന്നാൽ അവൻ അവരെ എതിർത്തില്ല. കാരണം അവൻ നടത്തുന്ന ഗുണ്ടായിസങ്ങൾ അവർ കണ്ടില്ലെന്ന് നടിക്കുന്നു. എന്നാൽ മക്കയ്യൻ കാലത്തിനപ്പുറം സഞ്ചരിക്കാൻ വിധിക്കപ്പെട്ടവൻ ആയിരുന്നില്ല. ഒരു സുപ്രഭാതത്തിൽ അവനെ നാട്ടിൽ നിന്നും കാണാതായി. ആദ്യമാദ്യമൊക്കെ പലരും അന്വേഷിച്ചുവെങ്കിലും അവനെ പറ്റി ആർക്കും ഒരു വിവരവും ഉണ്ടായിരുന്നില്ല. കാരണം മക്കയ്യനെങ്ങോട്ട് പോകുന്നു എന്നോ എവിടെ നിന്നു വരുന്നുവെന്നോ ആരും അവനോടു ചോദിക്കാറുമില്ല അന്വേഷിക്കാറുമില്ല. മക്കയ്യന്റെ തിരോധാനം ശ്രദ്ധിക്കപ്പെട്ടതോടെ പലരും രഹസ്യമായി അന്വേഷണത്തിന് ഉത്തരവായി. എവിടെപ്പോയി എന്ന ചേദ്യത്തിന് ഉത്തരം കിട്ടുന്നതിനായി പലരും പല വഴികളും അന്വേഷിച്ചുകൊണ്ടിരുന്നു. ചിലർ അവന്റെ ബന്ധുക്കളോട് ചോദിച്ചു. മറ്റുചിലർ പരിചയക്കാരുടെ കൂടെ കൂടി... എന്നാൽ ഉത്തരങ്ങൾ ഒന്നും കിട്ടിയില്ല. അവൻ എവിടെ പോയി എന്ന് ആർക്കുമറിയില്ല.

ശേഷം 41 -ാം പേജിൽ

## CMS സി.എം.എസ്. ഗ്ലാസ്സ്, പ്ലൈവുഡ് & ഫർണീച്ചർ

**അർഷണ സെന്റർ, കോവൂർ, കോഴിക്കോട്**

**ഫോൺ: 0495 2353022, സി.എം. സുന്ദരൻ - 9388412430**





ഗ്ലാസ്സ്, പ്ലൈവുഡ്, ഫർണീച്ചർ, ഫൈബർ ഡോർ,
*ഗ്ലാസ്സ് ബെന്റിങ്ങ്, കളറിംഗ്, ബവലിംഗ്, എച്ചിംങ് വർക്സ്*
ഹാർഡ് വേർ, കിച്ചൻ ക്യാബിനറ്റ്, *അക്വേറിയം,*



# സി.എം.എസ്. ഫർണീച്ചർ

**തൊടിയിൽ ബിൽഡിംഗ്, പൊറ്റമ്മൽ , കോഴിക്കോട് 673 017**

**ഫോൺ: സി.എം. സുന്ദരൻ 9388412430**





BAJAJ FINSERV

**0% - Intrest Bajaj Finance**

പലിശ രഹിത വായ്പാ സൗകര്യം



**സോഫസെറ്റ് - 14500 രൂപ മുതൽ**
**കട്ടിൽ & ബെഡ് - 16000 രൂപ മുതൽ**
**ബെഡ്റൂം സെറ്റ് - 33900 രൂപ മുതൽ**
**ഡൈനിംഗ് ടേബിൾ &**
**6 Nos ചെയർ (Wooden) 21900 രൂപ മുതൽ**







**ചികിത്സക്കും ആയുർവ്വേദ ഔഷധങ്ങൾക്കും**

# <u>Agency : KACOPS, KOTTOOLI</u>

**Mob : 9747868041**




**29/1552 A2, KOTTOOLI CENTERE**

**KOZHIKODE - 16**



**തറിമരുന്നുകളും പ്രസവാനന്തര ഔഷധങ്ങളും ഇവിടെ ലഭ്യമാണ്**



**എല്ലാവിധ ഇൻഡസ്ട്രിയൽ ജോലികൾക്കും സമീപിക്കുക**



# ശാരദ

## ഇൻഡസ്ട്രിയൽസ്

**കാളൂർറോഡ് , മാങ്കാവ്**

**കോഴിക്കോട് - 673 007**

**Mob:9846412070**




## ഗെയിം പ്ലാൻ

(31 -ാം പേജ് തുടർച്ച)

അനങ്ങാതെ ഇങ്ങനെ ജീവിതം മുഴുവൻവേണമെങ്കിൽ നിൽക്കാം. അതിനൊരിക്കലും കോട്ടം തട്ടിയില്ല. അറിയാതെയറിയാതെ സത്യഗ്രഹിയുടെ അത്മാവ് തന്നിലേക്കിറങ്ങുന്നതുപോലെ തോന്നും. തികച്ചു അബോധാത്മകമായ പരകായ പ്രവേശനത്തിൽ വെയിലും മഴയും ബഹളവും ഒന്നുമറിയാതെ ഒറ്റനിൽപ്പാണ്. പലപ്പോഴും ആളുമാളുമൊഴിഞ്ഞ് കുട്ടിയുണർത്തുമ്പോഴാണ് വൃദ്ധൻ ഉണരാറ്.

തന്റെ പരകായപ്രവേശ സമയത്തെ ഒരിക്കലും പിടിതരാത്ത ഭാവപ്പകർച്ചകൾ ഓർത്ത് സോപ്പും മണ്ണെണ്ണയും ഇട്ട് എത്ര കഴുകിയിട്ടും പോകാതെ ശരീരത്തിൽ പാണ്ടുപോലെ അവിടെവിടെ പടർന്നു കിടക്കുന്ന സിൽവർ പെസ്റ്റിന്റെ ചാരഭൂപടങ്ങളിൽ തലോടി വൃദ്ധൻ ചിരിച്ചു. പിന്നെ സഞ്ചി തുറന്ന് വളരെ ശ്രദ്ധിച്ച് താൻ നിധി പോലെ സൂക്ഷിക്കുന്ന പഴമയുടെ മഞ്ഞകയറിയ ആ ഫോട്ടോ ഭ്രാന്തനു നേർക്കു നീട്ടി. യുവാവായ ഗാന്ധിവേഷധാരിയുടെ തോളിൽ കൈയ്യിട്ട് ഇന്ദിരാഗാന്ധി ചിരിച്ചു നിൽക്കുന്ന ഫോട്ടോ. എ ഐ സി സിയുടെ ഒരു സമ്മേളനപ്പന്തലിനു മുന്നിൽ വെച്ച് പണ്ടെന്നോ സംഭവിച്ച ഒരു ചിത്രം. ഇന്നും കോരിത്തരിപ്പോടെ മാത്രം ഓർക്കാനുള്ള വൃദ്ധന്റെ ആത്മകഥയിലെ ദീപ്തമായ ഒരേ ഒരേട്.

ഭ്രാന്തൻ കുറച്ചുനേരം ഫോട്ടോയിലെക്ക് തറച്ചുനോക്കി. പിന്നെ വൃദ്ധനെ നോക്കി ആദ്യം പതുക്കെയും പിന്നെ ഉറക്കെയും ചിരിച്ചു.

"ബ്രിട്ടീഷ് യുവരാജാവിനു വേണ്ടി ഗാന്ധിജിയെ നാടു കടത്തുന്നു അല്ലേ?"

ഒന്നും മനസ്സിലായിട്ടില്ലെങ്കിലും കുട്ടിയും അവരോടൊന്നിച്ച് വെറുതെ ചിരിച്ചു. ചിരിച്ചു ചിരിച്ചു കണ്ണിൽ നനവ് പടർന്നപ്പോൾ ഭ്രാന്തൻ തന്നോടുതന്നെയായി പറഞ്ഞു.

"അല്ലെങ്കിലും പട്ടണങ്ങൾക്കൊന്നും ഗാന്ധിജിയെ വേണ്ടാതായിട്ട് കാലമെത്രയായി. ബുദ്ധനെപ്പോലെ ബാപ്പുജീയും അന്യനാടുകളിലേക്കു പരിമിതമായേക്കാം. വില്ലൻമാർ നായകൻമാരായി കൊണ്ടാടപ്പെടുന്ന കലിയുടെ കാലമല്ലേ? "

വൃദ്ധനെയും ഭ്രാന്തനെയും പോലെ കുട്ടിക്ക് സ്വന്തമായി കഥകളുണ്ടായിരുന്നില്ല. തന്റെ തന്നെ ഉപകഥ പോലെ വൃദ്ധൻ തന്നെ പ്പറ്റി പറയുന്ന കാര്യങ്ങളേ അവനറിയാമായിരുന്നുള്ളൂ. തന്റെ കഥക്കു ശേഷം വൃദ്ധൻ ഭ്രാന്തനോട് ഒരു സമ്മേളനപ്പന്തലിന്റെ പിന്നാമ്പുറത്തെ കുപ്പത്തൊട്ടിയിൽ നിന്ന് അവനെ കണ്ടെടുത്ത കഥ പറയുകയായിരുന്നു.

പിന്നെ വൃദ്ധന്റെ മകനായി, സഹായിയായി എല്ലാമായി അവൻ വളർന്നു. തന്റെ കാലശേഷം ബാപ്പുജിയാവേണ്ടതവനാണ്. അവനെ ഗാന്ധിയായിക്കണ്ടിട്ടു കണ്ണടക്കണം എന്നൊരു മോഹമേ വൃദ്ധന് ബാക്കിയുള്ളൂ. സത്യാഗ്രഹിയുടെ നിശ്ചയദാർഢ്യം അവന്റെ കൺകളിൽ നിറയുന്നത് കണ്ട് തനിക്ക് കണ്ണടക്കണം.

വൃദ്ധൻ തന്റെ കഥ പറയുമ്പോൾ തന്റേതായ രീതിയിൽ തങ്ങൾ നേരിടുന്ന അവസ്ഥകളെ അപഗ്രഥിക്കുകയായിരുന്നു അവൻ. മഹാനഗരത്തിൽ ഏതോ വലിയ കളി നടക്കാൻ പോകുന്നുവെന്ന് കേട്ടപ്പോൾ എന്തോരു സന്തോഷമായിരുന്നു. വലിയ വലിയ കളിപ്പന്തലുകൾക്കു മുന്നിൽ തങ്ങൾക്ക് നിശ്ചലമായി ഗാന്ധിവേഷം കെട്ടിനിൽക്കാൻ കുറച്ചു സ്ഥലം കിട്ടിയാൽ കുറച്ചു ദിവസത്തിനെങ്കിലും കുശാലാവും. ധർമ്മാശുപത്രിയിലെ ഡോക്ടർ പുറത്തേക്കെഴുതിയ ആയാസത്തിനുള്ള മരുന്ന് തുടങ്ങിയ അത്യാവശ്യ കാര്യങ്ങളും നിവർത്തിക്കാം. ആയാസം വരുമ്പോഴത്തെ ആശാന്റെ അവസ്ഥ ഓർക്കാനേ പേടിയാവുന്നു.

പക്ഷേ, ഒരിക്കലും വിചാരിക്കാത്ത കാര്യങ്ങളാണ് നടന്നത്. ഒരു പക്ഷേ, തങ്ങളൊന്നും കാണാൻ പാടില്ലാത്ത, വലിയവർക്കു മാത്രമുള്ള വല്ല കളികളുമായിരിക്കും വരാൻ പോകുന്നത്.

ഏതൊക്കെയോ ചോദ്യക്കരകളിൽ വഴിതെറ്റിയലഞ്ഞ സന്ദേഹിയുടെ മനസ്സ് ഒടുവിൽ തോടുപിളർന്ന് പുറത്തു വന്നു.

"ഈ ചെല്ലുന്നിടത്തും നമ്മൾ കാണാൻ പാടില്ലാത്ത വല്ല കളികളും നടക്കുന്നുണ്ടെങ്കിൽ പിന്നെ നമ്മൾ എവിടേക്കാണു പോവുക?"

വൃദ്ധനും ഭ്രാന്തനും പരസ്പരം നോക്കി. കുറെയകലെ, കാഴ്ചകൾക്കൊടുവിൽ വൃദ്ധന്റെ ചുക്കിചുളിഞ്ഞ ശരീരത്തിലെ സിൽവർ പാണ്ടുകൾ പോലെ ഒരു ചെറു പട്ടണത്തിന്റെ ഛായകൾ തെളിഞ്ഞു തുടങ്ങുന്നു.

"ഇതല്ലെങ്കിൽ ഇനിയൊരു പട്ടണം. അതല്ലെങ്കിൽ വേറൊന്ന്. പട്ടണങ്ങളിങ്ങനെ ബാക്കി കിടക്കുകയല്ലേ?"

ഭ്രാന്തനാണ് സമാധാനം പറഞ്ഞത്.

"പട്ടണങ്ങളായ പട്ടണങ്ങളൊക്കെ തീർന്നാലോ?" അവൻ പിന്നെയും അവസാനിക്കാത്ത കടങ്കഥ പോലെ ചോദിച്ചു.

ഒരു കണക്കിൽ ചെറു പട്ടണങ്ങളാണ് സുഖം. ഒന്നുമില്ലെങ്കിലും വല്ലതും കഴിച്ച്, രാത്രി പത്തുമണിയോടെ വിജനമാകുന്ന ഏതെങ്കിലും കടത്തിണ്ണയിൽ സുഖമായി മൂടിപ്പുതച്ച് കിടന്നുറങ്ങാം. മഹാനഗരങ്ങൾ ഒരിക്കലും ഉറങ്ങുന്നില്ല. മനസ്സുവിട്ടുറക്കുകയുമില്ല.

പട്ടണങ്ങൾ തീർന്നാൽ ഗ്രാമങ്ങൾ, അതും തീർന്നാൽ ഒരു പക്ഷേ, മറ്റൊരു രാജ്യം, തരിശുകൾ, മലകൾ, കാടുകൾ, സമുദ്രങ്ങൾ - യാചകർക്കും ഭ്രാന്തൻമാർക്കും തങ്ങളിരിക്കുന്നിടമാണ് തന്റേടം. അതിനപ്പുറത്ത് അതിരുകളില്ലാത്ത ഭൂമി, അനന്തത, പരബ്രഹ്മം എന്നൊക്കെ ചെക്കനോട് പറഞ്ഞ് ചിരിക്കണമെന്നു വിചാരിച്ചുവെങ്കിലും ഒരു ഭ്രാന്തിനും തടുത്ത നിർത്താനാകാത്ത വല്ലാത്തൊരു മനഃപ്രയാസം തങ്ങളെ പൊതിഞ്ഞിരിക്കുന്നത് ഭ്രാന്തനും വൃദ്ധനും പരസ്പരം വേദനയോടെ അറിഞ്ഞു.

കലികാലത്തിന്റെം കൽപവൃക്ഷം നുണയാണ്. ഭരണകൂടങ്ങൾ നട്ടുനനച്ച് അതിസുന്ദരമായി അലങ്കരിക്കുന്ന നുണകളുടെ പൂങ്കാവനങ്ങളിൽ യാചകരും ഭ്രാന്തരും അധഃസ്ഥിതരും അശരണരും പലപ്പോഴും പൊയ്പോയ കാല ചൈതന്യങ്ങൾ പോലും വൈരൂപ്യങ്ങളാകുന്നു. പൂങ്കാവനങ്ങളെ സുന്ദരമാക്കുക ഏറ്റവും സുന്ദരമാക്കുന്നവർ അതിസുന്ദരൻമാരാകുന്നു.

"അവർ ചെയ്യുന്നതെന്താണെന്ന് അവരറിയുന്നില്ല", "നമ്മൾ ചെയ്യേണ്ടതെന്താണെന്ന് നമ്മളും"

പുതു പട്ടണത്തിലെ ആദ്യത്തെ പീടിക സമുച്ചയങ്ങൾ തുടങ്ങുന്നിടത്തു വെച്ച് വൃദ്ധന്റെ മുഖത്തു നോക്കി ഭ്രാന്തൻ തന്നോടു തന്നെയായി പറഞ്ഞു. <>

**DINESH K.T.**

**Ph: 0495 2702176**
**Mob: 9946309061**
**9387425579**

**നീലഗിരി പൂജാസ്റ്റോർ**

**എ.വി.എസ്. പൂജാസ്റ്റോർ**

**തളി റോഡ്, പാളയം, കോഴിക്കോട് - 673002**

എല്ലാവിധ പൂജാസാധനങ്ങളും ഇവിടെ ലഭിക്കുന്നതാണ്.

ജ്യോത്സ്യൻ

**വിനായക് സി.കെ.**

S/O ചേലൂർ കളരിക്കൽ ഭാർഗ്ഗവ പണിക്കർ

**ഫോൺ: 9847768341**

കോട്ടൂളി മാടക്കുനി ക്ഷേത്രം, കോഴിക്കോട്






**Yes Key Electricals & Engineering Works**

**Puthiyapalam, Calicut**

Repair of: Motor Rewinding, Welding Set, Step-Up, Battery Charges, Mixie, Fan, Cikreema Rectifiers etc

കൂടാതെ എല്ലാവിധ ഇലക്ട്രിക്ക് ഉപകരണങ്ങളും റിപ്പയർ ചെയ്തുകൊടുക്കുന്നു.

NB: വെൽഡിംഗ് മെഷീൻ വാടകയ്ക്ക് കൊടുക്കുന്നതാണ്.

K.P. Sunil Kumar Mob: 9847390950
Ph: 8921569540, Resi: 9048594525

# HASBI

**TOURS & TRAVELS**



**Meenchanda**
**Areekad**
**Calicut-27**

**Mob: SAHIR**
**9895 999 100**
**9349 666 100**



ആശംസകളോടെ...



**ആത്മപ്രഭാലയ**

**ബനാന ചിപ്സ് സെന്റർ**



**കളിപ്പൊയ്ക, പി.ഒ. കോട്ടൂളി, കോഴിക്കോട്-16**

**ഫോൺ: 9744960052**






**Ammu Distributors**
Joudha Building, 5/2697, Rajeev Nagar Colony
Near Swimming Pool, Calicut - 673 004
Suresh Babu M. (Managing Partner) 9447722358
9446582358, 9495922358, Off : 0495-3550084
E-mail: ammudistributors01@gmail.com
Authorised OF: BALCO

PVC Pipes, Conduits & Solvent Cement
From AN ISO 9001 : 2015 Company

India's No - 1
**AKSHAYA WATER PROOFING**
29 - 851, Kottooli,Mavoor Road, Kozhikode - 673016
Mob : P.P. PRADEEP - 9447312616, 9037940457
E-Mail : aakshayawaterproof@gmail.com



ചോർച്ചയിൽ നിന്നും എന്നന്നേക്കും മോചനം ഗ്യാരിയോടുകൂടി ചെയ്തുകൊടുക്കുന്നു.

**ശ്രീമുത്തപ്പൻ ഓം ശ്രീ സായ്റാം**

കൊളത്തായ് കോംപ്ലക്സ്,
പാലാഴി പാല, കോഴിക്കോട്
ഫോൺ: 9061434339, 9497752475

**ടൂൾസുകൾ വാടകയ്ക്ക്**
കട്ടിംഗ് മെഷീൻ, സാൻട്രിംങ്ങ് മെഷീൻ, ഡ്രിൽ, കംപ്രസ്സർ.
വെൽഡിംങ്ങ് മെഷീൻ, കോൺക്രീറ്റ് കട്ടിംഗ് മെഷീൻ
തുടങ്ങിയ വിവിധ ടൂൾസ് ,മെഷീനുകൾ വാടകയ്ക്ക്


**ന്യൂ കാലിക്കറ്റ് ഓട്ടോ മൊബൈൽ വർക്ക് ഷോപ്പ്**

മൂരിയാട് റോഡ്
പുതിയപാലം
കോഴിക്കോട്

ഫോൺ : മണി 9846386998
കാർ സ്പ്രേപെയിന്റിങ്ങ്,
ബോഡി വർക്സ്, എഞ്ചിനിയറിംഗ് വർക്സ്

**GLAMOUR GENTS WEAR**


**Whole Sale & Retail**
**Mankave,**
**Calicut - 7**
**Mob: 9847756569, 8891901404**


**Pants, Jeans, Shirt, T. Shirts etc...**


## മക്കയ്യൻ

പേജ് 37 -ൽ നിന്ന് തുടർച്ച

അങ്ങിനെ ഇരിക്കയാണ് ഭാര്യയ്ക്ക് ഒരു കത്ത് കിട്ടുന്നത്. അത് കാശിയിൽ നിന്നുള്ള കത്ത് ആയിരുന്നു. അതിന്റെ കൂടെ ഒരു മണി ഓർഡർ ഉണ്ടായിരുന്നു. അഞ്ചലോട്ടക്കാരൻ ബീരാൻ മാപ്പിള ആണ് മക്കയ്യന്റെ കത്തും പണവും വന്ന വിവരം നാട്ടിൽ പറഞ്ഞത്. ഇതോടെ മക്കയ്യൻ ജീവിച്ചിരിപ്പുണ്ടെന്ന് മാലോകർ അറിഞ്ഞു. അവരുടെ ഭീതിയും തിരിച്ചു വന്നു. അങ്ങിനെ മക്കയ്യന്റെ പെണ്ണിന് മൂന്ന് രൂപ ഓരോ മാസവും മണിയോർഡർ വരാൻ തുടങ്ങി. ഒരു മാസത്തേക്കുള്ള ചിലവിനുള്ള പണം. ഇതോടെ മക്കയ്യൻ ഭാര്യയോട് സ്നേഹമുള്ളവനായി. അവൻ ചെയ്ത പാപങ്ങളെല്ലാം നാട്ടുകാർ മറന്നു. പിന്നീട് കത്തുകൾ ഒന്നും വന്നില്ല എങ്കിലും ഒരു വർഷത്തോളം കാലം മണിയോർഡറുകൾ പെണ്ണിന് കിട്ടികൊണ്ടിരുന്നു. ഈ പണം കൊണ്ട് അവർ സ്വതന്ത്രമായി സന്തോഷത്തോടെ ജീവിച്ചു. ഒടുവിൽ മക്കയ്യന്റെ മണിയോർഡറുകൾ വരാതെയായി. അതോടെ ആ പെണ്ണ് മക്കയ്യന്റെ കൂടെ ഈർച്ച പണിക്ക് പോയിരുന്ന ചെറിയക്കൻ എന്ന ഭാസ്ക്കരന്റെ കൂടെ കൂടി. അയാൾക്ക് കൂപ്പിലാണ് ജോലി. കൂപ്പിൽ നിരവധി പണിക്കാരുണ്ട്. അവർക്ക് ഭക്ഷണമുണ്ടാക്കലാണ് പണി. അങ്ങിനെ ഭാസ്കനും മക്കയ്യന്റെ പെണ്ണും ഒന്നിച്ചു. മക്കയ്യനെ എല്ലാവരും മറന്നു. ഭാര്യ ഭാസ്കരന്റെ പെണ്ണായി. അവർ ഭാസ്കരന്റെ രണ്ട് കുട്ടികളെ പെറുകയും ചെയ്തു. അതോടെ നാട്ടുകാരും മക്കയ്യനെ മറന്നു. എന്നാൽ ഒരു എഴുത്തുകാരൻ എന്ന നിലയ്ക്ക് എനിക്ക് എന്റെ കഥാപാത്രത്തെ മറക്കാൻ കഴിയുമോ? ഞാൻ മക്കയ്യനെ അന്വേഷിച്ചുള്ള യാത്രയിൽ ആയിരുന്നു. ഒടുവിൽ ഞാൻ ആ സത്യം കണ്ടെത്തുകയും ചെയ്തു. കോൺഗ്രസ്സുകാരൻ ആയിരുന്നില്ല എന്നു പറഞ്ഞതാണ്. പക്ഷേ എന്തിനേയും ചോദ്യം ചെയ്യുന്ന സ്വഭാവം ഉണ്ടായിരുന്നു. ഇത് അവനെ നിരന്തരം ക്രൂരതകൾ ചെയ്യാൻ പ്രേരിപ്പിക്കുന്ന അധികാരികളോടും ചോദ്യമുന്നയിക്കാൻ പ്രേരിപ്പിച്ചു. ആ ചോദ്യം ചെയ്യൽ അധികാരികൾക്ക് പിടിച്ചില്ല. അവൻ മക്കയ്യനെ അടിച്ചു. മക്കയ്യൻ തിരിച്ചടിച്ചതും പെട്ടന്നായിരുന്നു. അധികാരി നിലത്തു വീണു. ഇത് കണ്ടഅധികാരിയുടെ മക്കൾ തോക്കിന്റെ പത്തി കൊണ്ട് മക്കയ്യനെ പിന്നിൽ നിന്നടിച്ചു. ബോധം പോയ മക്കയ്യനെ പഞ്ചസാര ചാക്കിലിട്ട് ജീവനോടെ കത്തിച്ചു കളഞ്ഞു. നാട്ടുകാരുടെ ഭയമായിരുന്ന മക്കയ്യൻ ഭയമായി തന്നെ കാലത്തെ അതിജീവിക്കുന്നു.

<>

# പരസ്യങ്ങൾ ആവശ്യമുണ്ട്












**വർഷത്തിൽ 4 മാസങ്ങളിലായി (ഇടവിട്ട 3 മാസങ്ങളിൽ) പ്രസിദ്ധികരിക്കുന്ന RNI രജിസ്ട്രേഷനുള്ള നക്ഷത്രരാജ്യം ത്രൈമാസികയിൽ 200 രൂപ പ്രകാരം (4 × 200 = 800) <> പേജ് 1 ൽ 10 ബോക്സ്<> 1 വർഷം പരസ്യം ചെയ്യുവാൻ ആഗ്രഹമുള്ള വ്യവസായ, കച്ച വട സ്ഥാപനങ്ങളും, കുടിൽ വ്യവസായ സംരംഭകരും നേരിട്ടോ ഫോണിലൂടെയോ ബന്ധ പ്പെടുക.**

**മൊത്തം 1 വർഷത്തേക്ക് ഒന്നിച്ച് പണം അടക്കേണ്ടതായില്ല. പരസ്യം പ്രസിദ്ധം ചെയ്ത ത്രൈമാസ ബിൽ കാലയളവിൽ 200 രൂപ പ്രകാരം അടച്ചാലും മതിയാകും.**

**Black / White മറ്റു പരസ്യങ്ങൾ:-**

| | |
|---|---|
| 78 mm × 72 mm(ഒരു പേജിൽ 6 എണ്ണം) | RS. 400/- |
| 155 mm × 55 mm(ഒരു പേജിൽ 4 എണ്ണം) | RS. 650/- |
| Half page | RS. 800/- |
| Full page | RS. 1,500/ |








ഫോൺ : 9847649567, 9744233997

മാനേജിംഗ് എഡിറ്റർ


നക്ഷത്രരാജ്യം ത്രൈമാസിക

P.B : No. 1205, Mankave P.O., Kozhikode-673 007
















Printed, Published and owned by E. Radhakrishnan on behalf of E. Radhakrishnan (name of owner) Edoli House, Kommeri P.O, P.B. No. 1205, Mankave Post Office, Kozhikode District in Kerala state, India Pin: 673007 and printed at Redstar Printers, Calicut for Geethanjali web offsets, Geethanjali building, NH 17, Kundayithode, Kolathara P O, Kozhikode - 673055 and published at Kozhikode- Editor E. Radhakrishnan.




വളയനാട് ആർട്സ് നക്ഷത്രരാജ്യം സോങ്ങ്സ് & ലിറ്ററേച്ചർ ക്രീഷൻസ്
ഇ. രാധാകൃഷ്ണൻ കൊമ്മേരി അവതരിപ്പിക്കുന്ന




നാടകം ബുക്കിങ്ങിനും അന്വേഷണങ്ങൾക്കും : ഇ രാധാകൃഷ്ണൻ കൊമ്മേരി
വളയനാട് ആർട്സ് നക്ഷത്രരാജ്യം സോങ്ങ്സ് & ലിറ്ററേച്ചർ ക്രീയേഷൻസ്, മാങ്കാവ്, കോഴിക്കോട് 7
Phone : 9847 649 567, 9744 233 997 E-mail: nakshathrarajyam@gmail.com

VOL: 3, ISSUE: 13
RNI REG NO. : KERMAL16195

NAKSHATHRARAJYAM
TRI-MONTHLY (QUARTERLY)

2021 AUGUST, SEPTEMBER, OCTOBER
RS. 10/-

## മഹാലക്ഷ്മി പൂജാമഠം

മാങ്കാവ്, കോഴിക്കോട് – 673 007



**ശത്രുദോഷം, തടസ്സം, വശ്യം, വേർപിരിഞ്ഞ ഭാര്യഭർത്താക്കന്മാരെ ഒന്നിപ്പിക്കൽ, മറ്റുള്ള എല്ലാ പ്രശ്നങ്ങൾക്കും**

**8943 77 40 60**
**9846 54 40 60**

പൂജാമഠത്തിലേക്ക് ജ്യോതിഷവും പൂജയും അറിയുന്ന ആളുകളെ ആവശ്യമുണ്ട്.
താമസം, ഭക്ഷണം ഉണ്ടായിരിക്കും.

**9846 77 40 60, 8943 77 40 60, 9846 54 40 60**

E- mail: lambooscameras@gmail.com







## LAMBOOS

### DIGITAL CAMERAS AND ACCESSORIES

17/502 A2, Mughal Arcade,
Behind Chemmanur Jewellery,
I.G. Link Road, Kozhikode,
Kerala 673004
Mob: 9745 25 26 40, 7034 88 77 66

25/562 & 19/20, 1st Floor,
Mannil Arcade, Shornur Road,
Palakkad,
Kerala 678014
Mob: 9142 115 115

32/1638/29, 1st Floor, Vavas Mall
Calicut-Ooty Bypass Road,
Perinthalmanna, Malappuram
Mob: 7034 288 488, Email: lambooscameraspmna@gmail.com



Printed, published and owned by E.Radhakrishnan on behalf of E.Radhakrishnan (name of owner) Edoli House, Kommeri, P B No.1205,Mankavu P O, Kozhikode District in Kerala State, India Pin:673007 and printed at Redstar Printers, Calicut for Geethanjali Web Offsets, Geethanjali Bldg., NH-17, Kundayithode, Kolathara P.O., Kozhikode-673055 and Published at Kozhikode, Editor E.Radhakrishnan.